# Trichur Archdiocesan Bulletin

ഒക്ടോബർ 2018
വാല്യം: 85 ലക്കം: 10



(മത്തായി 13: 1-9 വിതക്കാരന്റെ ഉപമ)

TAB



2018 സെപ്റ്റംബർ 8 നു കൂദാശയും പ്രതിഷ്ഠാകർമ്മവും നിർവഹിക്കപ്പെട്ട
പീച്ചി ലൂർദ്ദ് നാഥാ ഇടവക ദൈവാലയം



Trichur Archdiocesan Bulletin TAB

ESTD:1934


**ഒക്ടോബർ 2018**

ലക്കം : 10 വാല്യം : 85

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

Fr. Francis Aloor
*Chief Editor*

Fr. Nysson Alanthanath
*Executive Editor*

*Design*
Smriti design.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


ഈ ലക്കത്തിൽ


| | |
|---|---|
| സർക്കുലർ | 4 |
| കച്ചേരിക്കാര്യം | 20 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 22 |
| സഹായമെത്രാന്റെ പരിപാടികൾ | 23 |
| നാളാഗമം | 25 |
| നാമകരണ നടപടികൾ | 32 |
| സാമ്പത്തിക കാര്യാലയം | 34 |
| വൈദികർ | 35 |
| സന്യസ്തർ | 37 |
| അതിരൂപത തീർത്ഥകേന്ദ്രം | 41 |
| മതബോധനം | 43 |
| സ്ഥാപനങ്ങൾ | 53 |
| സംഘടനകൾ | 76 |



2666/2018/S/ABP
Order No: 1838/2018
C-11
11/Sep/2018

# സർക്കുലർ

## പ്രളയ ദുരിതബാധിതരെ സഹായിക്കുക

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, വത്സല മക്കളേ,

1. 1924നുശേഷം കേരളം കണ്ട ഏറ്റവും വലിയ പ്രളയദുരന്തം 2018 ആഗസ്റ്റ് മാസത്തിലാണ് ഉണ്ടായത്. അതിന്റെ ഫലമായുണ്ടായ മഴക്കെടുതിയും ജലപ്രളയവും ഉരുൾപ്പൊട്ടലും രോഗങ്ങളും കേരളജനതയ്ക്കു വരുത്തിയ നാശനഷ്ടങ്ങൾ വളരെ വലുതാണ്. കേരളത്തിന്റെ അതിജീവനത്തിന് സർക്കാരിനോടും മറ്റു സന്നദ്ധ സംഘടനകളോടും ചേർന്ന് ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ ആഹ്വാനം ചെയ്യാനാണ് ഞാൻ ഈ സർക്കുലർ എഴുതുന്നത്.

2. മഴക്കെടുതിയിൽ ദുരിതാശ്വാസത്തിന് കേരള കത്തോലിക്കാസഭ ആത്മാർത്ഥമായി മുൻനിരയിൽ ഉണ്ടായിരുന്നു എന്നത് നമുക്ക് അഭിമാനത്തോടെ പറയാവുന്ന കാര്യമാണ്. നമ്മുടെ അതിരൂപ

തയിൽ നിന്നും ദുരിതാശ്വാസത്തിനായി ഭക്ഷ്യവസ്തുക്കളും അവശ്യസാധനങ്ങളും വയനാട്ടിലേക്കും, കുട്ടനാട്ടിലേക്കും പാലക്കാട്ടേക്കും കൊണ്ടുപോകുകയുണ്ടായി. ആഗസ്റ്റ് 15 മുതൽ തൃശ്ശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വളരെപ്പെട്ടെന്ന് വെള്ളം പൊങ്ങിയപ്പോൾ ഏകദേശം മൂന്നു ലക്ഷത്തോളം ആളുകൾ (എല്ലാ മതസ്ഥരും ഉൾപ്പെടെ) നമ്മുടെ അതിരൂപതാതിർത്തിയിൽത്തന്നെ പ്രളയക്കെടുതിയിലകപ്പെട്ടു. അതിൽ ഒന്നര ലക്ഷത്തോളം പേർ വിവിധ ക്യാമ്പുകളിൽ താമസിക്കേണ്ടി വന്നു. സംലഭ്യമായ കണക്കനുസരിച്ച് തൃശ്ശൂർ അതിരൂപതയിലെ 140–ഓളം ഇടവകകളെ പ്രളയം ബാധിച്ചു. കത്തോലിക്കാസഭയുടെ സ്ഥാപനങ്ങളിൽ 90–ഓളം ക്യാമ്പുകൾ പ്രവർത്തിക്കുകയുണ്ടായി. അമ്പതിലധികം ദുരിതാശ്വാസ ക്യാമ്പുകളിൽ ഞാൻ സന്ദർശനം നടത്തിയപ്പോൾ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ ഓടിയെത്തിയ അതിരൂപതയിലെ വൈദികരെയും സന്യസ്തരെയും അത്മായരെയും പ്രത്യേകിച്ച് യുവജനങ്ങളെയും കാണുവാൻ സാധിച്ചു. വളരെ ജാഗ്രതയോടെ ആത്മാർത്ഥമായി പ്രവർത്തിച്ച അവരെയെല്ലാം ഹൃദയത്തിന്റെ ഭാഷയിൽ അഭിനന്ദിക്കുവാനും അവരോട് നന്ദി പറയുവാനും ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

3. നമ്മുടെ അതിരൂപതയിലെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നാം നൽകിയിട്ടുള്ള പേര് സേവ് തൃശ്ശൂർ (SAVE THRISSUR) എന്നാണ്. 3 ഘട്ടങ്ങളായിട്ടാണ് ദുരിതാശ്വാസപ്രവർത്തനങ്ങൾ നാം നടത്തികൊണ്ടിരിക്കുന്നത്.

**ഒന്നാംഘട്ടം**

പ്രളയകാലത്ത് നാം ചെയ്തവയാണ്. താഴെ പറയുന്ന കാര്യങ്ങൾക്കാണ് നാം ഊന്നൽ കൊടുത്തത്.

a) പ്രളയബാധിതരായിട്ടുള്ളവരെ രക്ഷിക്കുകയും ക്യാമ്പിലെത്തിക്കുകയും ചെയ്യുക.

b) ക്യാമ്പുകളിൽ ആവശ്യമായ ഭക്ഷണം, വസ്ത്രം, മരുന്നുകൾ മുതലായവ ഏകദേശം 141

ക്യാമ്പുകളിൽ സാന്ത്വനം വഴിയും മറ്റു ക്യാമ്പുകളിൽ ഇടവകക്കാരുടെ നേതൃത്വത്തിലും എത്തിക്കുകയുണ്ടായി.

c) ക്യാമ്പുകളിൽ നിന്ന് വീടുകളിലേക്ക് തിരിച്ചു പോകുമ്പോൾ കുടുംബങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ ഉൾപ്പെടുന്ന ഏകദേശം 4000 രൂപ വരുന്ന 5000ലധികം ആശ്വാസ കിറ്റുകളും വസ്ത്രങ്ങൾ തുടങ്ങിയ സാധനങ്ങൾ ഉൾപ്പെടെ 2250 മറ്റ് കിറ്റുകളും അതിരൂപതയിൽ നിന്ന് ഇടവകകൾ വഴി, ജാതിമതഭേദമെന്യേ പലർക്കായി നൽകുകയുണ്ടായി. ഇതുപോലുള്ള ആശ്വാസകിറ്റുകൾ പല ഇടവകകളും ഇടവകാതിർത്തിയിലുള്ളവർക്കും ചാലക്കുടി, മാള പ്രദേശങ്ങളിലുള്ളവർക്കും കുട്ടനാട് പ്രദേശങ്ങൾക്കും കൊടുക്കുകയുണ്ടായി.

d) പ്രളയജലം ഇറങ്ങി തുടങ്ങിയപ്പോൾ മുതൽ രൂപതയ്ക്കകത്തും പുറത്തുമുള്ള മലീമസമായി തീർന്ന വീടുകളും പള്ളികളും ഡിവൈൻ ധ്യാനകേന്ദ്രം, ക്രിസ്റ്റീന ഹോം തുടങ്ങിയ സ്ഥാപനങ്ങളും വൃത്തിയാക്കാൻ നമ്മുടെ അതിരൂപതയിലെ യുവജനങ്ങളും അതോടൊപ്പം സന്യസ്തരും വൈദികരും അത്മായനേതാക്കളും ചെയ്ത വലിയ സേവനത്തെ നന്ദിയോടെയാണ് ഓർക്കുന്നത്.

**രണ്ടാംഘട്ടം:**

സേവ് തൃശ്ശൂരിന്റെ രണ്ടാം ഘട്ടം പ്രളയദുരന്തത്തിന് ശേഷം കെടുതികൾ ബാധിച്ച വ്യക്തികൾക്കും കുടുംബങ്ങൾക്കും ഏറ്റവും അത്യാവശ്യസഹായങ്ങൾ നൽകുക എന്നതാണ്. എലിപ്പനിപോലെയുള്ള പകർച്ചവ്യാധികൾ ബാധിച്ചവർ, ഉറ്റവരെ നഷ്ടപ്പെട്ടവർ, ഉടുവസ്ത്രങ്ങളും ഗൃഹോപകരണങ്ങളും പാഠപുസ്തകങ്ങളുമടക്കം അവശ്യ സാധനങ്ങൾ പലതും നഷ്ടപ്പെട്ടവർ അങ്ങനെ തകർച്ചയിൽ തളർന്നു നില്ക്കുന്നവരുടെ പട്ടിക നീണ്ടുപോകുന്നു. അവരെ ആശ്വസിപ്പിക്കാനുള്ള പദ്ധതിയാണ് സേവ് തൃശ്ശൂർ. 2018 സെപ്തംബർ 5ന് തൃശ്ശൂർ മേയർ ഈ പദ്ധതി ഉദ്ഘാടനം ചെയ്തു. സേവ് തൃശ്ശൂരിൽ താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

a) മൊബൈൽ ക്ലീനിക് : അതിരൂപതയിലെ രണ്ട് മെഡിക്കൽ കോളേജുകളടക്കം 11 ആശുപത്രികളുടെ നേതൃത്വത്തിൽ

8 ആംബുലൻസുകളുമായി ഡോക്ടർമാരടക്കമുള്ള ടീം സൗജന്യ മെഡിക്കൽ ചെക്കപ്പും സൗജന്യമരുന്നും നൽകിക്കൊണ്ട് ദിവസം 16 സെന്ററുകളിലായി ഏകദേശം 85 കേന്ദ്രങ്ങളിൽ പ്രവർത്തിച്ചു. കൂടാതെ സ്ഥിരമായി 12 ക്ലീനിക്കുകളും അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. മൊബൈൽ ക്ലീനിക്കിലൂടെ തന്നെ ഏകദേശം ഇരുപതിനായിരത്തിലധികം പേർക്ക് പ്രളയ ബാധിത പ്രദേശങ്ങളിൽ സൗജന്യ ചികിത്സ നാം നൽകുകയുണ്ടായി.

b) ശുദ്ധീകരണപ്രവർത്തനങ്ങൾ: പ്രളയത്തിൽ നശിച്ചുപോയ കിണറുകളുടെ ശുദ്ധീകരണത്തിനായി നമ്മുടെ സ്ഥാപനങ്ങളുടെ, പ്രത്യേകിച്ചും ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, സെന്റ് മേരീസ് കോളേജ് എന്നിവയുടെ, നേതൃത്വത്തിൽ വളരെയേറെ സ്ഥലങ്ങളിൽ കിണറുകളുടെ വാട്ടർ ടെസ്റ്റിംഗ് നടത്തുകയുണ്ടായി.

c) Psycho-Social Intervention: പ്രളയക്കെടുതിയിൽ മാനസിക സംഘർഷത്തിലായിരിക്കുന്നവരെ (Post Traumatic Stress Disorder - PTSD) സഹായിക്കുന്നതിന് വേണ്ട ബൃഹത്തായ പദ്ധതിയാണ് അതിരൂപത ആവിഷ്കരിച്ചിരിക്കുന്നത്. നിരാശയിലായിരിക്കുന്നവർക്ക് പ്രത്യാശ നൽകുന്നതിനുവേണ്ടി സി. ആർ. ഐ. യുടെ നേതൃത്വത്തിൽ ബഹു. സിസ്റ്റേഴ്സിനെ വേലൂരിലെ FATRIയുടെയും പൊതുവായി ജൂബിലി മിഷൻ ആശുപത്രിയുടെയും നേതൃത്വത്തിൽ ഒരുക്കുകയുണ്ടായി. ബഹു. സിസ്റ്റേഴ്സ് തന്നെ 200ലധികം പേർ ഇപ്പോൾ വിവിധ ഇടവക കേന്ദ്രമാക്കി പ്രളയബാധിത വീടുകൾ സന്ദർശിച്ച് ഇപ്പോൾ ആശ്വാസം നൽകികൊണ്ടിരിക്കുകയാണ്.

d) ആരോഗ്യബോധവത്കരണ പരിപാടികൾ (Health Awareness Initiatives): പ്രളയാനന്തര രോഗങ്ങളെ കുറിച്ചും വീടുകളും പരിസരങ്ങളും ശുചിയാക്കി സൂക്ഷിക്കുന്നതിനെ കുറിച്ചും വരുംതലമുറയെ പ്രതിസന്ധികൾ നേരിടാൻ ഒരുക്കുന്നതിനെ കുറിച്ചും അതിജീവനമാർഗ്ഗങ്ങളെ കുറിച്ചും ബോധവത്കരണ പരിപാടികളും ഇതോടൊപ്പം ആവിഷ്കരിച്ചിട്ടുണ്ട്.

**മൂന്നാം ഘട്ടം:**

4. പുനരധിവാസം (Rehabilitation): പ്രളയ അതിജീവനത്തിന്റെ മൂന്നാംഘട്ടം പുനരധിവാസമാണ്. സർക്കാർ സംവിധാനങ്ങളോട് സഹകരിച്ച് നമ്മുടെ കഴിവിന്റെ പരമാവധി പുനരധിവാസപ്രവർത്തനങ്ങൾ

നടത്താൻ നാം ആഗ്രഹിക്കുകയാണ്. താഴെ പറയുന്ന പദ്ധതികളാണ് അതിരൂപതവഴി ചെയ്യാൻ നാം പ്രധാനമായും ഉദ്ദേശിക്കുന്നത്.

a) ഉപജീവനമാർഗ്ഗങ്ങൾക്ക് സഹായിക്കുക. കൃഷി വീണ്ടും തുടങ്ങുക. ഉപവജീവന മാർഗ്ഗങ്ങളായ വളർത്തു മൃഗങ്ങളെ വാങ്ങിക്കുക, ചെറുകിട തൊഴിൽ സംരഭം, യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം (Skill development) തുടങ്ങിയവയ്ക്ക് സഹായിക്കുക എന്നിവയാണ് ഇക്കാര്യത്തിൽ നാം പ്രധാനമായും ചെയ്യാൻ ഉദ്ദേശിക്കുന്നത്,

b) അതിരൂപതയിലെ പള്ളികളിൽ നിന്ന് ലഭിച്ച കണക്കനുസരിച്ച് നമ്മുടെ ഇടവകാതിർത്തികളിൽ മുഴുവനായും തകർന്ന അറുന്നൂറിലധികം വീടുകളും ഭാഗികമായി തകർന്ന രണ്ടായിരത്തോളം വീടുകളുമാണുള്ളത്. അതിനാൽ സേവ് തൃശ്ശൂരിന്റെ മൂന്നാം ഘട്ടത്തിൽ ഊന്നൽ കൊടുക്കേണ്ടത് പുതിയ വീടുകളുടെ നിർമ്മാണമോ തകർന്ന വീടുകളുടെ പുനരുദ്ധാരണമോ ആണ്.

5. സാമ്പത്തിക സ്രോതസ്സുകൾ

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നാം നടത്തിയ പ്രാഥമിക സർവ്വേയിൽ നിന്നും മനസ്സിലാക്കുന്നതനുസരിച്ച് നമ്മുടെ അതിരൂപതയിൽ വന്ന നഷ്ടം കണക്കിലെടുക്കുമ്പോൾ കേടുപാടുകൾ തീർക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി അതിരൂപതയിൽത്തന്നെ ഏകദേശം 135 കോടിയുടെ ആവശ്യമുണ്ട്. സർക്കാർ സംവിധാനങ്ങളോട് നാം പൂർണ്ണമായും സഹകരിച്ചുകൊണ്ട് പ്രളയക്കെടുതിയിൽ കഴിയുന്നവരെ സഹായിക്കാനായി താഴെ പറയുന്ന ഏതാനും മാർഗ്ഗങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

a) കേരളത്തിൽ അതിവർഷവും പ്രളയവും ആരംഭിച്ച ഉടൻ ത്തന്നെ 2018 ആഗസ്റ്റ് 15നോ അത് കഴിഞ്ഞു വരുന്ന ഞായറാഴ്ചയോ പ്രത്യേക പിരിവ് എടുക്കാൻ ഞാൻ ആഹ്വാനം ചെയ്തിരുന്നു. മേൽപ്പറഞ്ഞ തരത്തിൽ സംഖ്യ പിരിച്ചെടുത്ത് അത് ഇടവകയിലെ ദുരിതാശ്വാസ പ്രവർത്തങ്ങൾക്കായി ഉപയോഗിച്ചവരേയും അതിരൂപതയിലേയ്ക്കും സാന്ത്വനത്തിലേക്കും അയച്ചുതന്നവരെയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

b) മറ്റ് ധനാഗമ മാർഗ്ഗങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നവ താഴെ പറയുന്നവയാണ്.

1. അതിരൂപതയിലെ വൈദികർ അവരുടെ ഒരു മാസത്തെ അലവൻസ് (7000 രൂപയും ഭക്ഷണ അലവൻസ് 3000

രൂപയും കൂട്ടി ആകെ 10,000 രൂപ) ദുരിതാശ്വാസത്തിന് നൽകാം എന്ന് സ്വമേധയാ സമ്മതിച്ചിട്ടുണ്ട്.

2. വീട് പണിയുന്നതിന് സ്ഥല മില്ലാത്തവർക്ക് സ്ഥലവും വീട് നിർമ്മാണത്തിന് ആവശ്യമായ പണവും സംഭാവനയായി നൽകുന്നതിന് ആഹ്വാനം ചെയ്യുന്നു.

3. Twinning Programme : ഒരു കുടുംബം മറ്റൊരു പ്രളയ ബാധിത കുടുംബത്തെ സഹാ യിക്കുക: ഒരു ഇടവക മറ്റൊരു പ്രളയ ബാധിത ഇടവകയെ സഹായിക്കുക. ഒരു വിദ്യാർ ത്ഥി പ്രളയക്കെടുതിയനുഭവി ക്കുന്ന മറ്റൊരു വിദ്യാർത്ഥിയെ സഹായിക്കുക. ഒരു വ്യാപാരി പ്രളയ ദുരിതത്തിൽ അകപ്പെട്ട മറ്റൊരു വ്യാപാരിയെ സഹായി ക്കുക തുടങ്ങിയ സഹായ പദ്ധതികൾ നടപ്പിലാക്കാൻ ആഹ്വാനം ചെയ്യുന്നു.

4. ഒരു രൂപാ വിപ്ലവം (സേവ് തൃശ്ശൂർ നിധി): ഇടവകയും സ്ഥാപനവും വഴി അതിരൂപത യുടെ സാന്ത്വനം നൽകുന്ന കുടുക്കയിൽ (ഓരോ കുടും ബവും) ദിവസവും ഒരു രൂപ വച്ച് നിക്ഷേപിച്ച് വർഷത്തിൽ 365 രൂപയെങ്കിലും ശേഖരിച്ച്, അതിരൂപതയിലെ എല്ലാ കുടുംബങ്ങളും സ്ഥാപനങ്ങളും ദുരിതാശ്വാസ പ്രവർത്തന ങ്ങൾക്കായി സാന്ത്വനത്തെ ഏല്പിക്കുക.

5. സേവ് തൃശ്ശൂരിനായ് ഒരു ദിവസം പദ്ധതി: ഇടവകയിലെ തൊഴിലാളികളെ (ഉദാ.: പ്ലംബർ, ഇലക്ട്രീഷൻ, മേസൻ തുടങ്ങിയവർ) ഒരുമിച്ചു ചേർക്കുകയും ഒരു ദിവസത്തെ അവരുടെ അധ്വാനം സേവ് തൃശ്ശൂർ പദ്ധതിക്കായി സമർ പ്പിക്കാൻ പ്രോത്സാഹിപ്പിക്കു കയും ചെയ്യുക.

6. 2018ലെ ക്രിസ്തുമസ് കാരുണ്യ നിധി കവർ പരിവ് ഈ വർഷം സേവ് തൃശ്ശൂർ പദ്ധതിക്കായി ഉപയോഗിക്കുക. ക്രിസ്തുമസ് അവസരത്തിൽ ഏതെങ്കിലും ഒരു ഞായറാഴ്ച ഇടവകയിൽ കാരുണ്യദിനമായി ആചരിക്കു കയും അന്ന് ജനങ്ങളിൽ നിന്ന് ലഭിക്കുന്ന സംഭാവന കാരുണ്യ നിധി കവറുകളിൽനിന്നും ലഭി ക്കുന്ന സംഭാവനയോട് ചേർത്ത് അതിരൂപത കാര്യാലയത്തിൽ ഏല്പിക്കുകയും ചെയ്യുക.

7. ഓരോ ഇടവകയും പ്രളയ ബാധിതരെ സഹായിക്കാനുള്ള കമ്മറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മറ്റി പ്രവർത്തന ങ്ങൾക്ക് നേതൃത്വം വഹിക്കു കയും വേണം.

6. തിരുനാളുകൾ ലളിതമാക്കുക: പ്രളയക്കെടുതിയിൽപ്പെട്ടവ രോട് അനുഭാവം പ്രകടിപ്പി ക്കുന്നതിനും അവരെ സഹായി ക്കുന്നതിനുമായി ഒരു വർഷ ത്തെ (2019 ആഗസ്റ്റ് 15 വരെ)

ആഘോഷങ്ങൾ ആർഭാടരഹിതമാക്കുകയും തിരുനാളുകൾ ലളിതമാക്കുകയും ചെയ്ത് (ഉദാ. വെടിക്കെട്ട് ഇല്യുമിനേഷൻ തുടങ്ങിയവ ഒഴിവാക്കുക) ആഘോഷങ്ങൾക്കുള്ള സംഖ്യ ദുരിതാശ്വാസത്തിനായി നൽകുക. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

7. പ്രകൃതി സംരക്ഷണം: കേരളത്തിലുണ്ടായ പ്രളയവും വരാൻ പോകുന്നു എന്ന് പ്രവചിക്കപ്പെട്ടിരിക്കുന്ന കടുത്ത വരൾച്ചയും പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത നമ്മെ ഓർമ്മപ്പെടുത്തുന്നു.
8. റിപ്പോർട്ടിങ്ങ്: ഓരോ ഇടവകയും സ്ഥാപനവും സംഘടനയും സന്യാസസമൂഹവും ചെയ്യുന്ന പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൃത്യമായി അതിരൂപതയിൽ നിന്ന് നൽകുന്ന ഫോറത്തിൽ പൂരിപ്പിച്ച് ഒക്ടോബറിൽതന്നെ അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കുക. ഫോട്ടോകളും കണക്കുകളും archivestcr@gmail.com എന്നതിലേക്ക് ഇമെയിൽ ചെയ്യുക.

പ്രിയ സഹോദരീസഹോദരന്മാരേ, ദൈവത്തിലേക്ക് തിരിയാനുള്ള ആഹ്വാനം കൂടിയാണ് പ്രളയകെടുതി പോലുള്ള സംഭവങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നത്. പ്രകൃതിയെയും മനുഷ്യനെയും സൃഷ്ടിച്ച ദൈവത്തിന്റെ പദ്ധതികൾക്കനുസരിച്ച് നാം പ്രവർത്തിക്കണം. ദൈവത്തിലാശ്രയിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി പരിണമിക്കാതിരിക്കില്ല (റോമ. 8:28).

പ്രളയ ദുരിതമനുഭവിക്കുന്നവരെ ആശ്വസിപ്പിക്കാൻ നിങ്ങൾ ചെയ്യുന്ന എല്ലാ സേവനങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു. വേദനയിലായിരുന്ന എലിസബത്തിനെ ആശ്വസിപ്പിക്കാൻ തിടുക്കത്തിൽ ഇറങ്ങിത്തിരിച്ച (ലൂക്ക. 1:39) പരി. അമ്മയുടെ മാധ്യസ്ഥ്യം നിങ്ങൾ ഓരോരുത്തരുടെമേലും ഉണ്ടായിരിക്കട്ടെ. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

1. ഈ സർക്കുലർ 2018 സെപ്റ്റംബർ 23ന് അതിരൂപതയിലെ ഇടവക പള്ളികളിൽ വായിക്കേണ്ടതാണ്.
2. ഇതോടൊപ്പം പൂരിപ്പിക്കുവാനുള്ള സർവേ ഫോം നല്കുന്നു. അത് പൂരിപ്പിച്ച് ഒക്ടോബർ 30നു മുമ്പ് അതിരൂപതാ കാര്യാലയത്തിൽ ഏല്പിക്കുക.

N.B. ജലന്ധർ രൂപതാദ്ധ്യക്ഷനുമായി ബന്ധപ്പെട്ട് സഭയും സഭാനേതൃത്വവും വിശ്വാസസത്യങ്ങളും ആക്രമിക്കപ്പെടുന്ന ഇന്നത്തെ പശ്ചാത്തലത്തിൽ പ്രത്യേക പ്രാർത്ഥനകൾ എല്ലാ പള്ളികളിലും നടത്തേണ്ടതാണ്. +AT

2462/2018/S/ABP
Order No:1694/2018
C-8
25/Aug/2018

# സർക്കുലർ

## കേരളത്തിലെ മഹാപ്രളയത്തിൽ ദുരിതബാധിതർക്ക് നല്ല അയൽക്കാരാകുക

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത



മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

കഴിഞ്ഞ ദിവസങ്ങളിൽ കേരളത്തിലുണ്ടായ മഹാപ്രളയത്തിൽ നാം എല്ലാവരും ദുരിതബാധിതരായിരിക്കുകയാണ്. വേദനയുടെ നടുവിലും കേരളീയരായ നാം ഒറ്റക്കെട്ടായി നിന്ന് പ്രതിസന്ധികൾ പരിഹരിക്കാൻ പരിശ്രമിക്കുന്നു എന്നുള്ളത് ശ്ലാഘനീയമാണ്. നിങ്ങളോട് ഞാൻ ആഹ്വാനം ചെയ്തതുപോലെ സർക്കാരിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും ദുരിതാശ്വാസപ്രവർത്തനങ്ങളോട് നമ്മുടെ പള്ളികളും സ്ഥാപനങ്ങളും സംഘടനകളും സന്യാസസമൂഹങ്ങളും വളരെയേറെ സഹകരിച്ച് പ്രവർത്തിച്ചു എന്നുള്ളത് നമുക്ക് അഭിമാനകരമായ വസ്തുതയാണ്. അതിരൂപതയുടെ സാമൂഹ്യപ്രേഷിതകേന്ദ്രമായ സാന്ത്വനം വഴിയാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരിക്കുന്നത്. അതിരൂപതയിലെ ഭൂരിപക്ഷം പള്ളി–സ്ഥാപന ഹാളുകളും, സ്ക്കൂളുകളും ദുരതാ

ശ്വാസക്യാമ്പുകളായിരുന്നു. അവയിൽ ചിലത് ഇപ്പോഴും ക്യാമ്പുകളായിതന്നെ തുടരുന്നു. നിങ്ങളുടെ ത്യാഗപൂർണമായ പ്രവർത്തനങ്ങൾക്ക് ദൈവം സമൃദ്ധമായി പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കെ. സി. ബി. സി പ്രസിഡന്റ് ആർച്ച്ബിഷപ്പ് സൂസപാക്യം, മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി, സി.ബി.സി.ഐ.യുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ കാരിത്താസ് തുടങ്ങിയവർ അയച്ച സർക്കുലറുകളുടെ വിവരം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ (http://www.trichur archdiocese.org/downloads). മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കും സഭയുടെ ദുരതാശ്വാപ്രവർത്തനങ്ങൾക്കും നിങ്ങൾ അകമഴിഞ്ഞ് സംഭാവനകൾ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

അതിരൂപതയിലെ പള്ളികളും, സ്ഥാപനങ്ങളും, സന്യാസസമൂഹങ്ങളും ദുരതാശ്വാസക്യാമ്പുകൾക്ക് നല്കിയ വലിയ സേവനങ്ങൾക്ക് പുറമെ, വിഷമിക്കുന്നവർക്ക് അത്യാവശ്യമായ സാധനങ്ങളും ഭക്ഷണങ്ങളും അടങ്ങിയ ദുരിതാശ്വാസകിറ്റുകൾ അതിരൂപത നിർദ്ദേശംപോലെ വീടുകളിൽ എത്തിച്ചുകൊണ്ടിരിക്കുയാണ്. അതിരൂപതാ കേന്ദ്രത്തിൽ നിന്നും സാന്ത്വനത്തിന്റെ ആഭിമുഖ്യത്തിൽ മേൽ പറഞ്ഞ തരത്തിലുള്ള ദുരിതാശ്വാസകിറ്റുകൾ (അയ്യായിരത്തിനു മുകളിൽ) നൽകുകയുണ്ടായി. അതിരൂപത നേരിട്ടും പള്ളികൾ, സ്ഥാപനങ്ങൾ, സന്യാസസമൂഹങ്ങൾ തുടങ്ങിയവയും തലശ്ശേരി, രാമനാഥപുരം, പാലക്കാട് തുടങ്ങിയ രൂപതകളും, അത്മായരും ഔദാര്യപൂർവ്വം ദുരിതാശ്വാസത്തിനു അവശ്യസാധനങ്ങൾ നല്കുകയുണ്ടായി. വളരെ പെട്ടെന്നാണ് അതിരൂപതാകേന്ദ്ര കാര്യാലയം ദുരിതാശ്വാസ പത്തായപുരയായി മാറിയത്. വളരെയേറെ വൈദികരും, സന്യസ്തരും, അത്മായരും, പ്രത്യേകിച്ച് യുവജനങ്ങളും പ്രകടമാക്കിയ കഠിനപ്രയത്നത്തെ നന്ദിയോടെ സ്മരിക്കുന്നു. ഇപ്പോൾ നാം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് പ്രളയത്തിൽ കേടുപാടായ വീടുകളുടെ ശുചീകരണമാണ്. ഇടവക അടിസ്ഥാനത്തിൽ വളണ്ടിയർസേന രൂപീകരിച്ച് ഇക്കാര്യത്തിൽ നേതൃത്വം വഹിക്കണമെന്ന് ബന്ധപ്പെട്ട ഏവരോടും ഞാൻ ആഹ്വാനം ചെയ്യുന്നു.

മഹാപ്രളയത്തിന് ശേഷം കേരളം അതിജീവനത്തിന്റെ പാതയിലാണ്; പുതിയ തുടക്കം ആവശ്യമായിരിക്കുന്നു. കൃഷി, തൊഴിൽ, വ്യാപാരം തുടങ്ങിയവ നഷ്ടപ്പെ ട്ടവർ വളരെയാ

ണ്. വീടുകൾ ഇടിഞ്ഞ് വീണവയുടെയും കേടുപാടായതിന്റെയും എണ്ണം ഏറെയാണ്. പുനരിധിവാസപ്രവർത്തനങ്ങൾക്ക് സമഗ്രമായ പദ്ധതി തയ്യാറാക്കേണ്ടിരിക്കുന്നു. അത് ഇടവകതലത്തിലും അതിരൂപതതലത്തിലും ഏകോപിപ്പിക്കുവാൻ നിങ്ങളുടെ നേതൃത്വവും സഹകരണവും, സാമ്പത്തിക സഹായവും അഭ്യർത്ഥിക്കുന്നു. ഗവൺമെന്റ് തലത്തിലും, ത്രിതല പഞ്ചായത്തുകൾ വഴിയും നടപ്പിലാക്കുന്ന പുനരധിവാസപദ്ധതികളിൽ ഇടവക അതിർത്തിക്കുള്ളിൽ പ്പെടുന്ന, വീടും സമ്പാദ്യങ്ങളും നഷ്ടപ്പെട്ടവരെ ഉൾപ്പെടുത്തുവാൻ ഏവരും (പ്രത്യേകിച്ച് കത്തോലിക്കാ കോൺഗ്രസും) ശ്രദ്ധിക്കേണ്ടതാണ്.

പ്രളയകെടുതിയുടെ പശ്ചാത്തലത്തിൽ നാം ചെയ്യുന്ന പ്രവർത്തനങ്ങൾ, (ചിലവാക്കിയ സംഖ്യ യുടെ വിവരമടക്കം) കൃത്യമായി രേഖപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. അതിരൂപതയിൽനിന്ന് നൽകുന്ന ഫോറം അതിനായി ഉപയോഗിക്കേണ്ടതാണ്.

ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് ഏത് പ്രതിസന്ധിയേയും നന്മക്കായി പരിണമിപ്പിക്കാൻ സാധിക്കും (റോമ. 8:28). പഴയനിയമത്തിൽ കാണുന്ന യഹൂദജനതയുടെ പ്രതിസന്ധികൾ അവരെ ദൈവത്തിലേക്ക് അടുപ്പിക്കാൻ കാരണമായി. ഒരുവൻ ജന്മനാ അന്ധനായതിന്റെ കാരണവും (യോഹ. 9: 1–3), ശീലോഹായിലെ ഗോപുരം ഇടിഞ്ഞ് ഏതാനും പേർ മരിച്ചതിന്റെ കാരണവും (ലൂക്ക 13:1–5) അന്വേഷിച്ചവരോട് യേശു പറഞ്ഞത് ദൈവീകപദ്ധതിയിൽ വിശ്വസിച്ച് അവിടുന്നിൽ ആശ്രയിക്കാനാണ്. നമുക്കും ദൈവഹിതം നിറവേറ്റി കേരളത്തെ ആത്മീയമായും ഭൗതികമായും കെട്ടിപ്പടുക്കുന്നതിൽ ഒറ്റക്കെട്ടായി പ്രവർത്തിക്കാം. കേരളത്തിന്റെ ദേശീയോത്സവമായ ഓണത്തിന്റെ പശ്ചാത്തലത്തിൽ നാടിന്റെ ഐക്യത്തിനും വളരെ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്ന സഭയുടെ ഉന്നമനത്തിനും വേണ്ടി ഒരുമയോടെ വർത്തിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB. 1. ഈ സർക്കുലറിലെയും കെ. സി. ബി. സി പ്രസിഡന്റ്, മേജർ ആർച്ച്ബിഷപ്പ് എന്നിവർ നൽകിയ സർക്കുലറുകളുലെയും ആശയങ്ങൾ 2018 ഓഗസ്റ്റ് 26 നോ അതിന് സാധിച്ചില്ലെങ്കിൽ സെപ്തംബർ 2 ഞായറാഴ്ച്ചയോ കുർബാന മദ്ധ്യ ജനങ്ങളെ അറിയിക്കേണ്ടതാണ്.

2. ദുരിതാശ്വാസത്തിന്റെ വിവരശേഖര സർവ്വേ ഫോമുകൾ അതിരൂപത വെബ് സൈറ്റിൽ നിന്നും ഡൺലോഡ് ചെയ്ത് പൂരിപ്പിച്ച് സെപ്തംബർ 10നു മുമ്പ് അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

1698/2018
C- 9
27.08.2018

# സർക്കുലർ

## പാക്ട് - 1

### ഇടവക - ഫൊറോന തല പാക്ട് (Pastoral Animation and Coordination Team) രൂപീകരണവും അജപാലനപദ്ധതി തയ്യാറാക്കലും

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

യേശുവിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരങ്ങളേ,

നമ്മുടെ അതിരൂപതയുടെ മൂന്നാം അസംബ്ലി വിജയകരമായി പര്യവസാനിച്ചതിനു ശേഷം, അതിന്റെ തുടർനടപടികളെക്കുറിച്ച് അതിരൂപതാകുടുംബത്തെ അറിയിക്കുന്നതിനും ഏവരുടേയും സഹായസഹകരണങ്ങളും പങ്കാളിത്തവും അഭ്യർത്ഥിക്കുന്നതിനുമാണ് ഈ സർക്കുലർ എഴുതുന്നത്. മൂന്നാം അതിരൂപതാ അസംബ്ലി വിജയകരമായി പൂർത്തിയാക്കാൻ അനുഗ്രഹിച്ച നല്ല ദൈവത്തിന് സ്തുതിയും മഹത്വവും അർപ്പിക്കുന്നു. അസംബ്ലിയുടെ പ്രവർത്തനങ്ങളിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിലായി സഹകരിച്ച മൂന്നാം അതിരൂപതാ അസംബ്ലിയുടെ ഒരുക്ക സമിതി അംഗങ്ങൾ, പറോക്ക് അജപാലന ഗവേഷണ കേന്ദ്രം, ബഹു. വൈദികർ, സമർപ്പിതർ, അല്മായ നേതാക്കൾ, ഇടവക-യുവജന-സമർപ്പിത-വൈദിക-വൈദികവിദ്യാർത്ഥി അസംബ്ലികളിൽ പങ്കെ

ടുത്തവർ അവ സംഘടിപ്പിച്ചവർ, പ്രി അസംബ്ലിയിലും മൂന്നാം അതിരൂപതാ അസംബ്ലിയിലും പങ്കെടുത്തവർ വിവിധ കമ്മിറ്റികളിൽ പ്രവർത്തിച്ചുകൊണ്ട് അസംബ്ലി പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയവർ എന്നിവരോടുള്ള അതിരൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു. അഭൂതപൂർവ്വമായ വൈദിക–സമർപ്പിത–അല്മായ പങ്കാളിത്തമായിരുന്നു മൂന്നാം അതിരൂപത അസംബ്ലിയുടെ ഏറ്റവും വലിയ സവിശേഷത. ഈ കൂട്ടായ്മയും പങ്കാളിത്തവും അസംബ്ലിയുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്ന പ്രക്രിയയിലും ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. ഇതു സംബന്ധിച്ച് താഴെപറയുന്ന കാര്യങ്ങൾ നിങ്ങളുടെയെല്ലാവരുടേയും ശ്രദ്ധയിൽപ്പെടുത്തട്ടെ.

1. മൂന്നാം അതിരൂപതാ അസംബ്ലിയുടെ നിർദ്ദേശമനുസരിച്ച്, നമ്മുടെ അതിരൂപതയിൽ നടപ്പാക്കാനുള്ള അജപാലന പദ്ധതി തയ്യാറാക്കിവരികയാണ്. കുടുംബവും വിശ്വാസ ജീവിതവും നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ അതിരൂപതയിലെ ദൈവജനം നല്കിയതും അസംബ്ലി അംഗീകരിച്ചതുമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ്, വരുന്ന അഞ്ച് വർഷങ്ങളിലേക്കുള്ള അജപാലന പദ്ധതി തയ്യാറാക്കുന്നത്. അതിരൂപതാതല പാക്ടിലേക്ക് ഇതിനോടകം നിർദ്ദേശിക്കപ്പെട്ടവരെയാണ് ഈ ഉത്തരവാദിത്തം ഏല്പ്പിച്ചിരിക്കുന്നത്. അതിരൂപത–ഫൊറോന–ഇടവക–കുടുംബ തലങ്ങളിൽ നടപ്പാക്കേണ്ട വിവിധപ്രവർത്തനങ്ങളാണ് ഈ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. നമ്മുടെ അതിരൂപതയിലെ സ്ഥാപനങ്ങളും ഇടവകകളും സമർപ്പിത സമൂഹങ്ങളും പ്രസ്ഥാനങ്ങളും സംഘടനകളും ഈ അജപാലനപദ്ധതി ഉൾക്കൊണ്ടുകൊണ്ട് തങ്ങളുടെ കർമ്മമേഖലകളിൽ നടപ്പാക്കാനുള്ള അജപാലനപദ്ധതി തയ്യാറാക്കേണ്ടതാണ്.

2. അജപാലനപദ്ധതി നടപ്പാക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിനും പങ്കാളിത്ത അജപാലനം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി 2018 മാർച്ച് മാസത്തിൽ നൽകിയ എന്റെ ഇടയലേഖനത്തിൽ ആഹ്വാനം ചെയ്തിട്ടുള്ളതുപോലെയും മൂന്നാം അതിരൂപത അസംബ്ലിയുടെ നിർദ്ദേശമനുസരിച്ചും അജപാലന സമിതിയായ പാക്ട് (Pastoral Animation and Coordination Team) അതിരൂപതയിലെ എല്ലാ ഇടവകകളിലും ഒക്ടോബർ 15ന് മുമ്പ് രൂപീകരിക്കേണ്ടതാണ്. പാക്ടിന്റെ മാർഗ്ഗരേഖയനുസരിച്ച് തിരഞ്ഞെടുക്കപ്പെടുന്നവരും നാമനിർദ്ദേശം ചെയ്യപ്പെടുന്നവരുമായ അംഗങ്ങൾ ഉൾപ്പെടുന്ന ഈ സമിതി ഇടവകയുടെ പള്ളിയോഗത്തിന്റെ ഉപസമിതിയായി പ്രവർത്തിക്കേണ്ടതാണ്. ഈ സമിതി, മേൽ സൂചിപ്പിച്ച അതിരൂ

പത അജപാലന പദ്ധതിയുടേയും അതത് ഇടവകയുടെ അസംബ്ലി നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ 2019 ലേക്കുള്ള ഇടവകയുടെ അജപാലനപദ്ധതി, തയ്യാറാക്കി പള്ളി പ്രതിനിധിയോഗത്തിൽ/ പൊതുയോഗത്തിൽ അംഗീകാരത്തിനായി അവതരിപ്പിക്കേണ്ടതാണ്. പള്ളിയോഗം അംഗീകരിക്കുന്ന പ്രവർത്തനങ്ങൾ ഇടവകയിലെ കുടുംബകൂട്ടാ യ്മകൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ എന്നിവ വഴി നടപ്പിലാക്കാനും പരിശ്രമിക്കണം.

3. പ്രതിനിധിയോഗാംഗങ്ങളെ അവരുടെ അജപാലനദൗത്യനിർവ്വഹണത്തിൽ കൂടുതൽ പ്രാപ്തരാക്കുന്നതിനും പാക്ട് രൂപീകരിക്കാൻ സഹായിക്കുന്നതിനുമായി അതിരൂപതാ പാക്ടിന്റെയും പറോക്ക് അജപാലന ഗവേഷണ കേന്ദ്രത്തിന്റേയും നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പരിശീലനപരിപാടി പെ. ബഹു. ഫൊറോന വികാരിയച്ചൻമാരുടേയും പാക്ട് ഫൊറോന കൺവീനർമാരുടേയും നേതൃത്വത്തിൽ അതത് ഫൊറോനകളിലെ എല്ലാ ഇടവകകളിലും സെപ്തംബർ – ഒക്ടോബർ മാസങ്ങളിൽ നടത്തേണ്ടതാണ്. അതിനുവേണ്ട ക്രമീകരണങ്ങൾ തങ്ങളുടെ ഇടവകയിൽ ചെയ്യാൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ. ഇതിലേക്കായി പ്രതിനിധിയോഗത്തിന്റെ/പൊതുയോഗത്തിന്റെ പ്രത്യേക സമ്മേളനം വിളിച്ചുചേർക്കേണ്ടതാണ്. ബഹു. വികാരിയുടെ അദ്ധ്യക്ഷ തയിൽ സമ്മേളിക്കുന്ന ഈ സമ്മേളനത്തിൽ വെച്ച് പാക്ടിലേക്കുള്ള അംഗങ്ങളെ മാർഗ്ഗരേഖയനുസരിച്ച് തിരഞ്ഞെടുക്കേണ്ടതാണ്.

സ്നേഹമുള്ളവരേ, അതിരൂപതാ അസംബ്ലിയിൽ ആഹ്വാനം ചെയ്തതുപോലുള്ള കുടുംബകേന്ദ്രീകൃതമായ, പങ്കാളിത്ത സ്വഭാവത്തോടെയുള്ള അജപാലനപ്രവർത്തനങ്ങൾ നമ്മുടെ ഇടവകകളിൽ കൂടുതൽ ഉണ്ടാകട്ടെ. പാക്ട് നിരവധി സാധ്യതകൾ നമ്മുടെ മുമ്പിൽ നല്കുന്നു. അവ ശരിയായി ഉപയോഗപ്പെടുത്തിയാൽ ഇടവക അജപാലനം കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ എല്ലാവർക്കും സാധിക്കും എന്നതിൽ സംശയമില്ല. ദൈവജനത്തിന്റെ നന്മക്കായി ഓരോ ഇടവകയും ചെയ്യുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളെ സ്നേഹപൂർവ്വം ഓർക്കുന്നു. അവക്കു നേതൃത്വം നല്കുന്ന ബഹു. വികാരിയച്ചൻമാരേയും സമർപ്പിതരേയും അല്മായ നേതാക്കളേയും എല്ലാ കുടുംബങ്ങളേയും ദൈവസന്നിധിയിൽ അനുഗ്രഹത്തിനായി സമർപ്പിച്ച് പ്രാർത്ഥിച്ചുകൊണ്ട്,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

2631/2018/S/ABP
Order No:- 1809/2018
C-10
06/Sep/2018

# സർക്കുലർ

## വി. കുരിശിന്റെ പ്രയാണവും ഭാരതത്തിനു വേണ്ടിയുള്ള ജറീക്കോ പ്രാർത്ഥനയും

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത



യേശുവിൽ സ്നേഹമുള്ളവരെ,

വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആശംസകൾ ഏവർക്കും നേരുന്നു. നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്നവർക്കോ അത് ദൈവത്തിന്റെ ശക്തിയത്രേ (1കോറി. 1–18). അപമാനത്തിന്റേയും അവഹേളനത്തിന്റേയും ചിഹ്നമായ കുരിശിനെ യേശു തന്റെ കുരിശിലെ ബലിയർപ്പണത്തിലൂടെ രക്ഷയുടേയും അനുഗ്രഹത്തിന്റേയും അടയാളമായി മാറി. അങ്ങനെ ശത്രുവായ പിശാചിനെതിരായ ആത്മീയ ആയുധമായി കുരിശിനെ ഉയർത്തി. അതുകൊണ്ടാണ് വി. കുരിശിന്റെ അടയാളത്താൽ മുദ്രിതരാകുന്നവരും കുരിശു ധരിക്കുന്നവരും സംരക്ഷിക്കപ്പെടുന്നത്. വി. കുരിശിന്റെ വലിയ സംരക്ഷണം



എല്ലാ ദൈവമക്കൾക്കും ലഭിക്കട്ടെ യെന്ന് പ്രാർത്ഥിക്കുന്നു.

ഈ അവസരത്തിൽ, ഭാരത കത്തോലിക്ക മെത്രാൻ സമിതി യുടെ നിർദ്ദേശാനുസരണം അഖി ലേന്ത്യ കരിസ്മാറ്റിക്ക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിൽ ഇന്ത്യയിലെ 174 രൂപതകളിലെ കത്തീഡ്രലുകളിലായി വളരെ പ്രത്യേകമായ വിധത്തിൽ കുരിശിന്റെ പ്രയാണവും ഭാരത ത്തിനുവേണ്ടിയുള്ള ജറീക്കോ പ്രാർത്ഥനയും നടത്തുവാൻ തീരുമാനിച്ചു. നമ്മുടെ അതിരൂപ തയിൽ 2018 സെപ്റ്റംബർ 24 തിങ്കളാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ ലൂർദ്ദ് കത്തീഡ്രലിൽ വി. കുർബ്ബാന യോടുകൂടെയുള്ള പ്രാർത്ഥനാ ശുശ്രൂഷ നടത്തുവാൻ തീരുമാനി ച്ചിരിക്കുന്നു. പരിശുദ്ധ കത്തോ ലിക്ക സഭക്കുവേണ്ടിയും സവി ശേഷമായ വിധത്തിൽ ഭാരത സുവിശേഷ വത്കരണത്തിനു വേണ്ടിയും ഭാരത ജനതയുടെ സാഹോദര്യത്തിനും ക്ഷേമ ത്തിനും സുസ്ഥിതിക്കും വേണ്ടിയും ദൈവതിരുമുമ്പിൽ നിരന്തരം മാദ്ധ്യസ്ഥം വഹിക്കുക എന്ന വലിയ ലക്ഷ്യത്തോടെ ദൈവമക്കളെന്ന നിലയിൽ നമ്മുടെ ഏറ്റവും പ്രാധാന്യമുള്ള ഉത്തരവാ ദിത്വമാണ്. ആയതിനാൽ 24–ാം തിയ്യതി വി. കുരിശിന്റെ പ്രയാണ ത്തോടനുബന്ധമായി നടത്തുന്ന ജറീക്കോ പ്രാർത്ഥനയിൽ സാധിക്കുന്ന എല്ലാവരും പങ്കെടു ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഈ കാലഘട്ടത്തിൽ, പ്രളയ കെടുതി മൂലം കേരള ജനത വേദനിക്കുമ്പോൾ, ക്രൈസ്തവ വിശ്വാസവും, കൂദാശകളും മതമേലദ്ധ്യക്ഷന്മാരും മാധ്യമ വിചാരണചെയ്യപ്പെടുമ്പോഴും വിശ്വാസികൾ എന്ന നിലയിൽ നമുക്കുള്ള ഉന്നതമായ ദൗത്യ മാണല്ലോ മോശയെപ്പോലെ കരംവിരിച്ച് പ്രാർത്ഥിക്കാൻ നെഹമിയായെപ്പോലെ തന്റെ ദേശത്തിനുവേണ്ടി കണ്ണീരൊ ഴുക്കാൻ, പൗലോസിനെപ്പോലെ മറ്റുള്ളവരിൽ ക്രിസ്തു രൂപ പ്പെടുന്നതിനുവേണ്ടി ആത്മീയ നോവനുഭവിക്കാൻ, തൃശ്ശൂർ അതിരൂപതയിലെ മുഴുവൻ വിശ്വാസികളും വൈദികരും സിസ്റ്റേഴ്സും അമ്മായരും ഒന്നു ചേരുന്ന ഈ പ്രാർത്ഥനാകൂട്ടായ്മ ആത്മീയ ഉണർവ്വിന്റെ അനുഗ്രഹ പൂർണ്ണമായ അവസരമാകും. നമ്മുടെ അതിരൂപതയേയും ഇടവകകളേയും വൈദികരേയും സിസ്റ്റേഴ്സിനേയും മുഴുവൻ

വിശ്വാസികളേയും ദൈവതിരുമുമ്പിൽ സമർപ്പിക്കാം. കാലഘട്ടത്തിന്റെ എല്ലാ വെല്ലുവിളികളേയും അതിജീവിക്കാനുള്ള കൃപയും അനുഗ്രഹവും ലഭിക്കുന്നതിനായി നമുക്ക് ഒന്നുചേർന്ന് പ്രാർത്ഥിക്കാം.

വി. കുരിശിന്റെ പ്രയാണവും ജറീക്കോ പ്രാർത്ഥനയും നമ്മുടെ അതിരൂപതയിലെ 16 ഫൊറോനകളെ കേന്ദ്രീകരിച്ച്, തുടർന്നു വരുന്ന വെള്ളി, ശനി ദിവസങ്ങളിലായി, ഒരു അർദ്ധദിന പ്രാർത്ഥനാശുശ്രൂഷയായി അതിരൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിൽ നടത്തുന്നു. തദവസരത്തിലും എല്ലാവരുടേയും പങ്കാളിത്തം ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു.

വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ മംഗളങ്ങൾ ഏവർക്കും നേർന്നുകൊണ്ട്,

യേശുവിൽ സ്നേഹപൂർവ്വം
നിങ്ങളുടെ വത്സല പിതാവ്,



മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

N.B. 2018 സെപ്റ്റംബർ 16-ാം തിയ്യതിയിലെ വി. കുർബ്ബാന മദ്ധ്യേ ജനങ്ങളെ അറിയിക്കേണ്ടതാണ്.



"ജീവന്റെ പിള്ളത്തൊട്ടിലും സ്നേഹത്തിന്റെയും പാരസ്പരികതയുടെയും വിദ്യാലയവുമാണ് കുടുംബം! അത് ദൈവിക രഹസ്യത്തിലേക്ക് മലർക്കെ തുറന്നിരിക്കുന്ന ജാലകവുമാണ്."

**പോപ്പ് ഫ്രാൻസിസ്**

# കച്ചേരി

## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

ഒക്ടോബർ 2018

1 : വി. കൊച്ചുത്രേസ്യ
2 : കാവൽമാലാഖ
4 : വി. ഫ്രാൻസിസ് അസ്സീസി
5 : ആദ്യവെള്ളി
7 : **ഏലിയാ സ്ലീവാ മൂശ ഏഴാം ഞായർ**
14 : **ഏലിയാ സ്ലീവാ മൂശ എട്ടാം ഞായർ**
15 : ആവിലായിലെ വി. ത്രേസ്യ
16 : വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ
17 : അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്
18 : വി. ലൂക്കാ സുവിശേഷകൻ
21 : **ഏലിയാ സ്ലീവാ മൂശ ഒമ്പതാം ഞായർ**
മിഷൻ ഞായർ
27 : വി. ശിമയോൻ, വി. യൂദാ തദേവൂസ് ശ്ലീഹന്മാർ
28 : **ഏലിയാ സ്ലീവാ മൂശ പത്താം ഞായർ**
മിഷൻ ഞായർ

**2. ഒക്ടോബർ മാസത്തെ പരിപാടികൾ**

ഒക്ടോബർ 05 : 07:30 am സാമ്പത്തികസമിതിയോഗം

**3. വൈദികനിയമനം :**

1. ഫാ. മൂഞ്ഞേലി വിനോദ – സഹവികാരി ഒല്ലൂർ മേരിമാത; സാധുത 2018 ആഗസ്റ്റ്1 മുതൽ.
2. ഫാ. ജോബി കടപ്പൂരാൻ– പഠനാവധി രണ്ടുവർഷം കൂടി; സാധുത 2018 ഡിസംബർ മുതൽ.
3. ഫാ. ജോൺ പാവറട്ടിക്കാരൻ – ഐ. ടി. സെൽ ഇൻ ചാർജ്ജ് കൂടി; സാധുത 2018 ആഗസ്റ്റ് 6 മുതൽ.
4. ഫാ. ഫ്രാൻസിസ് മഞ്ഞളി – വികാരി & കപ്ലോൻ കുട്ടംകുളം ഒഴിവായി, താമസം സെന്റ് ജോസഫ്സ് വൈദിക മന്ദിരം; സാധുത 2018 ആഗസ്റ്റ് 16 മുതൽ.
5. ഫാ. ഫ്രജോ വാഴപ്പിള്ളി – നടത്തു വികാരി കുട്ടംകുളം & കപ്ലോൻ എഫ്. സി. സി., സഹവികാരി ലൂർദ്ദ് കത്തീഡ്രൽ ഒഴിവായി; സാധുത 2018 ആഗസ്റ്റ് 16

മുതൽ.
6. ഫാ. സിൻസൺ എടക്കളത്തൂർ –പഠനാവധി രണ്ടുവർഷം; സഹ വികാരി മുക്കാട്ടുകര & നോട്ടറി കൂരിയ ഒഴിവായി; സാധുത 2018 ആഗസ്റ്റ് 18 മുതൽ.
7. ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ – നോട്ടറി കൂരിയ & ബലിയർപ്പണം മുക്കാട്ടുകര ബെത്‌ലെഹം സി. എച്ച്. എഫ്. മഠം; സാധുത 2018 ആഗസ്റ്റ് 30 മുതൽ.
6. ഡീ. ടോം മഠത്തികണ്ടത്തിൽ MSJ –ഡീക്കൻ മിനിസ്ട്രി ചെങ്ങാലൂർ; സാധുത 2018 ആഗസ്റ്റ് 8 മുതൽ.
7. ഡീ. ജോർജ്ജ് മഠത്തികണ്ടത്തിൽ MSJ-ഡീക്കൻ മിനിസ്ട്രി ഏനാമ്മാവ്; സാധുത 2018 ആഗസ്റ്റ് 8 മുതൽ.
8. ഡീ. വർഗ്ഗീസ് പനച്ചിക്കൽ MCBS –ഡീക്കൻ മിനിസ്ട്രി മരത്താക്കര; സാധുത 2018 ആഗസ്റ്റ് 11 മുതൽ നവംബർ 18 വരെ.
9. ഡീ. ടോം തോമസ് പടിഞ്ഞാത്ത് MCBS–ഡീക്കൻ മിനിസ്ട്രി ഒല്ലൂർ; സാധുത 2018 ആഗസ്റ്റ് 11 മുതൽ നവംബർ 18 വരെ.
10. ഡീ. അഗസ്റ്റിൻ മഞ്ഞക്കുന്നേൽ MCBS–ഡീക്കൻ മിനിസ്ട്രി ലൂർദ്ദ് കത്തീഡ്രൽ; സാധുത 2018 ആഗസ്റ്റ് 11 മുതൽ നവംബർ 18 വരെ.
11. ഡീ. ജോസഫ് ഇരട്ടകാലയിൽ MCBS–ഡീക്കൻ മിനിസ്ട്രി മുക്കാട്ടുകര; സാധുത 2018 ആഗസ്റ്റ് 11 മുതൽ നവംബർ 18 വരെ.
12. ഡീ. സെബാസ്റ്റ്യൻ മൂലയിൽ MCBS–ഡീക്കൻ മിനിസ്ട്രി പാലക്കൽ; സാധുത 2018 ആഗസ്റ്റ് 11 മുതൽ നവംബർ 18 വരെ.
13. ഡീ. മൈക്കിൾ കപ്പിലുമാക്കൽ MCBS–ഡീക്കൻ മിനിസ്ട്രി പുതുക്കാട്; സാധുത 2018 ആഗസ്റ്റ് 11 മുതൽ നവംബർ 18 വരെ.

**4. പ്രത്യേകനിയമനം :**

**1. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. മാർ ടോണി നീലങ്കാവിൽ (സഹായമെത്രാൻ)
2. ഫാ. ജോയ് മൂക്കൻ (ഫിനാൻസ് ഓഫീസർ)
3. ഫാ. നൈസൻ ഏലന്താനത്ത് (വൈസ് ചാൻസലർ)
4. ശ്രീ. ടി. കെ. അന്തോണിക്കുട്ടി
5. ഡോ. മേരി റെജീന

## 2. Censors of Books of the Archeparchy (Additional)

1. Fr. Varghese Ukken
2. Fr. Daijo Poruthur
3. Fr. Anto Panengadan
4. Fr. Rijo Vithayathil

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ & പ്രോട്ടോ–സിഞ്ചെല്ലൂസ്

# മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ഒക്ടോബർ മാസത്തെ പരിപാടികൾ

## OCTOBER 2018

| Date | Day | Time | Description |
|---|---|---|---|
| 01 | Mon | | For the People, Priests & Religious |
| 02 | Tue | Morning | Curia Meeting |
| | | | അതിരൂപതാ മദ്യവിരുദ്ധ സമിതി വാർഷികം – Dolours Basilica |
| 03 | Wed | Evening | Finance Council |
| 04 | Thu | Morning | Holy Mass at Calvery Asram |
| | | | Pudukkad Kripapishekam Bible Convention Inaguration |
| 05 | Fri | Morning | Curia Meeting |
| Oct 6- Nov 1 | | | Europe |



“സ്നേഹം സകല പ്രതിസന്ധികളെയും തരണം ചെയ്യുന്നു. സ്നേഹമാണ് മുന്നേറാൻ നമുക്ക് കരുത്തേകുന്നത്.”

**പോപ്പ് ഫ്രാൻസീസ്**

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ ഒക്ടോബർ മാസത്തെ പരിപാടികൾ

# OCTOBER 2018

| Date | Day | Time | Description |
|---|---|---|---|
| 1-5 | | | Rome |
| 6 | Sat | | Basilica- Pastoral Visit |
| **7** | **Sun** | | Basilica- Pastoral Visit |
| 8 | Mon | Morning | Basilica- Pastoral Visit, Mass with the Religious |
| | | Evening | PAROC Core Group Meeting |
| 9 | Tue | Morning | Curia Meeting |
| | | Evening | Catholicasabha Editorial, Jubilee Hospital Trust Meeting |
| 10 | Wed | Morning | Gagultha- Capuchin Chapter |
| | | Afternoon | Visitors' Time |
| 11 | Thu | Morning | For Priests and Religious |
| 12 | Fri | Morning | Curia Meeting, Ramapuram- Mass, *Kodiyettam* |
| 13 | Sat | Morning | Konikkara- Festal Mass |
| | | Afternoon | Marathakkara - FCC Vestition |
| | | Evening | St. Thomas College - Alumni Centinary Meeting, Koodapuzha- Anugraha Sadhan Home Day |
| **14** | **Sun** | Morning | Pulakkattukkara- Golden Jubilee Mass |
| | | Evening | Thoombakode- Meeting |
| 15 | Mon | Morning | Engaged |
| 16 | Tue | | Curia (Office work) |

| | | | |
|---|---|---|---|
| 17 | Wed | Morning | Ollur Euprasia Centre- Mass, Classes in Marymatha Seminary |
| | | Afternoon | Karoor St. Euphrasia Convent- Mass |
| 18 | Thu | Morning | For Priests and Religous |
| | | Evening | Cherppu- Retreat Talk, Nellikunnu- Don Bonsco Convent, Mass |
| 19 | Fri | Morning | Karuvannoor St. Joseph Convent-40hrs Mass and Message, Curia Meeting |
| | | Evening | Engaged |
| 20 | Sat | Morning | Minor Seminary- Mass, Family Apostolate, Gathering of Widowers |
| | | Afternoon | Chittissery Clelia Convent- Final Profession and Jubilee |
| **21** | **Sun** | Morning | Peechi- First Holy Communion |
| 22 | Mon | | Office Work |
| 23 | Tue | | Curia Meeting, For the People |
| 24 | Wed | Morning | Classes in Marymatha Seminary |
| | | Afternoon | Engaged |
| 25 | Thu | Morning | Office Work |
| | | Evening | For Priests and Religous |
| 26 | Fri | | Curia (Office work) |
| 27 | Sat | Morning | Marathakkara Convent- Platinum Jubilee Mass |
| | | Afternoon | Engaged |
| | | Evening | Olarikkara, Navajyothi Provincial House- Mass |
| **28** | **Sun** | Morning | Engaged |
| | | Afternoon | DBCLC- BA Theology |
| | | Evening | Kottapady- *Kapela* Blessing |
| 29 | Mon | Evening | Engaged |
| 30 | Tue | Morning | Curia Meeting, For the People |
| 31 | Wed | Morning | Classes in Marymatha Seminary |



# നാളാഗമം

## ആഗസ്റ്റ് 2018

1 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ പുതിയ ബാച്ച് വിദ്യാർത്ഥികളുടെ സ്വീകരണ യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് മണ്ണംപേട്ട സി. എസ്. എം. ജനറലേറ്റിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത സെമിനാരിയിൽ വി. ബലിയർപ്പിച്ചു, ക്ലാസെടുത്തു. ഉച്ചക്കഴിഞ്ഞ് ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

2 അഭിവന്ദ്യ പിതാക്കന്മാർ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ നടന്ന വിയാനി ഡേ, ജൂബിലി ആഘോഷങ്ങളിലും വൈദികസമ്മേളനത്തിലും പങ്കെടുത്തു. വൈകിട്ട് ഗുരുവായൂർ എൽ. എഫ്. കോൺവെന്റിൽ സി. ബൾബീന എഫ്. സി. സി. (105) യുടെ മൃതസംസ്കാരശുശ്രൂഷകളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് വൈകീട്ട് PACT ഫൊറോന കൺവീനർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

3 അഭിവന്ദ്യ താഴത്ത് പിതാവ് പൊതുജനങ്ങളെ കാണുന്നതിനായി ഈ ദിവസം മാറ്റിവച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചിറ്റാട്ടുകര ഇടവകയിൽ വി. ബലിയർപ്പിച്ചു വെഞ്ചിരിപ്പു നടത്തി. കൊട്ടേക്കാട് അസംപ്ഷൻ കോൺവെന്റിൽ ബഹു. സിസ്റ്റർ ലൂഷ്യസിന്റെ മൃത സംസ്ക്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. വൈകീട്ട് ചൊവ്വന്നൂർ ഓറ സ്ഥാപനം ഉദ്ഘാടനം ചെയ്തു.

4 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സെന്റ് മേരീസ് ഹൈസ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. ഉച്ചക്ക് ഡി. ബി. സി. എൽ. സി. യിൽ സി. ആർ. ഐ. മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് വിയാനി ഹോമിൽ വിയാനി ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ DBCLC- യിൽ CRI മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചക്ക് വിയാനി ഹോമിൽ സന്ദർശനം നടത്തി. ഉച്ചക്കഴിഞ്ഞ് ഒളരിക്കര നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ സഭാവസ്ത്രം സ്വീകരണ ചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകീട്ട് കുറുമാൽ ഇടവകയിൽ ഇടയസന്ദർശനം ആരംഭിച്ചു.

5 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പുത്തൻപീടിക ഇടവകയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് അന്തിക്കാട്, കാഞ്ഞാണി, എറവ്, നിർമ്മലപുരം എന്നീ ഇടവകകളിലും എസ്. എൽ. എം. ഐ. കോൺവെന്റിലും സന്ദർശനം നടത്തി. ഉച്ചക്കുശേഷം തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ നടന്ന, മാർ ടോണി നീലങ്കാവിൽ, ജസ്റ്റിസ് സിറിയക് തോമസ്, ഡോ. മേരി റെജീന, പ്രൊഫ. കെ. എം. ഫ്രാൻസിസ് എന്നിവർ മുഖ്യപ്രഭാഷണം നടത്തിയ, വിശ്വാസസംരക്ഷണ സദസ്സ് ഉദ്ഘാടനം ചെയ്തു. ശേഷം തൃശ്ശൂർ മഹോത്സവം ഉദ്ഘാടനം ചെയ്തു.

6 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കുറുമാൽ ഇടവകയിൽ ഇടയസന്ദർശനത്തിന്റെ ഭാഗമായി കപ്പൂച്ചിൻ ആശ്രമത്തിൽ സന്യസ്തർക്കുവേണ്ടി വി. ബലിയർപ്പിച്ചു. വൈകീട്ട് അഞ്ചേരി ഇടവകയിൽ തിരുനാൾ

കൊടിയേറ്റം നിർവ്വഹിച്ച് വി. ബലിയർപ്പിച്ചു.

7 അഭിവന്ദ്യ താഴത്ത് പിതാവ് ഇന്ത്യൻ രാഷ്ട്രപതി റാം നാഥ് കോവിന്ദ് ഉദ്ഘാടനം ചെയ്ത സെന്റ് തോമസ് കോളേജിന്റെ നൂറാം വാർഷി കാഘോഷങ്ങളിൽ പങ്കെ ടുത്തു.

8 അഭിവന്ദ്യപിതാക്കന്മാർ വാർഷികധ്യാനത്തിൽ സംബന്ധിക്കാൻ മൗണ്ട് സെന്റ് തോമസിലേക്കു പോയി.

11 അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചക്കുശേഷം കുരിയച്ചിറ സെന്റ് ജോസഫ്സ് ദൈവാലയത്തിൽ ചാരിറ്റി സന്യാസിനീ സമൂഹാം ഗങ്ങളുടെ സന്യാസവസ്ത്ര സ്വീകരണ ചടങ്ങിലും വ്രതവാഗ്ദാനത്തിലും മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് ഡി. ബി. സി. എൽ. സി. യിൽ നടന്ന കലാസദൻ സംഗീതവിരുന്നിൽ സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചകഴിഞ്ഞ് ആളൂർ ഇടവകയിൽ ഇടയ സന്ദർശനം ആരംഭിച്ചു.

12 അഭിവന്ദ്യ താഴത്ത് പിതാവ് വരാക്കര സെന്റ് ആന്റ ണീസ് ഇടവകയിൽ ഇടയ സന്ദർശനം നടത്തി. വൈകിട്ട് തലോർ ഇടവക പള്ളി സന്ദർശിച്ചു. തുടർന്ന് പുത്തൂർ ഇടവകയിൽ സി. എൽ. സി. യുടെ പ്ലാറ്റിനം ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആളൂർ ഇടവകയിൽ ഇടയസന്ദർശനം. വൈകീട്ട് കാൽവരി ആശ്രമത്തിൽ വി. ബലിയർപ്പിച്ചു, ക്ലൗഡ് ചാരിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

13 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വരടിയം ഇട വകയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് പാവപ്പെട്ടവർക്കായി സാന്ത്വനത്തിന്റെ നേതൃത്വ ത്തിൽ പണിതു കൊടുക്കുന്ന നാലു വീടുകളുടെ കല്ലിടൽ കർമ്മം നിർവഹിച്ചു. ദുരിതാ ശ്വാസകിറ്റുമായി വയനാ ട്ടിലേക്ക് അതിരൂപത സഹായ സംഘത്തെ യാത്രയാക്കി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആളൂർ ഇടയ സന്ദർശനത്തിന്റെ ഭാഗമായി കോൺവെന്റിൽ സന്യസ്തർ ക്കുവേണ്ടി വി. ബലിയർപ്പിച്ചു. അഭിവന്ദ്യപിതാക്കന്മാർ ഉച്ചക്ക് മേരിമാത മേജർ സെമിനാരിയിലെ പൂർവ്വ വിദ്യാർത്ഥി സംഗമത്തിൽ പങ്കെടുത്തു. വൈകിട്ട് ജൂബിലി മിഷൻ ആശുപത്രി ട്രസ്റ്റ് മീറ്റിംഗിലും പങ്കെ ടുത്തു.

14 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആർത്താറ്റ്

ഇടവകയിൽ ചുങ്കത്ത് തോമസ്–നാൻസി ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. സെന്റ് തോമസ് കോളേജിൽ കംപ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ പ്രോഗ്രാമിൽ പങ്കെടുത്തു. മേരിമാത സെമിനാരിയിൽ ക്ലാസെടുത്തു. ഉച്ചക്കഴിഞ്ഞ് പോന്നോരിൽ സെബി ചിറ്റിലപ്പിള്ളി അച്ചന്റെ അമ്മയുടെ മൃതസംസ്ക്കാര ശുശ്രൂഷകളിൽ കാർമ്മികത്വം വഹിച്ചു. വൈകിട്ട് വേലൂപ്പാടം ഇടവകയിൽ തിരുനാൾ കൂടുതുറക്കൽ വി. ബലിയർപ്പിച്ചു.

15 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൊറവ് സെന്റ് ആന്റണീസ് കുരിശുപള്ളിയെ സ്വതന്ത്ര ഇടവകയാക്കി പ്രഖ്യാപിച്ചു. തുടർന്ന് താളിക്കോട് ഷെക്കെയ്ന കമ്മ്യൂണിക്കേഷൻസിന്റെ പുതിയ സ്റ്റുഡിയോ വെഞ്ചരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപത മതബോധന ദിനവും സമ്മാന വിതരണവും ഡി. ബി. സി. എൽ. സി.യിൽ നടത്തി. വൈകിട്ട് മഴക്കെടുതി മൂലം വേദനിക്കുന്നവരെ വരടിയം, പൊങ്ങണംകാട്, വില്ലടം, ചേർപ്പ് എന്നീ സ്ഥലങ്ങളിലെ ക്യാമ്പുകളിൽ സന്ദർശിച്ച് അവശ്യവസ്തുക്കൾ നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കാരൂർ കൊമ്പിടിഞ്ഞാമാക്കലിൽ തിരുനാൾ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ആർച്ച്ബിഷപ്പ്സ് ഹൗസിൽ PACT മീറ്റിംഗിൽ പങ്കെടുത്തു. വൈകീട്ട് ചെവ്വൂരിൽ സഹായധനം കൈമാറുന്ന ചടങ്ങിൽ പങ്കെടുത്തു.

16 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. ശേഷം അരിമ്പൂർ, ചെമ്പുക്കാവ് ദുരിതാശ്വാസക്യാമ്പുകൾ സന്ദർശിച്ച് ഭക്ഷണവും വസ്തുക്കളും എത്തിച്ചുകൊടുത്തു. അതിരൂപതാകേന്ദ്രത്തിൽ ദുരിതാശ്വാസകിറ്റുകൾ തയ്യാറാക്കുന്നതിനും ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും നേതൃത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത സെമിനാരിയിൽ ക്ലാസെടുത്തു. അഭിവന്ദ്യപിതാക്കന്മാർ അതിരൂപത ആലോചന സമിതിയോഗത്തിൽ പങ്കെടുത്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് വരടിയം, വിയ്യൂർ, അരിമ്പൂർ, വേലൂപ്പാടം, തലോർ, ഒല്ലൂർ, പനംകുറ്റിച്ചിറ എന്നീ ദുരിതാശ്വാസക്യാമ്പുകൾ സന്ദർശിക്കുകയും സാന്ത്വനം വഴി ഭക്ഷണവും വസ്തുക്കളും എത്തിച്ചുകൊടുക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് മഴക്കെടുതി ദുരിതാശ്വാസക്യാംപുകളിൽ സന്ദർശനം നടത്തി.

18 അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചക്ക് കുറാഞ്ചേരിയിൽ ഉരുൾപ്പൊട്ടലിൽ മരിച്ച 15 പേരുടെ മൃതസംസ്കാരം പൂമല ഇടവകപള്ളിയിൽ നടത്തി. വൈകിട്ട് തിരൂർ, ഒളരി, പുല്ലഴി എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുകയും ഭക്ഷണവും വസ്തുക്കളും എത്തിച്ചുകൊടുക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് മഴക്കെടുതി ദുരിതാശ്വാസ ക്യാംപുകളിൽ സന്ദർശനം നടത്തി.

19 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മരത്താക്കര ഇടവകയിൽ വി. ബലിയർപ്പിച്ചു. മരത്താക്കര, കോനിക്കര, പാലക്കൽ അമ്മാടം, ചെവ്വൂർ, പല്ലിശ്ശേരി, കോടന്നൂർ, വെങ്ങിണിശ്ശേരി എന്നിവിടങ്ങളിലെ ദുരിതാശ്വാസക്യാമ്പുകൾ സന്ദർശിക്കുകയും ഭക്ഷണവും വസ്തുക്കളും സാന്ത്വനം വഴി എത്തിച്ചുകൊടുക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ നെഹ്റു നഗർ ഇടവകയിൽ വി. ബലിയർപ്പിച്ചു. വൈകീട്ട് അരണാട്ടുകര ഏയ്ഞ്ചൽ വാലി നഴ്സറിയിൽ മീറ്റിംഗിൽ പങ്കെടുത്തു.

20 അഭിവന്ദ്യ താഴത്ത് പിതാവ് ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് അവശ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിന്റെയും റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന്റെയും കിറ്റുകൾ തയ്യാറാക്കുന്നതിന്റെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പൂമല ഇടവകയിൽ വി. ബലിയർപ്പിച്ചു. മഴക്കെടുതി ദുരിതാശ്വാസ ക്യാംപുകളിൽ സന്ദർശനം നടത്തി.

21 അഭിവന്ദ്യ താഴത്ത് പിതാവ് ആമ്പക്കാട്, ആലപ്പാട്, പുള്ള്, എറവ്, കാഞ്ഞാണി, പുത്തൻപീടിക എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുകയും ഭക്ഷണവും വസ്തുക്കളും സാന്ത്വനം വഴി എത്തിച്ചുകൊടുക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി

പിതാവ് മഴക്കെടുതി ദുരിതാശ്വാസക്യാംപുകളിൽ സന്ദർശനം നടത്തി.

22 അഭിവന്ദ്യ ടോണി പിതാവ് രാവിലെ മനക്കൊടിയിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് ആർച്ച് ബിഷപ്പ്സ് ഹൗസിൽ PACT മീറ്റിംഗിൽ പങ്കെടുത്തു.

23 അഭിവന്ദ്യ താഴത്ത് പിതാവ് അരണാട്ടുകര, മണലൂർ കിഴക്ക്, പാവറട്ടി, നെടുപുഴ, ഏനമ്മാവ്, മണലൂർ പടിഞ്ഞാറ്, പൊറത്തൂർ, തൊയക്കാവ് എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുകയും ഭക്ഷണവും വസ്തുക്കളും സാന്ത്വനം വഴി എത്തിച്ചുകൊടുക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് ചാലക്കുടി മഴക്കെടുതി പ്രദേശങ്ങളിൽ സന്ദർശനം നടത്തി.

24 അഭിവന്ദ്യ താഴത്ത് പിതാവ് ചിറ്റിശ്ശേരി പ്രദേശത്ത് വീടു വൃത്തിയാക്കൽ പ്രവർത്തികളിലേർപ്പെട്ട വളണ്ടിയർമാരോടൊപ്പം സമയം ചെലവഴിച്ചു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്കഴിഞ്ഞ് തൃശ്ശൂർ സിവിൽ ആശുപത്രിയിൽ സെർവന്റ്സ് ഓഫ് ഗോഡിന്റെ പ്രോഗ്രാമിൽ പങ്കെടുത്തു.

25 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പുല്ലഴി സെന്റ് ജോസഫ്സ് മെന്റൽ ഹോം സന്ദർശിച്ചു. ഒളരി പള്ളി ഹാളിൽ താമസിച്ചിരുന്ന ക്രിസ്റ്റീന ഹോം അന്തേവാസികളുടെ ദുരിതാശ്വാസ ക്യാമ്പിൽ മേജർ സെമിനാരിക്കാരുടെ കൂടെ ഓണം ആഘോഷിച്ചു. അഭിവന്ദ്യ ടോണി പിതാവ് മഴക്കെടുതി ദുരിതാശ്വാസ ക്യാംപുകളിൽ സന്ദർശനം നടത്തി.

26 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഒല്ലൂർ ഫൊറോന പള്ളിയിൽ വി. ബലിയർപ്പിച്ചു. തിരുനാൾ കമ്മറ്റി കാര്യാലയം ഉദ്ഘാടനം ചെയ്തു. പ്രളയശേഷം മേരിമാത സെമിനാരിക്കാരോടൊപ്പം ക്രിസ്റ്റീന ഹോമിന്റെ വൃത്തിയാക്കൽ പ്രവർത്തനത്തിൽ അഭിവന്ദ്യപിതാവും പങ്കുചേർന്നു. അഭിവന്ദ്യ ടോണി പിതാവ് വൈകീട്ട് വീണ്ടശ്ശേരി ഇടവകയിൽ വി. ബലിയർപ്പിച്ചു.

27 അഭിവന്ദ്യ താഴത്ത് പിതാവ് സീറോ മലബാർ മെത്രാന്മാരുടെ സ്ഥിരം സിനഡിൽ പങ്കെടുക്കുന്നതിനായി പോയി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രലിൽ വി. ബലിയർപ്പിച്ചു.

28 അഭിവന്ദ്യ ടോണി പിതാവ് വൈകീട്ട് കണ്ടശ്ശാംകടവിൽ പോൾ മാളിയമ്മാവ് അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

29 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വി. എവുപ്രാസ്യാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. വൈകിട്ട് സാന്ത്വനം നടത്തിയ പ്രളയത്തിനു ശേഷമുള്ള അതിജീവനത്തിന്റെ യോഗത്തിൽ അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്ക് സെന്റ് തോമസ് കോളേജിൽ എക്സിബിഷൻ സന്ദർശിച്ചു. ഉച്ചക്കഴിഞ്ഞ് ആർച്ച് ബിഷപ്പ്സ് ഹൗസിൽ സാന്ത്വനം മീറ്റിംഗിൽ പങ്കെടുത്തു.

30 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പഴുവിൽ ഇടവകയിൽ തട്ടിൽ ആന്റണി –വിജി ദമ്പതികളുടെ ആറാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്കഴിഞ്ഞ് ഫാമിലി അപ്പോസ്തലേറ്റിൽ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. ആർച്ച് ബിഷപ്പ്സ് ഹൗസിൽ സെന്റ് തോമസ് കോളേജ് എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

31 അഭിവന്ദ്യ താഴത്ത് പിതാവ് വിശ്രമജീവിതം നയിക്കുന്ന വൈദികരുടെ വാർഷിക ധ്യാനത്തോടനുബന്ധിച്ച് സെന്റ് ജോസഫ്സ് ഹോമിൽ വി. ബലിയർപ്പിച്ചു. തുടർന്ന് അവരുമായുള്ള യോഗത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ പതിനാറാമത്തെ ബാച്ച് കുട്ടികൾക്കും മാതാപിതാക്കൾക്കും സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്കഴിഞ്ഞ് ആർച്ച് ബിഷപ്പ്സ് ഹൗസിൽ സാന്ത്വനം മീറ്റിംഗിൽ പങ്കെടുത്തു. വൈകീട്ട് കരുമത്ര ഇടവകയിൽ തിരുനാൾ കൊടിയേറ്റം നിർവ്വഹിച്ച് വി. ബലിയർപ്പിച്ചു. മണ്ണംപ്പേട്ട മർത്താ കോൺവെന്റിൽ വി. ബലിയർപ്പിച്ചു.





## നാമകരണനടപടികൾ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

സെപ്തംബർ മാസത്തെ മാസാദ്യവെള്ളിയാഴ്ച്ചയിലെ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകിയത് കല്ലംകുളം നോർബർട്ടൈൻ ആശ്രമത്തിലെ ബഹു. ബെൻസസ് തോമസ് അച്ചനാണ്.

ആരും നശിച്ച് പോകരുത് എന്ന് ആഗ്രഹിക്കുന്ന ദൈവമാണ് നമ്മുടെ ദൈവം. കാരണം യോഹ 3:16–17ൽ പറയുന്നു: "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ച് പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." ലോകരക്ഷകനെ നീ നിന്റെ ജീവദാതാവായി സ്വീകരിച്ചുവോ? ഏക രക്ഷകനായി, ലോകരക്ഷകനായി നീ അവനെ സ്വീകരിക്കുന്നുണ്ടോ? നീ അവനിൽ ദൃഢമായി വിശ്വസിക്കുന്നുണ്ടോ? എങ്കിൽ പൗലോസ് ശ്ലീഹായെപോലെ നമുക്കും പറയാൻ കഴിയണം യേശു ക്രിസ്തു എന്റെ സ്വന്തമെന്ന്. ആത്മാവിന്റെ അകങ്ങളിലേക്ക് ദൈവകൃപ ഇറങ്ങിച്ചെല്ലാൻ വേണ്ടി, നീ പൂർണ്ണമായ മാനസാന്തരത്തിന്റെ കൃപയ്ക്കുവേണ്ടി ആഗ്രഹിച്ച് പ്രാർത്ഥിക്കുക. നിന്റെ ജീവിതം ബലിയോട് ചേർത്ത് വയ്ക്കുക.

തുടർന്ന് വിശുദ്ധബലിയും ആരാധനയും രോഗികൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകളും ഉണ്ടായിരുന്നു. തച്ചുപറമ്പിലച്ചന്റെ കബറിടത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചതിനുശേഷം ഭക്ഷണം വെഞ്ചിരിക്കുകയും എല്ലാവരും നേർച്ച ഭക്ഷണത്തിൽ പങ്ക് ചേരുകയും ചെയ്തു.







## നാമകരണനടപടികൾ

# ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനെച്ചൻ

**രണ്ടാം ശനി ആചരണം**

ആഗസ്റ്റ് മാസത്തിലെ രണ്ടാം ശനി ആചരണം സി. എസ്. സി വരടിയം സാന്തോം മിഷൻ ഹൗസ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്നു. തൃശൂർ ദേവമാത പ്രൊവിൻഷ്യൽ സെക്രട്ടറി റവ. ഫാ. ജോജു അരിക്കാട്ട് സി. എം. ഐ. 'ദൈവസ്നേഹത്തിൽ ആമഗ്നനായ ഊക്കനച്ചൻ' എന്ന വിഷയത്തെ ആസ്പദമാക്കി ആരാധന നടത്തി. തുടർന്ന് ചേലക്കര പള്ളിയിലെ റവ. ഫാ. ആൻസൻ നീലങ്കാവിൽ, അനുസ്മരണ ബലി, സന്ദേശം, കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥപ്രാർത്ഥന, ഊട്ട് വെഞ്ചിരിപ്പ് എന്നിവയ്ക്ക് കാർമ്മികത്വം വഹിച്ചു. അനുഗ്രഹത്തിനായി അപേക്ഷകൾ സമർപ്പിച്ചവർക്കുവേണ്ടി ചൊവ്വന്നൂർ സെന്റ് തോമസ് പള്ളി വികാരി റവ. ഫാ. അനീഷ് നെല്ലിക്കൽ പ്രാർത്ഥിക്കുകയും ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചവർക്കുവേണ്ടി ദൈവത്തിന് നന്ദി അർപ്പിക്കുകയും ചെയ്തു.

യേശുവിന്റെ സ്നേഹമാണ് ജോൺ ഊക്കനച്ചന്റെ മുഖമുദ്ര എന്ന് പറഞ്ഞുകൊണ്ട് റവ. ഫാ. ആൻസൻ നീലങ്കാവിൽ, ഊക്കനച്ചന്റെ ജീവിതത്തെ യേശുവിന്റെ ജീവിതവുമായി ബന്ധപ്പെടുത്തി സന്ദേശം നൽകി. നമ്മുടെ ജീവിതത്തിൽ നഷ്ടങ്ങൾ വരുമ്പോൾ, സഹനങ്ങൾ വരുമ്പോൾ, സ്വപ്നങ്ങൾക്ക് കോട്ടം തട്ടുമ്പോൾ എപ്രകാരമാണ് അതിനെ സ്വീകരിക്കുന്നത് എന്ന് ചിന്തിക്കുക. ഇവിടെയൊക്കെ ഊക്കനച്ചൻ പറയുന്നു– ദൈവം തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽ നിന്നും യേശുക്രിസ്തു വഴി നമുക്കാവശ്യമായതെല്ലാം നൽകുമെന്ന്. ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ മാധ്യസ്ഥം നമുക്ക് തേടാം.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ



# സാമ്പത്തിക കാര്യാലയം

**1. തെരട്ട് സമർപ്പിക്കൽ**

ഇടവകകൾക്ക് തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയപരിധി 2018 സെപ്തംബർ 10–ാം തിയ്യതി കഴിഞ്ഞിരിക്കുകയാണ്. എന്നാൽ ഇനിയും തെരട്ട് സമർപ്പിക്കാത്ത ഇടവകകൾ, ഉണ്ടെങ്കിൽ എത്രയും വേഗം അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ തെരട്ട് സമർപ്പിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തുന്നു.

**2. അതിരൂപത സഹായ ഫണ്ട്**

1. ചികിത്സ – 7000

**3. സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ**

1. വെങ്ങിണിശ്ശേരി – 50000
2. വെള്ളക്കാരിത്തടം – 50000
3. കുന്നംകുളം – 50000
4. അമലനഗർ – 200000
5. പൊന്നാനി – 1000000

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

**ഫാ.ഡിറ്റോ കൂള**
അസി.ഫൈനാൻസ് ഓഫീസർ



"കർത്താവ് നിനക്ക് സമ്പത്തേകിയിട്ടുണ്ടെങ്കിൽ അത് അവിടുത്തെ നാമത്തിൽ നിരവധി നന്മകൾ മറ്റുള്ളവർക്കു ചെയ്യുന്നതിനു വേണ്ടിയാണ്."

**പോപ്പ് ഫ്രാൻസീസ്**




# വൈദികർ

## ജന്മദിനങ്ങൾ

ഫാ. വിൻസെന്റ് ചെറുവത്തൂർ 01
ഫാ. ജെൻസ് തട്ടിൽ 02
മോൺ. ജോർജ്ജ് അക്കര 03
ഫാ. ജിക്സൻ താഴത്ത് 03
ഫാ. ജോഷി ആളൂർ 04
ഫാ. ആന്റോ ചിറയത്ത് 05
ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ 06
ഫാ. ഷിജോ ചിരിയങ്കണ്ടത്ത് 08
ഫാ. ആന്റണി ഐനിക്കൽ 08
ഫാ. ജോണി ആന്റണി പാറേക്കാട്ട് 10
ഫാ. ജോൺസൻ അരിമ്പൂർ 10
ഫാ. ഫ്രാൻസിസ് ആലപ്പാട്ട് 10
ഫാ. റാഫേൽ ചിറ്റിലപ്പിള്ളി 10
ഫാ. ചാക്കോ പാറയിൽ 11
ഫാ. റാഫേൽ പുല്ലോക്കാരൻ 12
ഫാ. ലൂവീസ് എടക്കളത്തൂർ 12
ഫാ. സഞ്ജയ് തൈക്കാട്ടിൽ 12
ഫാ. ജോയ് കിടങ്ങൻ 13
ഫാ. ജോൺസൻ ഐനിക്കൽ 13
ഫാ. ജോസ് ചാലക്കൽ 17
ഫാ. ഡഗ്ലസ് പീറ്റർ ചെറുവത്തൂർ 17
മോൺ. ജോർജ്ജ് മാനാടൻ 18
ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ 18
ഫാ. ജിയോ ചിരിയങ്കണ്ടത്ത് 18
ഫാ. സിജോ പുത്തൂർ 19
ഫാ. ജോസ് അറങ്ങാശ്ശേരി 19
ഫാ. ജിജോ പിടിയത്ത് 20
ഫാ. ജെയ്സൻ പുലിക്കോട്ടിൽ 22
ഫാ. ഡിറ്റോ കൂള 23
ഫാ. ജോൺ പാവറട്ടിക്കാരൻ 24
ഫാ. ഡെയ്സൻ മുണ്ടോപുറം 24
ഫാ. ജിബി വാഴപ്പിള്ളി 24
ഫാ. ലാസർ താണിക്കൽ 24
ഫാ. സിംസൺ ചിറമ്മൽ 25
ഫാ. ജോജു പൊറുത്തൂർ 26
ഫാ. സുനിൽ ചിരിയങ്കണ്ടത്ത് 27
ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ 28

## നാമഹേതുകതിരുനാൾ

ഫാ. ഫ്രാൻസിസ് ആളൂർ 04
ഫാ. ലിജോ ജോസ് ചിരിയങ്കണ്ടത്ത് 04
ഫാ. ഫ്രാൻസിസ് എടക്കളത്തൂർ 04
ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ 04
ഫാ. അൽജോ കരേരക്കാട്ടിൽ 04
ഫാ. സ്റ്റിഷിൻ കുണ്ടുകുളം 04
ഫാ. ഫ്രാൻസിസ് മുട്ടത്ത് 04
ഫാ. ഫ്രാൻസിസ് നീലങ്കാവിൽ 04
ഫാ. ജിബിൻ താഴേക്കാടൻ 04
ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (Sr.) 04
ഫാ. അജീഷ് പെരിഞ്ചേരി 09
ഫാ. ജെയ്സൻ തെക്കുംപുറം 09
ഫാ. ജോൺ പോൾ ചെമ്മണ്ണൂർ 22
ഫാ. ജോൺ പോൾ തൈക്കാടൻ 22

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ജേക്കബ് കടവി | 27–10–1828 |
| ഫാ. ഗീവർഗ്ഗീസ് അറക്കൽ | 13–10–1895 |
| ഫാ. പിയൂസ് അക്കര | 31–10–1948 |
| ഫാ. തോമസ് മാളിയേക്കൽ | 18–10–1950 |
| ഫാ. ജോൺ ഊക്കൻ | 13–10–1956 |
| ഫാ. തോമസ് ഇരിമ്പൻ | 28–10–1957 |
| ഫാ. മാത്യു ചെറുനിലം | 13–10–1965 |
| ഫാ. ജോർജ്ജ് വാലിക്കോടത്ത് | 17–10–1968 |
| ഫാ. ജോസഫ് ആട്ടോക്കാരൻ | 29–10–1970 |
| ഫാ. ജോൺ പൊറത്തൂർ | 17–10–1972 |
| ഫാ. തോമസ് കാളാശ്ശേരി | 05–10–1977 |
| ഫാ. പീറ്റർ മണ്ടുംപാല | 09–10–1987 |
| ഫാ. ജോൺ ചെറുവത്തൂർ | 11–10–1990 |
| ഫാ. ഡേവിസ് കാഞ്ഞിരത്തിങ്കൽ | 04–10–1991 |
| ഫാ. പോൾ പെല്ലിശ്ശേരി | 02–10–1997 |
| ഫാ. ജേക്കബ് ചൊവ്വല്ലൂർ | 24–10–1999 |
| ഫാ. തോമസ് പാലത്തിങ്കൽ | 26–10–2004 |
| ഫാ. ജോസഫ് തെക്കിനിയത്ത് | 19–10–2008 |
| മോൺ. ജോസഫ് വിളങ്ങാടൻ | 09–10–2011 |
| ഫാ. സിജോ ചീരൻ | 13–10–2014 |
| ഫാ. ജോസ് ആലപ്പാട്ട് | 25–10–2015 |
| ഫാ. ജോർജ്ജ് കണ്ണാത്ത് | 11–10–2016 |



## ■ സന്യസ്തർ

### സി. ആർ. ഐ. വാർത്തകൾ – ആഗസ്റ്റ് 2018

**സി.എം.സി.**

കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 16–ാം തിയതി മുതൽ നടന്ന “പുണ്യസങ്കേതം ആത്മാക്കളുടെ രക്ഷയിൽ” എന്ന വാർഷികധ്യാനത്തിൽ 70 സിസ്റ്റേഴ്സ് പങ്കെടുത്തു. സി.എം.സി. ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി കോലഴി ഇടവകയിലെ ദുരിതമനുഭവിക്കുന്ന 120 വീടുകൾക്ക് 500 രൂപയുടെ കിറ്റ് നല്കി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജയും കൗൺസിലേഴ്സും, സി.എം.സി. കോളേജുകളിലും സ്കൂളുകളിലും ഉള്ള ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് അവർക്ക് അത്യാവശ്യമായ സാമ്പത്തിക സഹായങ്ങൾ നല്കി. ചൂണ്ടൽ സെന്റ് ജോസഫ്, ഒല്ലൂർ വിൻസന്റ് ഡി പോൾ എന്നീ ഹോസ്പിറ്റലുകൾ സൗജന്യ മെഡിക്കൽ ക്യാമ്പും, ആവശ്യമുള്ളവർക്ക് ഹോസ്പിറ്റലിൽ സൗജന്യ ചികിത്സയും നൽകി.

ആലപ്പുഴയിലെ പ്രളയബാധിതമായ കോൺവെന്റുകളും അതിനടുത്തുള്ള ഭവനങ്ങളും തൃശ്ശൂർ പ്രൊവിൻസിൽ നിന്നുള്ള സിസ്റ്റേഴ്സ് സന്ദർശിച്ച് വൃത്തിയാക്കുകയും ആവശ്യമായ സാമ്പത്തിക സഹായവും, ചികിത്സാ സഹായവും നല്കി. സി.എം.സി. ആലുവ ജനറലേറ്റിൽ വച്ച്, 23ന് പ്രളയകെടുതി മൂലം ദുരിതമനുഭവിക്കുന്ന കേരള ജനതക്കുവേണ്ടി എന്തുചെയ്യാനാകും എന്ന് പര്യാലോചിക്കാൻ നടന്ന അടിയന്തിര യോഗത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ പങ്കെടുത്തു. 29–ാംതിയതി വി. എവുപ്രാസ്യമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഒല്ലൂർ വി. എവുപ്രാസ്യമ്മയുടെ തീർത്ഥകേന്ദ്രത്തിൽ നടന്ന ദിവ്യബലിയിൽ തൃശ്ശൂർ അതിരൂപതാ മെത്രാപോലീത്ത മാർ ആൻഡ്രൂസ് താഴത്ത് മുഖ്യകാർമ്മികത്വം വഹിച്ചു. തിരുനാൾ ആഘോഷങ്ങൾ ലളിതമാക്കി, ആ

തുക ദുരിതാശ്വാസ പ്രവർത്തന ങ്ങൾക്കായി മാർ ആൻഡ്രൂസ് പിതാവിന് കൈമാറി.

**എഫ്.സി.സി.**

തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽ വെച്ച് 2018 ആഗസ്റ്റ് 3–ാം തീയതി നടന്ന Empowerment Programme ൽ 1989 മുതൽ 1993 ഉൾപ്പെടെയുള്ള ബാച്ചിലെ സിസ്റ്റേഴ്സ് പങ്കെടുത്തു. 11ന് സ്ഥാപകമാതാവായ വി. ക്ലാരയുടെ നാമഹേതുകതിരുന്നാളിനോടനുബന്ധിച്ച് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തിയ പ്രാർത്ഥനാശുശ്രൂഷയിലും സ്നേഹവിരുന്നിലും പ്രോവിൻസുമായി ബന്ധപ്പെട്ട ധാരാളം വൈദികർ പങ്കെടുത്തു.15–ാം തിയതി മുതൽ മണലാടി, വെങ്ങിണിശ്ശേരി, വൈലത്തൂർ, പഴുവിൽ, ചേർപ്പ്, അരിമ്പൂർ, പെരിങ്ങോട്ടുകര തുടങ്ങിയ നമ്മുടെ പല സ്കൂളുകളും തൃക്കൂർ സോഷ്യൽ സെന്ററും ദുരിതാശ്വാസക്യാമ്പുകളായി പ്രവർത്തിച്ചു. അതിരൂപതയിലെ സാന്ത്വനം സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ വയനാട്ടിലേക്ക് പോയ സന്നദ്ധ സംഘടനാപ്രവർത്തകരിൽ സി. മേരി കരോളിൻ, സി. ജ്യോതിസ് എന്നിവരും ഉണ്ടായിരുന്നു. 28 മുതൽ മുട്ടുചിറ അൽഫോൻസ കോൺവെന്റിൽ നടന്ന ധ്യാനത്തിൽ പ്രി പോസ്റ്റുലൻസിയിലെ അർത്ഥിനികൾ പങ്കെടുത്തു. ആഗസ്റ്റ് 30–ാം തീയതി കാക്കനാട് വെച്ച് നടന്ന മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. റോസ് അനിത സംബന്ധിച്ചു.

**സി.എച്ച്.എഫ്.**

സംസ്ഥാനത്തെയാകെ ദുരിതത്തിലാഴ്ത്തിയ പ്രളയ ദിവസങ്ങളിൽ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ രാത്രികളിൽ ജാഗരണ പ്രാർത്ഥന നടത്തുകയും കരുണക്കായി പ്രാർത്ഥിക്കുകയും ചെയ്തു. കാലവർഷകെടുതിയിൽ വെള്ളം കയറി ഒറ്റപ്പെട്ടുപോയ കുട്ടനാട്ടിലെ കണ്ണങ്കരി എന്ന ഇടവകയിൽ ഹോളിഫാമിലി ജനറലേറിന്റെ കീഴിൽനിന്നും 18 സിസ്റേറഴ്സ് പോവുകയും മെഡിക്കൽ ക്യാമ്പ്, കൗൺസലിങ്ങ്, മെഡിസിൻ, അവശ്യ സാധനങ്ങളുടെ വിതരണം എന്നിവ നടത്തുകയും ചെയ്തു. വടക്കാഞ്ചേരി സെന്റ് പയസ് സ്ക്കൂൾ, ഒളരി ലിററിൽ ഫ്ളവർ സ്ക്കൂൾ , മുക്കാട്ടുകര സ്ക്കൂൾ, ചെമ്പൂക്കാവ് ഹോളിഫാമിലി സ്ക്കൂൾ എന്നിവടങ്ങളിൽ ജനങ്ങൾക്ക് താമസിക്കാൻ ക്യാമ്പ് ഒരുക്കിയിരുന്നു. 26–ാം തിയ്യതി നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ട ജൂനിയേഴ്സ് കോഴ്സിൽ 26 ജൂനിയർ സിസ്റേറഴ്സ് പങ്കെടുത്തു.വേലൂർ FATRI പ്രിൻസിപ്പാൾ ഡോ. സി. ഷെറിൻ മരിയ “സമർപ്പിതരും സാക്ഷ്യജീവിതവും” എന്ന വിഷ

യത്തെ സംബന്ധിച്ച് ക്ലാസെടുത്തു.

**സി.എസ്.സി.**

മരിയ പ്രൊവിൻസിലെ നാല് നോവീസസ്സ് 11–ാം തിയതി കുരിയച്ചിറ സെന്റ് ജോസഫ് ദേവാലയത്തിൽ വെച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന വി.ബലിയിൽ ആദ്യവ്രതാർപ്പണം നടത്തുകയും സഭാവസ്ത്രം സ്വീകരിക്കുകയം ചെയ്തു. കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്ന വയനാട്ടിലെ ജനങ്ങൾക്കാവശ്യമായ ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളും നൽകുന്നതിനായി തൃശ്ശൂർ അതിരൂപതയിൽ നിന്നും സാന്ത്വനം സോഷ്യൽ ആക്ഷന്റെ കൂടെ ബഹു. സിസ്റ്റേഴ്സ് ക്ലെയർ, പ്രണിധ, സോളിൻ, ഫെമി എന്നിവർ പോവുകയും ദുരിതപ്രദേശങ്ങൾ സന്ദർശിച്ച് അവരെ ആശ്വസിപ്പിക്കുകയും ചെയ്തു.

**സി.എസ്.എം.**

സന്ന്യാസിനി സമൂഹത്തിന്റെ നിയമവും അനുഷ്ഠാനവിധികളും നവീകരിക്കുന്നതിന്റെ ഭാഗമായി, 1 മുതൽ 10 വരെ കൃപാഭവൻ ജനറലേററിൽ വച്ച് നടന്ന 3–ാം അസാധാരണ ജനറൽ സിനാക്സിസിൽ 29 സിസ്റേറഴ്സ് പങ്കടുത്തു. 18–ാം തിയതി മർത്താസന്ന്യാസിനിസമൂഹത്തിന്റെ 70–ാം വാർഷികവും, 10 സിസ്റേറഴ്സിന്റെ വ്രതവാഗ്ദാന സുവർണ്ണജൂബിലിയും 7 സിസ്റ്റേഴ്സിന്റെ രജതജൂബിലിയും സംയുക്തമായി കൃപാഭവൻ ജനറലേററിൽ വച്ച് ആഘോഷിച്ചു. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കാർഡിനൽ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയിൽ വൈദികരും വിവിധ സന്ന്യാസസമൂഹങ്ങളിൽ നിന്നുമുള്ള സമർപ്പിതരും ജൂബിലേറിയൻസിന്റെ കുടുംബാംഗങ്ങളും ഇടവകജനങ്ങളും പങ്കെടുത്തു. പ്രസ്തുത പരിപാടിയിൽ വച്ച് അഭിവന്ദ്യ പിതാവ്, മർത്താ സന്ന്യാസിനി സമൂഹസ്ഥാപകൻ ബ. ജോൺ കിഴക്കൂടനച്ചനെ കുറിച്ച് സിസ്റേറഴ്സ് എഴുതി തയ്യാറാക്കി, ശ്രീ വിനായക് നിർമ്മൽ എഡിറ്റ് ചെയ്ത ജീവിതവും ദർശനവും എന്ന പുസ്തകം പ്രകാശനം ചെയ്തു.

## ആദരാഞ്ജലികൾ



01/08/18 എഫ്. സി. സി ഗുരുവായൂർ ലിസ്യു ഭവനാംഗമായ ബ. സി. ബൾബീന നിര്യാതയായി. 2–ാം തീയതി ഉച്ചതിരിഞ്ഞ് 4.30 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



02/08/18 സി.എം.സി. കൊട്ടേക്കാട് അസംപ്ഷൻ ഭവനാംഗമായ സി. ലൂഷ്യസ് നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



05/08/18 സി.എം.സി. ഒല്ലൂർ സെന്റ് മേരീസ് ഭവനാംഗമായ സി. പാസ്റ്റർ നിര്യാതയായി. എമിരിറ്റസ് മാർ പാസ്റ്റർ നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



13/08/18 സി.എം.സി. കുരിയച്ചിറ സെന്റ് പോൾസ് ഭവനാംഗമായ സി. മരിയ ടെറസിൻ നിര്യാതയായി. അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.

**സി. നമിത റോസ് സി.എം.സി**
സെക്രട്ടറി



# പാലയൂർ തീർഥകേന്ദ്രം

1. **മുപ്പിട്ടു ഞായർ തിരുനാൾ – ഒക്ടോബർ 13,14**
   ഒക്ടോബറിലെ മുപ്പിട്ടു ഞായർ തിരുനാൾ 13–ാം തിയതി ശനിയാഴ്ച വൈകീട്ട് 5 മണിക്ക് ദണ്ഡവിമോചന നവീകരണ ശുശ്രൂഷ, വിശുദ്ധ കുർബ്ബാന, തിരുസ്വരൂപം എഴുന്നെള്ളിച്ചു വെക്കൽ, ലദീഞ്ഞ്, നൊവേന, തിരുശേഷിപ്പു വണക്കം, നേർച്ച എന്നിവയോടു കൂടി ആരംഭിക്കുന്നു.
   14ന് രാവിലെ 6.30 am ന് തിരുനാൾ പാട്ടു കുർബ്ബാന, സന്ദേശം, തളിയക്കുളത്തിലേക്ക് പ്രദക്ഷിണം, തിരുശേഷിപ്പു വണക്കം, നേർച്ച ഭക്ഷണം എന്നിവയും കൂടാതെ 10.30 am നും 3.30 pm നും 5.30 pm നും വിശുദ്ധ കുർബ്ബാന, നൊവേന, തിരുശേഷിപ്പു വണക്കം, നേർച്ച എന്നിവയും ഉണ്ടായിരിക്കും.

a. **ദണ്ഡവിമോചനം –**
   13ന് വൈകീട്ട് 5 മണിമുതൽ 14ന് രാത്രിവരെ വിശ്വാസ കവാടത്തിലൂടെ യോഗ്യതപൂർവ്വം പ്രവേശിക്കുന്നവർക്ക് പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്.

b. **തളിയക്കുളത്തിൽ ആഘോഷമായ മാമോദീസ –**
   മുപ്പിട്ടു ഞായറാഴ്ച (14/10/18) ഉച്ച കഴിഞ്ഞ് 3 മണിക്ക് ആയിരിക്കും നടത്തുന്നത്. ആവശ്യമുള്ളവർ ഒക്ടോബർ 5 നു മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്.



C. **കുട്ടികൾക്ക് ആദ്യത്തെ ചോറൂണ് –**

മുപ്പിട്ടു ഞായറാഴ്ച (14/10/2018) രാവിലെ 8 മണിക്ക് തീർത്ഥ കേന്ദ്രം തിരുസന്നിധിയിൽ വെച്ച് നടത്തുന്നതാണ്. ആവശ്യമുള്ളവർ ഒക്ടോബർ 7 നു മുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്.

2. **മാർതോമ ചൊവ്വാഴ്ച ആചരണം – (നവവാര ചൊവ്വാഴ്ചകൾ)**

ദണ്ഡവിമോചനത്തോടുകൂടിയ വിശ്വാസ കവാടത്തിന്റെ സ്ഥാപനത്തിന്റെയും, അതിനു നിദാനമായ മാർതോമാശ്ലീഹായുടെ പാലയൂരിലെ ആഗമനത്തിന്റെയും വാർഷികം നവംബറിലെ മുപ്പിട്ടു ഞായറാഴ്ച തിരുനാളിനോടൊപ്പം ആചരിക്കുന്നതിന് ഒരുക്കമായി 9 ചൊവ്വാഴ്ചകളിൽ പ്രത്യേക നിയോഗത്തോടുകൂടി മാർതോമാ ചെവ്വാഴ്ച ആചരണം നടത്തുന്നു.

ഒക്ടോബർ 2, 9, 16, 23, 30 തിയതികളിൽ രാവിലെ 9.45ന് ആരംഭിച്ച് മാർതോമാ നൊവേന, മാർതോമായ്ക്ക് സമർപ്പണം, വചനപ്രഘോഷണം, കുമ്പസാരം, കൗൺസലിംഗ്, വിശുദ്ധ കുർബ്ബാന, സാക്ഷ്യങ്ങൾ, നേർച്ച ഭക്ഷണം, ആരാധന, മദ്ധ്യസ്ഥ പ്രാർത്ഥന, ശിരസ്സിൽ കൈവെച്ച് ആശീർവാദം, തിരുശേഷിപ്പു വന്ദനം, എന്നിവയോടുകൂടി 3.15 pm ന് സമാപിക്കും. കൂടാതെ 5.30 pmനും ആഘോഷമായ കുർബ്ബാനയും നൊവേനയും തിരുശേഷിപ്പു വണക്കവും ഉണ്ടായിരിക്കുന്നതാണ്.

3. **തീർത്ഥ കേന്ദ്രത്തിൽ ജപമാല ഭകതി**

മാർതോമാശ്ലീഹ 1966 വർഷങ്ങൾക്കുമുമ്പ് പാലയൂരിൽ വന്നപ്പോൾ, ശ്ലീഹായുടെ കയ്യിൽ ഒരു കുരിശും, യേശുവിന്റെ അമ്മയെ സ്വന്തം അമ്മയായി ലഭിച്ചതു കൊണ്ടുള്ള സന്തോഷത്താൽ കന്യകാമാതാവിന്റെ ഒരു ചിത്രവും (വി.ലൂക്ക വരച്ചതാണെന്ന് വിശ്വസിക്കപ്പെടുന്നു.) ആണ് ഉണ്ടായിരുന്നതത്രെ. മാർതോമാശ്ലീഹായിൽ നിന്ന് വിശ്വാസം പകർന്നു കിട്ടിയതോടൊപ്പം യേശുവിന്റെ അമ്മയോടുള്ള സ്നേഹവും മാർതോമാ ക്രിസ്ത്യാനികൾക്ക് ലഭിച്ചിട്ടുണ്ട്.

തീർത്ഥകേന്ദ്രത്തിലെ ജപമാല മാസാചരണത്തിന്റെ ഉദ്ഘാടനം ഒക്ടോബർ 18നും, ദിവസം മുഴുവനുമുള്ള അഖണ്ഡജപമാല ഒക്ടോബർ 18 നും, ജപമാല റാലി ഒക്ടോബർ 28നും സമാപനാഘോഷം ഒക്ടോബർ 31നും 2 മുതൽ 10 വരെ ജപമാല കുടുംബയൂണിറ്റുകളും ബാക്കി 18 ദിവസം കുടുംബയൂണിറ്റുകളുടെ നേതൃത്വത്തിൽ തീർത്ഥകേന്ദ്രത്തിലും നടത്തുന്നതാണ്.

**4. തീർത്ഥകേന്ദ്രത്തിൽ കുരിശിന്റെ പ്രയാണവും ജെറീക്കോ പ്രാർത്ഥനയും**

പാലയൂർ ഫൊറോന പ്രാർത്ഥനാ ഗ്രൂപ്പിന്റെയും അതിരൂപതാ പ്രാർത്ഥനാഗ്രൂപ്പിന്റെയും നേതൃത്വത്തിൽ ഒക്ടോബർ 6 ശനിയാഴ്ച പാലയൂർ തീർത്ഥ കേന്ദ്രത്തിൽ വെച്ച് രാവിലെ 9 മുതൽ കുരിശിന്റെ പ്രയാണവും ജെറീക്കോ പ്രാർത്ഥനയും നടത്തുന്നുണ്ട്.

**5. സകല വിശുദ്ധരുടേയും തിരുനാൾ നവംബർ 1–ാം തീയതി**

ഉച്ച കഴിഞ്ഞ് 5.15pmന് വിശുദ്ധ കുർബ്ബാന, വേസ്പര പ്രദക്ഷിണം, ദീപാവലി എന്നിവയോടുകൂടി തീർത്ഥ കേന്ദ്രത്തിൽ ആഘോഷിക്കുന്നു.

**ഫാ. ജോസ് പുന്നോലിപറമ്പിൽ**
റെക്ടർ

GO AND PREACH TO ALL THE NATIONS

# മതബോധനം

THRISSUR
CATECHETICAL CENTRE

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ ഏറ്റം പ്രിയ കുട്ടികളേ,

ഒക്ടോബർ മാസം കൊന്തമാസമാണ്. പരിശുദ്ധ ജപമാല രാജ്ഞിയോട് പ്രത്യേകം ഭക്തിയുള്ളവരാണ് മലയാളികൾ. നിങ്ങൾ വീട്ടിലും പള്ളിയിലും ജപമാല ചൊല്ലുന്നുണ്ടല്ലോ? നമ്മുടെ കുടുംബത്തിന്റെ ആത്മീയശക്തി ജപമാലയോടുകൂടിയ കുടുംബപ്രാർത്ഥനയാണ്. ജപമാലമാസം പരി. അമ്മയുടെ മധ്യസ്ഥതയിൽ വളരെയധികം ദൈവാനുഗ്രഹം പ്രാപിക്കാൻ പറ്റിയ അവസരമാണ്.

നമ്മുടെ നാട് കഴിഞ്ഞ ദിവസങ്ങളിൽ നടന്ന പ്രളയം കൊണ്ടും അതിശക്തമായ മഴകൊണ്ടും തകർക്കപ്പെടുകയുണ്ടായി. നമ്മുടെ

പ്രാർത്ഥനകൊണ്ടും നല്ലമനസ്സു കൊണ്ടുമാണ് ഒരു തിരുച്ചുവരവ് നമ്മുക്ക് സാധ്യമായത്. പ്രാർത്ഥനയും നന്മനിറഞ്ഞ മനസ്സും ഈ ഭൂമിയിലെ ജീവിതത്തിന് അത്യാവശ്യമാണ് എന്ന് നാം തിരിച്ചറിഞ്ഞു.

യേശുവിലുള്ള നമ്മുടെ വിശ്വാസത്തിനെതിരെ വെല്ലുവിളികൾ വന്നപ്പോൾ, വിശ്വാസം നശിപ്പിക്കാൻ ഈ ലോകശക്തികളും ദുരാത്മാക്കളും പരിശ്രമിച്ചപ്പോഴും സഭ ജപമാലയിലൂടെ, പിശാചിന്റെ തലയെ തകർത്ത പരി. അമ്മയുടെ മദ്ധ്യസ്ഥത വഴി പിശാചിന്റെ കുടില തന്ത്രങ്ങളെ തകർത്തിട്ടുണ്ട്, ഒപ്പം നമ്മുടെ സഭയുടെ വിശ്വാസം ശക്തിപ്പെടുത്തിയിട്ടുമുണ്ട്. അതുകൊണ്ട് എവിടെയൊക്കെ ദൈവവിശ്വാസത്തിന് കുറവ് വരുന്നോ, എവിടെയൊക്കെ വിശ്വാസം ഉപേക്ഷിക്കപ്പെടുന്നോ അവിടെയല്ലാം പരി. അമ്മ വഴി ദൈവം അത്ഭുതങ്ങളിലൂടെയും, അടയാളങ്ങളിലുടെയും വിശ്വാസത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള അവസരങ്ങളിൽ പരി. അമ്മ പ്രത്യക്ഷപ്പെട്ട് ജപമാല ചൊല്ലാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. നമ്മുടെ സഭയും ഇന്ന് വേദനകളിലൂടെ കടന്നുപോകുമ്പോൾ ഏത് ശക്തിക്കെതിരെയും നമ്മുടെ യേശുവിലും യേശുവിന്റെ സഭയിലുമുള്ള വിശ്വാസം നഷ്ടപ്പെടുത്താതെ, എത് പീഢനങ്ങളിലും വിശ്വാസം തീക്ഷണതയോടെ സൂക്ഷിച്ച ആദിമ ക്രൈസ്തവരെപ്പോലെ ജീവിക്കാൻ പരി. അമ്മ നമ്മോടും ആവശ്യപ്പെടുന്നത് ജപമാല ചൊല്ലാൻ തന്നെയാണ്.

1858-ൽ ലൂർദ്ദിൽ ബർണാദീത്തയ്ക്ക് പ്രത്യക്ഷപ്പെട്ടപ്പോഴും 1917 -ൽ ഫാത്തിമായിൽ ലൂസി, ജെസീന്ത, ഫ്രാൻചെസ്കോ എന്നീ കുട്ടികൾക്ക് പ്രത്യക്ഷപ്പെട്ടപ്പോഴും ജപമാല ചൊല്ലാൻ ആഹ്വാനം ചെയ്യുകയുണ്ടായി. വി. ജോൺ പോൾ രണ്ടാമൻ പാപ്പ പറയുന്നു.

എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രാർത്ഥന ജപമാലയാണ്. വി. പത്താം പിയൂസ് പറയുന്നു: ജപമാല ഏറ്റവും നല്ല ആയുധമാണ്. വി. ഡൊമിനിക്കിന്റെ വാക്കുകളിൽ ജപമാലയും ഉത്തരീയവും വഴി പരി. അമ്മ ലോകത്തെ രക്ഷിക്കും. വാഴ്ത്തപ്പെട്ട 9-ാം പിയൂസ് പാപ്പ പറയുന്നത് "കൊന്ത ചൊല്ലുന്ന ഒരു സൈന്യത്തെ തരൂ, ഞാൻ ഈ ലോകത്തെ കീഴടക്കാം" എന്നാണ്. അത്രയ്ക്കും പ്രാധാന്യമുള്ള പ്രാർത്ഥനാരീതിയായാണ് സഭ ജപമാലയെ നോക്കി കാണുന്നത്.

എന്തുകൊണ്ടാണ് പ്രിയ കുട്ടികളേ, ജപമാല ഭക്തിക്ക് ഇത്രയും പ്രാധാന്യം ലഭിക്കുന്നത്? ഇത് സാധാരണക്കാരൻ യേശുവിന്റെ ജീവിതത്തെ ധ്യാനിക്കുന്ന വഴിയാണ്. വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ജപമാല ഭക്തിയെ വിശദീകരിക്കുന്നത് പരി. അമ്മയുടെ കണ്ണുകളിലൂടെ ഈശോ

യുടെ ജീവിതത്തെ നോക്കി കണ്ടു കൊണ്ടുള്ള ധ്യാനമായിട്ടാണ്. നിങ്ങളുടെ അമ്മമാരോട് നിങ്ങളുടെ ജീവചരിത്രം പറയാൻ നിങ്ങൾ ആവശ്യപ്പെട്ടാൽ അമ്മ എങ്ങനെയാണ് മറുപടി പറയുക എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? പരി. കന്യകാമറിയം യേശുവിന്റെ മനുഷ്യാവതാരം മുതൽ മരണവും ഉത്ഥാനത്തിന് ശേഷം അവളെ ത്രിലോക രാജ്ഞിയായി മുടിയണിയിപ്പിച്ചതു വരെയുള്ള ഈശോയുടെ ജീവിതത്തിന്റെ ധ്യാനമാണ് ജപമാല. യേശു പഠിപ്പിച്ച സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയും ഗബ്രിയേൽ ദൂതനും എലിസബത്തും മറിയത്തെ അഭിസംബോധന ചെയ്തുള്ള 'നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥനയും ജപിച്ചുകൊണ്ടാണ് ഈ ധ്യാനം നടത്തുന്നത്.

ജപമാലയിൽ 20 രഹസ്യങ്ങളുണ്ട്. യേശുവിന്റെ ജനനത്തെ കുറിച്ച് ഗബ്രിയേൽ ദൂതൻ പറഞ്ഞ കാര്യങ്ങളാണ് മറിയത്തിന്റെ മനസ്സിൽ യേശുവിനെ നോക്കികാണുമ്പോൾ ആദ്യം വരിക. അതാണ് സന്തോഷത്തിന്റെ ഒന്നാം രഹസ്യം. പരിശുദ്ധാത്മാവ് മറിയത്തിൽ നിറഞ്ഞ് യേശുവിനെ ഗർഭം ധരിച്ചതും യേശുവിനെ സംവഹിച്ചുകൊണ്ട് ചാർച്ചക്കാരിയായ എലിസബത്തിനെ സന്ദർശിച്ചതും അവിടെ വച്ച് എലിസബത്ത് പറഞ്ഞ വാക്കുകളും രണ്ടുപേരും കൂടെ സ്തോത്രഗീതം പാടിയതും മറിയത്തിന് ഓർമ്മയുണ്ട്. പ്രസവസമയമായപ്പോൾ യൗസേപ്പും മറിയവും കൂടി രാജാവിന്റെ കല്പനപ്രകാരം ബെത്ലെഹമിലേക്ക് പോയതും സത്രത്തിൽ സ്ഥലം കിട്ടാത്തതിനാൽ കാലിതൊഴുത്തിൽ യേശുവിനെ പ്രസവിച്ചതും മാലാഖമാർ പാടിയതും ഇടയന്മാരും രാജാക്കന്മാരും വന്നതും മറിയത്തിന്റെ മനസ്സിൽ തെളിഞ്ഞ് നിന്നിട്ടുമുണ്ട്. യേശുവിനെ രക്ഷിക്കാൻ ഈജിപ്തിലേക്ക് ഓടിപ്പോയതും ദൈവാലയത്തിൽ ശെമയോന്റെ കരങ്ങളിൽ യേശുവിനെ കാഴ്ചവച്ചതും 12 –ാം വയസ്സിൽ യേശുവിനെ നഷ്ടപ്പെട്ടതും പിന്നീട് ദൈവാലയത്തിൽ കണ്ടെത്തിയതും മറിയം ഓർക്കുന്നുണ്ട്. യേശുവിന്റെ 30 വർഷത്തെ രഹസ്യ ജീവിത്തെ ഏറ്റവും ഹ്രസ്വമായി പരി. മറിയം ധ്യാനിച്ചതാണ് സന്തോഷത്തിന്റെ രഹസ്യം.

മൂന്ന് വർഷത്തെ യേശുവിന്റെ പരസ്യജീവിതത്തെ കുറിച്ചുള്ള മറിയത്തിന്റെ ധ്യാനമായി പ്രകാശത്തിന്റെ രഹസ്യത്തെ നോക്കി കാണാം. യേശു മാമ്മോദീസ സ്വീകരിച്ചതും കാനായിലെ വെള്ളം വീഞ്ഞാക്കിയതും ദൈവരാജ്യം പ്രസംഗിച്ചതും താബോറിൽ രൂപാന്തരപ്പെട്ടതും ഒടുവിലത്തെ അത്താഴത്തിൽ വി. കുർബാന സ്ഥാപിച്ചതും യേശുവിന്റെ രക്ഷാകര ചരിത്രത്തിലെ നാഴികകല്ലുകളാണ്.

മനുഷ്യനെ രക്ഷിക്കാൻ വേണ്ടി യേശു പീഢകൾ സഹിച്ചതിനെ കുറിച്ചുള്ള ധ്യാനമാണ് ദുഃഖരഹ

സ്യങ്ങൾ. ഗദ്സമെനിൽ രക്തം വിയർത്തതും പീലാത്തോസിന്റെ കല്പനയാൽ ചമ്മട്ടിയടിയേറ്റതും പട്ടാളക്കാർ മുൾക്കിരീടം യേശുവിന്റെ ശിരസ്സിലമർത്തിയതും ഭാരമേറിയ കുരിശ് ചുമലിൽ ഏറ്റിയതും കുരിശിന്റെ വഴിയെ നടന്ന, കീഴിൽ നിന്ന, മൃതനായ യേശുവിനെ മടിയിൽ കിടത്തിയ, സംസ്കരിക്കാൻ കൂടെ നടന്ന മറിയത്തിന് ഒരിക്കലും മറക്കാനാകില്ല. എന്നാൽ സഹരക്ഷകയായ പരി. അമ്മ ഒരിക്കലും നിരാശപ്പെട്ടില്ല. യേശു മൂന്നുപ്രാവശ്യം പീഡാനുഭവപ്രവചനം നടത്തിയപ്പോഴും യേശു മരണത്തെ തോല്പിച്ച് മൂന്നാം ദിവസം ഉയിർക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആ പ്രത്യാശയുടെ മുഹൂർത്തങ്ങളാണ് മഹിമയുടെ രഹസ്യങ്ങളിൽ മറിയത്തോടൊപ്പം നമ്മൾ ധ്യാനിക്കുന്നത്. യേശു ഉത്ഥാനം ചെയ്തതുംനാല്പതാം നാൾ സ്വർഗ്ഗാരോഹണം ചെയ്തതും ശിഷ്യരും മറിയവും പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ പരിശുദ്ധാത്മാവ് തീനാവുകളുടെ രൂപത്തിൽ എഴുന്നള്ളി വന്ന് അവരിൽ നിറഞ്ഞതും പ്രധാന സംഭവങ്ങളാണ്. യേശുവിന്റെ കൂടെ നിന്ന മറിയത്തെ യേശു സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി ത്രിലോകരാജ്ഞിയായി മുടി ധരിപ്പിച്ചു. ഈ കാര്യങ്ങൾക്കൂടി നാം മഹിമയുടെ രഹസ്യത്തിൽ ധ്യാനിക്കുന്നു.

പ്രിയ കുട്ടികളേ, ജപമാലയെന്ന് പറഞ്ഞാൽ, ചുരുക്കത്തിൽ, മറിയത്തോട് ചേർന്ന് ഈശോയുടെ ജീവചരിത്രം ധ്യാനിക്കലാണ്. അതിന് യേശു പഠിപ്പിച്ച പ്രാർത്ഥനയും മംഗളവാർത്തയും നമ്മുടെ യാചനകളും ആവർത്തന സൂക്തങ്ങളാക്കുന്നു. നന്നായി ജപമാല ചൊല്ലാൻ സാധിച്ചാൽ തീർച്ചയായും പരി. അമ്മയുടെ മധ്യസ്ഥതവഴി ദൈവാനുഗ്രഹങ്ങൾ നമുക്ക് ലഭിക്കാതിരിക്കില്ല. അതുകൊണ്ട് മുടങ്ങാതെ ജപമാല ചൊല്ലാൻ നിങ്ങൾ പ്രതിജ്ഞയെടുക്കുക. നിങ്ങൾ സഭക്കും, നമ്മുടെ അതിരൂപതയ്ക്കും വേണ്ടി പരി. അമ്മയോട് പ്രാർത്ഥിക്കുമല്ലോ?

നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# മതബോധനവാർത്തകൾ

ജപമാല പ്രാർത്ഥനകളിലൂടെ പരിശുദ്ധ കന്യകാമാതാവിന്റെ മദ്ധ്യസ്ഥത കൂടുതലായി യാചിക്കുന്ന മാസമാണല്ലോ ഇത്. അർദ്ധവാർഷിക പരീക്ഷകളും നടക്കുന്നു. സഭയുടെ സാർവ്വത്രിക പ്രേഷിത പ്രവർത്തനങ്ങളെക്കുറിച്ച് വിചിന്തനം നടത്താനും അതോടു സഹകരിക്കാനുമുള്ള മിഷൻ ഞായറും ഈ മാസത്തിൽ ആചരിക്കുന്നു. ദൈവിക രഹസ്യങ്ങൾ ഹൃദയ ത്തിൽ ഉൾക്കൊള്ളുകയും ദൈവികപദ്ധതിയനുസരിച്ച് ജീവിക്കാൻ തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്ത പരിശുദ്ധ അമ്മയുടെ വിശ്വാസജീവിതം നമ്മുടെ വിശ്വാസപരിശീലനത്തിൽ മാതൃകയാക്കാം. ഭക്തിയോടും ശ്രദ്ധയോടും കൂടി ജപമാല ചൊല്ലുന്നതിന് കുട്ടികളെ പരിശീലിപ്പിക്കുന്നതിന് അധ്യാപകർ  പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഇടവകകളിലെ ജപമാല മാസാചരണം ഭക്തിനിർഭരവും അനുഗ്രഹപ്രദവുമാക്കാൻ മതബോധനയൂണിറ്റുകൾ പ്രത്യേക താത്പര്യത്തോടെ സഹകരിക്കുമല്ലോ.

1. **അർദ്ധവാർഷിക പരീക്ഷകൾ: 02.00 PM - 04.00 PM**

   2018 ഒക്ടോബർ 7 : Stds. I, III, V, VII, IX, XI

   2018 ഒക്ടോബർ 14 : Stds. II, IV, VI, VIII, X, XII, ACC

   പരീക്ഷകളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ  ഞായറാഴ്ച മതബോധന വാർഷിക പ്രോഗ്രാം പുസ്തകത്തിൽ നൽകിയിരിക്കുന്നത് കൃത്യമായും പാലിക്കേണ്ടതാണ്. മതബോധന യൂണിറ്റുകളിൽ നടക്കുന്ന എല്ലാ ക്ലാസ്സുകളിലെയും അർദ്ധവാർഷിക, വാർഷിക പരീക്ഷകൾക്ക് അതിരൂപതാ മതബോധനകേന്ദ്രത്തിൽ നിന്നും നല്കുന്ന ചോദ്യപേപ്പർ മാത്രമാണ് ഉപയോഗിക്കേണ്ടത്. പരീക്ഷകൾ കൃത്യമായി നടത്തുന്നതിന്  എല്ലാവരും സഹകരിക്കുകയും വിദ്യാർത്ഥികൾ നന്നായി ഒരുങ്ങി പരീക്ഷയിൽ പങ്കെടുക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. എല്ലാ വിദ്യാർത്ഥികൾക്കും പരീക്ഷാ വിജയം ആശംസിക്കുന്നു.

2. **മൂല്യനിർണ്ണയം :** അർദ്ധവാർഷിക പരീക്ഷകളുടെ ഉത്തരകടലാസ് പരിശോധന വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററുടേയും നേതൃത്വത്തിൽ ഒരു നിശ്ചിത ദിവസം എല്ലാ അധ്യാപകരും ഒന്നുചേർന്ന് നടത്തുന്നത് നല്ലതാണ്. അർദ്ധവാർഷിക ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയത്തിനാവശ്യമായ ഉത്തരസൂചിക ഒക്ടോബർ 15–ന്

ശേഷം മതബോധനകേന്ദ്രത്തിന്റെ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. അർദ്ധവാർഷിക പരീക്ഷയുടെ എല്ലാ ക്ലാസ്സിലേയും മാർക്കുകൾ സോഫ്റ്റ് വെയറിൽ ഒക്ടോബർ 30–നു മുമ്പ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഒക്ടോബർ 30 ന് ശേഷം സോഫ്റ്റ് വെയറിൽ മാർക്ക് അപ്‌ലോഡ് ചെയ്യാൻ മറ്റൊരു ദിവസം അനുവദിക്കുന്നതല്ല.

3. **പുനഃപരീക്ഷ :** (വാർഷിക പ്രോഗ്രാം പേജ് 52, 53, കാണുക) വിദ്യാർത്ഥിയുടെ രോഗം, ആശുപത്രി വാസം, അടുത്ത ബന്ധുവിന്റെ മരണം, സ്വഭവനത്തിലെ സഹോദരീ സഹോദരന്മാരുടെ വിവാഹം, ഒഴിച്ചുകൂടാനാകാത്ത സർക്കാർ പൊതുപരീക്ഷ എന്നീ അഞ്ച് കാര്യങ്ങളിൽ ഏതെങ്കിലും മതബോധന പരീക്ഷാദിവസം സംഭവിക്കുന്നതുകൊണ്ട് അർദ്ധവാർഷിക പരീക്ഷയ്ക്ക് ഹാജരാകാൻ പറ്റാത്ത Std. I മുതൽ ACC വരെയുള്ള വിദ്യാർത്ഥികൾക്ക് മതബോധനകേന്ദ്രം മറ്റൊരു പരീക്ഷ ക്രമീകരിക്കുന്നതാണ്. ഇതിൽ പങ്കെടുക്കുന്നവർ ഹാജരാകാത്ത പരീക്ഷയ്ക്ക് ശേഷം 7 ദിവസത്തിനുള്ളിൽ അതിരൂപതാ മതബോധനകേന്ദ്രത്തിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം കാരണങ്ങൾ തെളിയിക്കുന്ന രേഖ (ഉദാ: Medical Certificate) ബോധ്യപ്പെട്ട് ബഹു. വികാരിയച്ചന്റെ ശിപാർശ കത്ത് ഹാജരാക്കണം. ഈ പരീക്ഷകൾ നവംബർ 4–ാം തിയ്യതി 2 PM - 4 PM വരെ ആയിരിക്കും. അതതു യൂണിറ്റുകളിൽ തന്നെയാണ് പരീക്ഷ നടത്തേണ്ടത്. ഇപ്രകാരമുള്ള പരീക്ഷാഫലം റാങ്കിനോ, സ്കോളർഷിപ്പിനോ മറ്റു സമ്മാനങ്ങൾക്കോ പരിഗണിക്കുന്നതല്ല. ഇതിനുള്ള ചോദ്യപേപ്പർ മതബോധനകേന്ദ്രത്തിൽ നിന്നും നവംബർ 2 മുതൽ ലഭ്യമായിരിക്കും. പ്രധാനാധ്യാപകരുടെ ഉത്തരവാദിത്വത്തിൽ അവ കൊണ്ടുപോകേണ്ടതാണ്.

4. **സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഒരുക്കമായി അർദ്ധവാർഷിക പരീക്ഷയുടെ ഉത്തരക്കടലാസ്സ് പുനഃപരിശോധന** (വാർഷിക പ്രോഗ്രാം പേജ് 53–55 കാണുക)

   അർദ്ധവാർഷിക പരീക്ഷയിൽ 80 ശതമാനമോ (40 ൽ 32 മാർക്ക്)

   അതിൽക്കൂടുതലോ മാർക്കു വാങ്ങിയ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സുകൾ വിദ്യാർത്ഥികളുടെ ലിസ്റ്റ് സഹിതം കവറിലാക്കി, യൂണിറ്റിന്റെ പേരും സീലും വെച്ച്, യൂണിറ്റുകളിൽനിന്ന് മതബോധനകേന്ദ്രത്തിലേക്ക് ഒക്ടോബർ 31 ന് മുമ്പായി പുനർമൂല്യനിർണ്ണയത്തിന് ഏല്പിക്കേണ്ടതാണ്. ഉത്തരക്കടലാസ്സുകൾ ഏല്പിക്കുന്നതിന് മുമ്പായി അവയുടെ മാർക്കുകൾ സോഫ്റ്റ് വെയറിൽ അപ്‌ലോഡ്

ചെയ്തിരിക്കണം. ഇത്തരത്തിൽ അപ്‌ലോഡ് ചെയ്യാത്തവരുടെയും, നിശ്ചിത തിയതിക്കുമുമ്പ് ലഭിക്കാത്തവരുടെയും ഉത്തരക്കടലാസ്സുകൾ പുനർമൂല്യനിർണ്ണയം ചെയ്യുന്നതിന് സാധിക്കാതെവരുമെന്നതിനാൽ, അവ പരിഗണിക്കപ്പെടുന്നതല്ല.

അർദ്ധവാർഷിക പരീക്ഷയുടെയും വാർഷിക പരീക്ഷയുടെയും ഉത്തരക്കടലാസ്സുകൾ മതബോധനകേന്ദ്രത്തിൽ പുനഃപരിശോധനയ്ക്ക് വിധേയമാകാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കില്ല.

അർദ്ധവാർഷിക പരീക്ഷയിലെയും വാർഷിക പരീക്ഷയിലെയും ഉത്തരക്കടലാസ്സുകൾ മതബോധനകേന്ദ്രത്തിൽ പുനഃപരിശോധന ചെയ്ത ശേഷം, രണ്ടിലും കൂടി 90%മോ അതിൽകൂടുതലോ മാർക്ക് വാങ്ങിയ വിദ്യാർത്ഥികളെമാത്രമാണ് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് തിരഞ്ഞെടുക്കുന്നത്

## 5. Std. XII ലെ വിദ്യാർത്ഥികളുടെ ബയോഡാറ്റയും ഫോട്ടോയും

1. ഈ വർഷം Std. XII ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ബയോഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കുക. (അല്ലാത്തപക്ഷം തെറ്റായ വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വന്നുചേരും)
2. അവരുടെ ഫോട്ടോ സോഫ്റ്റ് വെയറിലേക്ക് അപ്‌ലോഡ് ചെയ്യുക. (വിദ്യാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ (150 x 200 pix)ആണ് അപ്‌ലോഡ് ചെയ്യേണ്ടത്.)

3. കഴിഞ്ഞ വർഷം Std. XII വാർഷിക പരീക്ഷയിൽ തോറ്റവർക്കും, വിജയിച്ചെങ്കിലും 40 ൽ താഴെ മാത്രം മാർക്ക് ലഭിച്ചവർക്കും Improvement പരീക്ഷ എഴുതുവാനുള്ള അവസരമുണ്ട്. അവരെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന ദിവസം ഒക്ടോബർ 31. ആദ്യവർഷം ചുരുങ്ങിയത് 20 ഹാജർ ഉള്ളവർക്ക് ഈ വർഷത്തെ ക്ലാസ്സുകളിൽ ഹാജരാകാതെ Improvement വാർഷിക പരീക്ഷ എഴുതാവുന്നതാണ്. ഹാജർ കുറവായിരുന്നെങ്കിൽ, പരീക്ഷയെഴുതുന്ന അധ്യയനവർഷത്തിൽ 20 ക്ലാസ്സുകളിലെങ്കിലും പങ്കെടുത്തിരിക്കണം. എങ്കിൽ മാത്രമേ Improvement Exam ചെയ്യുന്നതിന് അനുവാദമുള്ളൂ.

## 6. Std. XII പ്രതിഭാ പരിശീലനക്യാമ്പ്

12–ാം ക്ലാസ്സിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പ്രതിഭാപരിശീലനക്യാമ്പ് മതബോധനകേന്ദ്രത്തിൽവെച്ച് ഒക്ടോബർ 28–ന് നടത്തുന്നതാണ്. 9.30 AM - 4.30 PM.

**7. സർവ്വീസ് അവാർഡ്**

സർവീസ് അവാർഡിന് അർഹരായവരെ തിരഞ്ഞെടുക്കുന്നത് സോഫ്റ്റ് വെയറിൽ ചേർത്തിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിനായി മറ്റു ഫോമുകളോ ലിസ്റ്റുകളോ നൽകേണ്ടതില്ല. കഴിഞ്ഞ വർഷങ്ങളിലെ ഫോമുകൾ പൂരിപ്പിച്ച് അയക്കുകയും വേണ്ട. സോഫ്റ്റ് വെയറിൽ അധ്യാപകരുടെ സർവ്വീസ് വിവരങ്ങൾ പൂർണ്ണമായും ചേർക്കാത്ത യൂണിറ്റുകൾ ഉണ്ടെങ്കിൽ ഒക്ടോബർ 31നുമുമ്പ് പൂർത്തീകരിക്കേണ്ടതാണ്. സർവീസ് അവാർഡിനുള്ള അർഹത ഉണ്ടായിരുന്നിട്ടും മുൻവർഷങ്ങളിൽ അവ ലഭിക്കാതിരുന്നവർ ഉണ്ടെങ്കിൽ കാരണസഹിതമുള്ള അപേക്ഷ ബഹു. വികാരിയച്ചന്റെ ശുപാർശയോടുകൂടി മതബോധന കേന്ദ്രത്തിൽ ഒക്ടോബർ 31 ന് മുമ്പ് ഏൽപിക്കേണ്ടതാണ്.

**8. പ്രബോധനവിഷയ–പ്രവർത്തനമേഖല സെമിനാർ** (വാർഷിക പ്രോഗ്രാം പേജ് 57 കാണുക)

പ്രബോധനവിഷയ–പ്രവർത്തന മേഖലയെ ആസ്പദമാക്കി 12–ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കു വേണ്ടി യൂണിറ്റുതലത്തിൽ സെമിനാർ നടത്തേണ്ടതാണ്. യൂണിറ്റിന്റെ സാഹചര്യം കണക്കിലെടുത്ത് 11, 12, ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഒരുമിച്ചുചേർത്ത് ഇത് നടത്താവുന്നതാണ്. സെമിനാറിന് ഈ വർഷത്തെ വിഷയം **'യുവജനങ്ങൾ ക്രൈസ്തവ സംസ്കാര ശില്പികൾ'** എന്നതാണ്. ഈ വിഷയത്തെക്കുറിച്ച് ക്ലാസ്സെടുക്കുന്നതിനുള്ള വ്യക്തികളെ മതബോധനകേന്ദ്രത്തിൽ പരിശീലിപ്പിച്ചുകഴിഞ്ഞു. ഇവരുടെ പേരുവിവരങ്ങൾ Blog–ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവരുടെ സഹായത്തോടെ യൂണിറ്റുകളുടെ ഉത്തരവാദിത്വത്തിൽ സെമിനാർ നടത്തണം. ഉചിതമായ പരിപാടികളോടെ, ഉദാഹരണത്തിന് സാമൂഹ്യസേവനപരിപാടികൾ, സ്ഥാപനസന്ദർശനങ്ങൾ, പരിസ്ഥിതിപ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി, യൂണിറ്റിന്റെ ഔചിത്യമനുസരിച്ച് അർദ്ധദിന സെമിനാറായോ ഏകദിനസെമിനാറായോ ഇത് നടത്താവുന്നതാണ്. 2018 ഡിസംബറിനുമുമ്പ് എല്ലാ യൂണിറ്റിലും ഈ സെമിനാർ നടത്തേണ്ടതാണ്. നിശ്ചിത ക്ലാസ്സുകളിലെ മുഴുവൻ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം. യൂണിറ്റിലെ മതബോധന പ്രവർത്തന റിപ്പോർട്ട് പുസ്തകത്തിൽ സെമിനാറിന്റെ വിവരങ്ങൾ എഴുതിവയ്ക്കണം.

**9. ആപ്റ്റിറ്റ്യൂഡ് പഠനവും പരീക്ഷയും – 2018**

വിശ്വാസവിഷയങ്ങളുടെ പഠനം മതാധ്യാപകർക്ക് ഒരു തുടർപ്രക്രിയയാണ്. ഇതിന് അവരെ സഹായിക്കുന്നതിനുള്ളതാണ് ആപ്റ്റിറ്റ്യൂഡ് പഠനം. മതബോധനകേന്ദ്രത്തിൽ നിന്ന് നിർദ്ദേശിക്കുന്ന പുസ്തകം എല്ലാ അധ്യാപകരും (ഹെഡ്മാസ്റ്റർ ഉൾപ്പെടെ) പഠിക്കുകയും ആപ്റ്റിറ്റ്യൂഡ് പരീക്ഷ എഴുതി വിജയിക്കുകയും വേണം. പരീക്ഷയ്ക്കുവേണ്ടി പഠിക്കുക എന്നതിലുപരി അറിവുനേടാൻ പഠിക്കുകയും എത്രമാത്രം അറിഞ്ഞിട്ടുണ്ട് എന്നു തിരിച്ചറിയുകയും ചെയ്യുന്നതിന് ഈ സംവിധാനം മതാധ്യാപകരെ സഹായിക്കുന്നു.

**സിലബസ്–** സീറോ മലബാർ സഭയുടെ ആരാധനക്രമവിശ്വാസപരിശീലനം. **അധ്യായങ്ങൾ 10–13; പദവ്യാഖ്യാനങ്ങൾ 27–39 (പേജ് 274–278)**

അധ്യാപകർക്കുള്ള ആപ്റ്റിറ്റ്യൂഡ് പരീക്ഷ യൂണിറ്റ് തലം 2018 ഒക്ടോബർ 21 ഞായർ – 03.00 PM - 04.30PM

**10. സോഫ്റ്റ് വെയറിൽ ഒക്ടോബർ 31ന് മുമ്പ് പൂർത്തീകരിച്ചിരിക്കേണ്ട കാര്യങ്ങൾ:**

1. മതാധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ (ഉദാ. പുതിയ അധ്യാപകർ, ഈ വർഷത്തെ ക്ലാസ്സ്, മൊബൈൽ നമ്പർ, അഡ്രസ് എന്നിവയിലെ മാറ്റം തുടങ്ങിയവ)
2. അധ്യാപകരുടെ സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ
3. വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ (ഉദാ. പുതിയ വിദ്യാർത്ഥികൾ, മീഡിയം, എന്നിവ ചേർക്കൽ)
4. അർദ്ധവാർഷിക പരീക്ഷയുടെ എല്ലാ ക്ലാസ്സിലേയും മാർക്കുകൾ, പരീക്ഷാതിയ്യതി ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കുന്ന ഹാജർ എന്നിവ.
5. ഈ വർഷം Std. XII ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ സോഫ്റ്റ് വെയറിലേക്ക് അപ്ലോഡ് ചെയ്യുക. (ഫോട്ടോ സൈസ് 150 x 200 pixel ആണ്.) അവരുടെ ബയോഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കുക. (അല്ലാത്തപക്ഷം തെറ്റായ വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വന്നുചേരും)
6. Std. XIIൽ Improvement പരീക്ഷ എഴുതുവാനുള്ളവരെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. (Std. XII കഴിഞ്ഞ വർഷം വാർഷിക പരീക്ഷയിൽ തോറ്റവർക്കും, വിജയിച്ചെങ്കിലും 40 ൽ താഴെമാത്രം മാർക്ക് ലഭിച്ചവർക്കുമാണ് Improvement ന് അവസരമുള്ളത്)

മേൽപ്പറഞ്ഞ കാര്യങ്ങൾ സോഫ്റ്റ് വെയറിൽ ഒക്ടോബർ 30–നു മുമ്പ് നിർവ്വഹിക്കേണ്ടതാണ്. അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകൾ, അതുൾപ്പെടെയുള്ള ഹാജർ എന്നിവ സോഫ്റ്റ് വെയറിൽ ചേർക്കാൻ ഒക്ടോബർ 30 ന് ശേഷം മറ്റൊരു ദിവസം അനുവദിക്കുന്നതല്ല.

## 11. Full Attendance Std. I - ACC (15 years)



Sofiya Hubert
Kannara



Juhi Joseph
Kannara



Roshin Johnson
Nedupuzha



Cristeen C. B.
Nedupuzha



Anju Baiju
Mannampetta



Shinta Jose
Ammadam

Fr. Tens Kunnappilly
Fr. Rijo Vithayathil
Fr. Royson Kollannur
Asst. Directors

Fr. Raphael Akkamattathil
Director

Institute of
# THEOLOGY

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

### 1. B.A. in Theology and Religious Studies:

ഞായറാഴ്ചകളിൽ 2 PM മുതൽ 5 PMവരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9:30AM മുതൽ 5 PMവരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office-മായി ബന്ധപ്പെടുക.

### 2. Correspondence Theology Course:

കറസ്പോണ്ടൻസ് തിയോളജി കോഴ്സ് മാസത്തിലെ രണ്ട്, നാല് ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും ക്ലാസ്സുകൾ. കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ ചെയർ ഫോർ ക്രിസ്റ്റ്യൻ സ്ററഡീസിന്റെ അംഗീകാരമുള്ള കോഴ്സാണിത്.

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ഒക്ടോബർ 14, ഒക്ടോബർ 28 എന്നീ ഞായറാഴ്ച്ചകളിൽ 2 PM മുതൽ 5 PM വരെയായിരിക്കും.

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ



# മേരിമാത സെമിനാരി

**അലുമിനി സംഗമം**

മേരിമാതാ മേജർ സെമിനാരിയിൽ ഇതിനോടകം പരിശീലനം പൂർത്തിയാക്കി വിവിധ രൂപതകൾക്കും സന്ന്യാസ സഭകൾക്കും വേണ്ടി തിരുപ്പട്ടം സ്വീകരിച്ച 13 ബാച്ചുകളിലെ വൈദികരുടെ സംഗമം ആഗസ്റ്റ് 13–ാം തിയ്യതി നടന്നു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും മാർ ജേക്കബ് തൂങ്കുഴി പിതാവും മോൺ. ജോർജ്ജ് കോമ്പാറയച്ചനും ബഹു. ബാബു പാണാട്ടുപറമ്പിലച്ചനും സംഗമത്തിൽ പങ്കുചേർന്നു. ബഹു. വൈദികർ തങ്ങളുടെ സെമിനാരി കാലഘട്ടത്തിലെ അനുഭവങ്ങളും പൗരോഹിത്യ ജീവിതത്തിലെ അനുഭവങ്ങളും പങ്കുവച്ചു. മേരിമാതയിലെ പരിശീലനം അജപാലനരംഗങ്ങളിൽ വളരെ ഉപകാരപ്രദമായിരുന്നു എന്ന് വൈദികർ പറഞ്ഞു. സംഗമത്തിന് മാറ്റുകൂട്ടാൻ സൗഹൃദ ഫുട്ബോൾ മൽസരവും ഉണ്ടായിരുന്നു. അതിനുശേഷം വൈദികർ വളരെ സന്തോഷപൂർവ്വം മേരിമാതായോട് യാത്ര പറഞ്ഞു.

**സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണതിരുനാളും**

സ്വർഗ്ഗാരോപണതിരുനാൾ ദിനത്തിൽ മേരിമാതായിലെ പൂർവ്വ വിദ്യാർത്ഥിയും നവാഭിഷിക്തനുമായ ഫാ. തോമസ് ജമ്പനേഷ് (തക്കല) ആഘോഷമായ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. അതിനുശേഷം ദേശീയപതാക ഉയർത്തുകയും പ്രതിജ്ഞചൊല്ലുകയും ചെയ്തു. മൂന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾ മനോഹരമായി ഡിസ്പ്ലേ അവതരിപ്പിച്ചു. അന്നേദിവസം വൈകുന്നേരം നടന്ന സമ്മേളനത്തിൽ പുറനാട്ടുകര ശ്രീരാമകൃഷ്ണ മഠാംഗമായ സ്വാമി നന്ദാത്മജാനന്ദ മുഖ്യാതിഥിയായി.

**പ്രളയ ബാധിത മേഖലകളിൽ സേവന പ്രവർത്തനങ്ങൾ**

ആഗസ്റ്റ് 19–ാം തിയ്യതി സെമിനാരി ചുറ്റുപാടിലുള്ള പ്രളയബാധിത മേഖലകളിൽ സേവന പ്രവർത്തനങ്ങൾക്ക് അച്ചന്മാരും ബ്രദേഴ്സും മുന്നിട്ടി

റങ്ങി. നിരവധി വീടുകളും പരിസ രങ്ങളും ശുചീകരിക്കാൻ സാധിച്ചു. ആഗസ്റ്റ് 20, 21, 25 എന്നീ ദിവസ ങ്ങളിലും ദുരിതബാധിത പ്രദേശ ങ്ങളിൽ സെമിനാരി കുടുംബം സേവനങ്ങൾ ചെയ്തു.

**Extension Lecture**

ഈ അദ്ധ്യയന വർഷത്തിലെ രണ്ടാമത്തെ **Extension Lecture** ആഗസ്റ്റ് 22 ന് വൈകീട്ട് 6.15 ന് നട ത്തപ്പെട്ടു. **"Safe Environment for Women and Children in the Church"** എന്ന വിഷയത്തെ ക്കുറിച്ച് ബഹു. ഫാ. മാത്യു കുറ്റി ക്കോട്ടയിൽ പ്രഭാഷണം നടത്തി. പോക്സോ നിയമത്തെക്കുറിച്ചും അതിന്റെ വിവിധ തലങ്ങളെക്കു റിച്ചും വളരെ വിശദമായി അച്ചൻ പ്രതിപാദിച്ചു. ഈ വിഷയത്തിൽ ജാഗ്രതയുള്ളവരായിരിക്കണമെന്ന് അച്ചൻ ഓർമ്മിപ്പിച്ചു. സെമിനാരി യിലെ എല്ലാ വിദ്യാർത്ഥികളും സജീവമായി പങ്കെടുത്തു.

**തിരുവോണം**

കാലവർഷക്കെടുതികൾ മൂലം കേരളത്തിലെ ജനങ്ങൾ കഷ്ടത യനുഭവിക്കുന്ന സാഹചര്യത്തിൽ ഓണാഘോഷങ്ങളെല്ലാം ഈ വർഷം ഒഴിവാക്കി. അത്താഴത്തിന് ചെറിയ രീതിയിൽ സദ്യയൊരുക്കി ഓണത്തിന്റെ സ്മരണ നില നിർത്തി.

**വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ**

"പ്രാർത്ഥിക്കുന്ന അമ്മ" എന്നറി യപ്പെടുന്ന തൃശ്ശൂരിലെ വി. എവു പ്രാസ്യയുടെ തിരുനാൾ തലേദി വസം വൈകുന്നേരം വേസ്പര യോടെ ആരംഭിച്ചു. ബഹു. പോൾ പുളിക്കൻ കാർമ്മികത്വം വഹിക്കു കയും സന്ദേശം നൽകുകയും ചെയ്തു. തിരുനാൾ ദിനമായ ആഗസ്റ്റ് 29-ാം തിയ്യതി രാവിലെ ബൽത്തങ്ങാടി രൂപതാ മെത്രാൻ മാർ ലോറൻസ് മുക്കുഴി പിതാവ് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. സെമിനാരി കുടുംബം വിശു ദ്ധയുടെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ച് പ്രാർത്ഥിച്ചു.

**ഡീക്കന്മാർ വീണ്ടും മേരിമാതയി ലേക്ക്**

പൗരോഹിത്യ സ്വീകരണത്തിന് ഒരു ക്കമായുള്ള അഞ്ചുമാസത്തെ പ്രായോഗിക പരി ശീലനത്തിനുശേഷം ഡീക്കന്മാർ വിവിധ ഇടവകകളിൽ നിന്ന് ആഗസ്റ്റ് 31 ന് സെമിനാരിയിൽ തിരി ച്ചെത്തി. ഇടവകകളിലായിരുന്ന കാലയളവ് അങ്ങേയറ്റം ഉപകാരപ്ര ദവും ഫലദായകവുമായിരുന്നെന്ന് ഡീക്കന്മാർ അഭിപ്രായപ്പെട്ടു. സെമി നാരിയിലെ അവസാനഘട്ട പരീക്ഷ കൾക്കായും മിഷൻ അനുഭവ ങ്ങൾക്കായും ഒരുങ്ങുന്ന എല്ലാ ഡീക്കന്മാർക്കും സെമിനാരികുടുംബ ത്തിന്റെ പ്രാർത്ഥനാശംസകൾ!

**ബേഴ്സ് സ്ഥാപിച്ചവർ**

**Patron Membership**

1. ശ്രീ. ജിജോ ഫ്രാൻസിസ്, പൈനാടത്ത് കള്ളിവളപ്പിൽ ഹൗസ്, ചെമ്പുക്കാവ്.

## Benefactor Membership

1. ഡോ. ഫ്രാൻസിസ് ചാണ്ടി, ചാണ്ടി നികേതൻ, തൃശ്ശൂർ.
2. ശ്രീമതി ഷാമി ജോബി, D/o റപ്പായി സി. എൽ., ചെറുശ്ശേരി ഹൗസ്, ചേർപ്പ്.
3. ശ്രീ. ഫ്രാൻസിസ് ജെ. തോട്ടാൻ, തോട്ടാൻ ഹൗസ്, അരണാട്ടുകര.

"ദൈവഭക്തനു നന്മ ചെയ്താൽ നിനക്കു പ്രതിഫലം ലഭിക്കും; അവനിൽ നിന്നല്ലെങ്കിൽ കർത്താവിൽനിന്ന്" (പ്രഭാഷകൻ 12:2). മേരിമാതയുടെ ഉപകാരിയായിരുന്നുകൊണ്ട് കർത്താവിന് കടം കൊടുക്കുന്ന എല്ലാ സുമനസ്സുകളെയും ബുദ്ധിക്കതീതവും അനശ്വരവുമായ പ്രതിഫലം നൽകി സർവ്വശക്തൻ അനുഗ്രഹിക്കട്ടെ!

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ




# മൈനർ സെമിനാരി

**1. പുതിയ ടേം**

ഈ അധ്യായന വർഷത്തിലെ രണ്ടാമത്തെ ടേം ഓണാവധിക്കു ശേഷം സെപ്തംബർ 2-ാം തിയതി സമാരംഭിച്ചു.

**2. ദുരിതാശ്വാസപ്രവർത്തനങ്ങളിൽ അതിരൂപതയോടൊപ്പം**

പ്രളയംമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി അതിരൂപത തയ്യാറാക്കി നല്കിയ കിറ്റുകൾ ഒരുക്കുന്നതിനും മറ്റു സഹായപ്രവർത്തനങ്ങൾക്കുമായി മൈനർ സെമിനാരിവിദ്യാർത്ഥികൾ അതിരൂപതമന്ദിരത്തിലെത്തി സഹായപ്രവർത്തനങ്ങളിൽ പങ്കുചേർന്നു.

മൈനർസെമിനാരിയിലെ ഓ

ണാഘോഷപരിപാടികൾ മാറ്റി വച്ച് ആ തുക ദുരിതാശ്വാസപ്ര വർത്തനങ്ങൾക്കായി അതിരൂ പത സോഷ്യൽ വെൽഫെയർ ഡയറക്ടർ റവ. ഫാ. തോമസ് പൂപ്പാടിയെ ഏൽപ്പിച്ചു.

**3. വാർഷിക ധ്യാനങ്ങൾ**

2018 ആഗസ്റ്റ് 28 മുതൽ 31 വരെ ഡിഗ്രി വിദ്യാർത്ഥികൾക്കായി റവ. ഫാ. ബോസ്കോ ഞാളി യത്ത് O'Carm., സെപ്തംബർ 3 മുതൽ 7 വരെ മൈനർസെമി നാരി വിദ്യാർത്ഥികൾക്കായി റവ. ഡോ. തോമസ് കോഴിമല, CMI എന്നിവർ വാർഷിക ധ്യാനം നടത്തി.

**4. അഭിവന്ദ്യ പിതാക്കന്മാരുടെ ദിവ്യബലിയർപ്പണങ്ങൾ**

സെപ്തംബർ 12, 13 തിയതിക ളിൽ യഥാക്രമം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തുപി താവും അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവും സെമിനാരി കുടുംബത്തോ ടൊപ്പം ദിവ്യബലിയർപ്പി ക്കുകയും സന്ദേശം നല്കു കയും ചെയ്തു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. കെ. ഒ. ജോസ്, കണ്ണം മ്പുഴ ഹൗസ്, മരിയപുരം
2. ശ്രീ. ആൽവിൻ ജെയ്ക്കബ് & ആതിര ജെയ്ക്കബ്, തട്ടിൽമണ്ടി ഹൗസ്, കാഞ്ഞാണി.
3. ശ്രീ. ആന്റണി തോട്ടുങ്ങൽ, കണ്ടശ്ശാംകടവ്.
4. ശ്രീ. സി. എ. ലാസർ, ചുങ്കത്ത് ഹൗസ്, പാവറട്ടി.
5. ശ്രീ. കെ. ജെ. ജോഷി, കണ്ണനാ യ്ക്കൽ ഹൗസ്, എടക്കളത്തൂർ.
6. ശ്രീ. എം. എൽ. ചെറിയാൻ & ശ്രീമതി മേരി ചെറിയാൻ, മണ ത്താറ ഹൗസ്, കോട്ടയം.
7. BRADDOCK, Infotech (P) Ltd. Infopark, Koratty.
8. ശ്രീമതി സിൽവി വിൽസൺ, സുരേഷ് പാർക്ക്, താനെ വെസ്റ്റ്.
9. The President & Community, St. John Maria Vianney Unit, St. Antony's Church, North Karamuck.
10. ശ്രീ. നെൽജോ നീലങ്കാവിൽ, കൊട്ടേക്കാട്, തൃശ്ശൂർ.

തങ്ങൾക്ക് ലഭിക്കുന്ന എല്ലാം മറ്റുള്ളവരുമായി പങ്കുവയ്ക്കേണ്ട താണെന്ന ബോധ്യം ഉൾക്കൊണ്ട് കർതൃശുശ്രൂഷയ്ക്കായി ഒരുങ്ങുന്ന വരെ സഹായിക്കുവാൻ സൗമ നസ്യം കാണിക്കുന്ന ഏവരെയും ഈശോ അനുഗ്രഹിക്കട്ടെ.

**ഫാ. ഡൊമിനിക് തലക്കോടൻ**

റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

### ഹെൽത്ത് കെയർ ഹാൻഡ്ബുക്ക് പ്രകാശനം ചെയ്തു

ആശുപത്രിയുടെ ക്വാളിറ്റി ആന്റ് ഇൻഫക്ഷൻ കൺട്രോൾ ടീം, ഹെൽത്ത് കെയർ വർക്കേഴ്സിനായി ഹാൻഡ്ബുക്ക് പ്രകാശനം ചെയ്തു. മാറിവരുന്ന പരിതസ്ഥിതി വ്യതിയാനങ്ങളിലും, ജീവിതസാഹചര്യങ്ങളിലും എങ്ങനെ പൂർണ ആരോഗ്യത്തോടെ ഇരിക്കാം, എങ്ങനെ രോഗങ്ങളെ മുൻകൂട്ടി തിരിച്ചറിഞ്ഞ് ഒഴിവാക്കാം എന്ന് ഉറ്റുനോക്കികൊണ്ടിരിക്കുകയാണ് ലോകജനത. ഈ സാഹചര്യത്തിൽ ചികിത്സാ നിലവാരം ഉയർത്തുന്നതിനായി വിവിധ മെഡിക്കൽ എമർജൻസികളിൽ പാലിക്കേണ്ട ഇൻഫെക്ഷൻ കൺട്രോൾ തത്വങ്ങളെകുറിച്ച് സ്റ്റാഫുകളുടെ അറിവ് പരിപോഷിക്കുക എന്നതാണ് ഈ ഹാൻഡ്ബുക്കിന്റെ ലക്ഷ്യം. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഹാൻഡ് ബുക്ക് നേഴ്സിങ്ങ് സൂപ്രണ്ട് സി. ഫിലോ പോളിന് കൈമാറിക്കൊണ്ട് പ്രകാശനം ചെയ്തു.

### നേഴ്സിങ്ങ് ശില്പശാല

ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിലെ പൂർവ്വവിദ്യാർത്ഥി സംഗമത്തോടനുബന്ധിച്ച് 'നേഴ്സിങ്ങ് പരിശീലനത്തിലെ ധാർമ്മിക പ്രശ്നങ്ങളും ധാർമിക വിപത്തുകളും തിരിച്ചറിഞ്ഞ് വിലയിരുത്തുക' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ശില്പശാല ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു.

### പരിശീലന ശില്പശാല

പ്രളയബാധിതരുടെ മാനസിക സംഘർഷം ലഘൂകരിക്കാൻ ശാസ്ത്രീയമായ രീതികളിൽ പരിശീലനം നൽകുന്നതിനുള്ള ശില്പശാല ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ നേതൃത്വത്തിൽ

ആരംഭിച്ചു. ക്രൈസ്റ്റ് കോളേജിലെയും, സെന്റ് ജോസഫ് കോളേജിലേയും സാമൂഹിക പ്രവർത്തക വിദ്യാർത്ഥികളും, നേഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലി റ്റേഷനിലെ വിദ്യാർത്ഥികളും, ഇരിങ്ങാലക്കുടയിലെ മാനസികാരോഗ്യ പ്രവർത്തകരും പങ്കെടുത്തു. ലോകാരോഗ്യസംഘടന തയ്യാറാക്കിയ മോഡ്യൂളുകൾ അനുസരിച്ചുള്ള പരിശീലനമാണ് നൽകുന്നത്. പ്രായോഗിക പരിശീലനത്തിനാണ് മുൻതൂക്കം നൽകുന്നത്. ജൂബിലി മിഷനാശുപത്രിയുടെ മാനസികാരോഗ്യ വിഭാഗമാണ് പരിശീലനത്തിന് നേതൃത്വം നൽകുന്നത്. ശില്പശാല മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## ജേർണൽ ക്ലബ്ബ്

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ചിന്റെ ആഭിമുഖ്യത്തിലുള്ള മുപ്പത്തൊന്നാമത് ജേർണൽ ക്ലബ്ബ് മീറ്റിങ്ങ് ന്യൂ സി.സി.എം. ഹാളിൽ നടന്നു. ജനറൽ മെഡിസിൻ വിഭാഗത്തിൽ നിന്നുള്ള അസോസിയേറ്റ് പ്രൊഫസർ ഡോ. അനിൽകുമാർ സി. ആർ. ആണ് പ്രബന്ധം അവതരിപ്പിച്ചത്. ROUXEN-Y GASTRIC BYPASS എന്ന ആധുനിക രീതി അവലംബിച്ച് അമിതഭാരം ഫലപ്രദമായി കുറയ്ക്കുന്നതിനെ ക്കുറിച്ചായിരുന്നു പഠനം. തുടർന്നുള്ള ചർച്ചയിൽ പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, ഡോ. ആൻഡ്രൂസ് കാക്കനാട്ട്, ഡോ. മേനോൻ ഗിരീഷ് (സൈക്യാട്രി) എന്നിവർ പങ്കെടുത്തു.

## പ്രളയദുരിതത്തിൽ കൈത്താങ്ങായി ജൂബിലി

കേരളജനതയെ ദുരിതത്തിലാഴ്ത്തിയ പ്രളയത്തിൽ ആശ്വാസവുമായി ജൂബിലി മിഷനാശുപത്രിയും. രോഗപ്രതിരോധമരുന്നുകളുടെ വിതരണം, മറ്റ് അസുഖങ്ങൾ ബാധിച്ചവർക്കുള്ള മരുന്നുകളുടെ വിതരണം, ഡോക്ടർമാരുടെയും, നേഴ്സുമാരുടേയും സന്നദ്ധപ്രവർത്തകരുടെയും സേവനം എന്നിവയിലൂടെയാണ് ജൂബിലി മിഷനാശുപത്രി കൈത്താങ്ങായത്.

രക്ഷാപ്രവർത്തനം നടന്ന സമയങ്ങളിൽ തൃശ്ശൂർ ജില്ലയിലെ പ്രളയത്തിൽ നിന്ന് രക്ഷിക്കപ്പെട്ടവരുടെ ക്യാമ്പുകളിലേക്ക് അവർക്കാവശ്യമായ വസ്ത്രങ്ങൾ, കുടിവെള്ളം, ഭക്ഷണം എന്നിവ ഹെലികോപ്ടർ വഴി എത്തിച്ചുകൊടുത്തും, ക്യാമ്പിലേക്കുള്ള സാധനങ്ങൾ വിതരണം ചെയ്യുന്ന കളക്ഷൻ പോയിന്റ് തുടങ്ങുവാനും ജൂബിലി നേതൃത്വം നൽകുകയുണ്ടായി. ആശുപത്രിയുടെ സ്റ്റാഫുമാർ,

വിദ്യാർത്ഥികൾ, വിവിധ പള്ളികൾ എന്നിവരുടെ സംഭാവനകൾ പണമായും, സാധനങ്ങളായും, ജൂബിലിയിൽ ശേഖരിച്ച് തക്കസമയങ്ങളിൽ ക്യാമ്പുകളിൽ എത്തിച്ചുകൊടുക്കുകയും ചെയ്തു. ക്യാമ്പുകളിൽ സന്നദ്ധ സേവനങ്ങൾ നടത്തിയത് കൂടാതെ ആശുപത്രിയിലും പ്രസ്തുത ദിവസങ്ങളിൽ ഉദാരമായ സേവനം നൽകുകയയുണ്ടായി. ഒ.പി. സമയം കൂട്ടിയും, ഐ.സി.യു.

കളിൽ 'ബെഡ്ഡു'കൾ കൂട്ടിയും, മാനസിക വൈകല്യമുള്ള രോഗികൾക്ക് പ്രത്യേക ചികിത്സകൾ നൽകിയും, പ്രളയത്തിൽപ്പെട്ട കുട്ടികൾക്ക് മാനസിക ഉല്ലാസം നൽകുന്ന പ്രവൃത്തികളിലൂടെ പിന്തുണ നൽകിയും പുനർജ്ജീവനപ്രവർത്തനങ്ങളും, സന്നദ്ധസ്റ്റാഫുകളിലൂടെ നൽകി. ആശുപത്രിയിലും പുറത്തും സേവനമനുഷ്ഠിക്കുവാൻ 52 വളണ്ടിയർമാരെയും ജൂബിലി സജ്ജമാക്കിയിരുന്നു. പ്രളയത്തിൽ അകപ്പെട്ട ജൂബിലിയുടെ 374 ജീവനക്കാർക്ക് ഭക്ഷണവും താമസവും ആശുപത്രിയിൽ ഒരുക്കി. മറ്റ് ആശുപത്രികളിൽ നിന്നും മാറ്റപ്പെട്ട രോഗികൾക്കും, ബൈസ്റ്റാൻഡർമാർക്കും, പ്രളയം മൂലം രോഗബാധയുണ്ടായവർക്കും, പാമ്പുകടിയേറ്റു എത്തിയവർക്കും താമസവും, ഭക്ഷണവും, ഫാർമസിയിൽ നിന്ന് മരുന്നും ജൂബിലിയിൽ സൗജന്യമായി നൽകി.

**അഭിനന്ദനങ്ങൾ .. ആശംസകൾ ..**

- ഇന്ത്യൻ അസോസിയേഷൻ ഓഫ് ഫിസിഷ്യൻ ഓഫ് ഇന്ത്യയുടെ സംസ്ഥാന കോൺഫറൻസിൽ നടന്ന പോസ്റ്റർ അവതരണത്തിൽ ജനറൽ മെഡിസിൻ വിഭാഗത്തിലെ പി.ജി. സ്റ്റുഡന്റായ ഡോ. നദീം റഹ്മാൻ ഒന്നാം സമ്മാനം നേടി.
  ജൂബിലിയിൽ പി. ജി. പരീക്ഷയിൽ റാങ്ക് നേടിയ വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ...

**ഒന്നാം റാങ്ക്**

- ഡോ. ശാലിനി എ (എം. എസ്, ഇ.എൻ.ടി)
- ഡോ. മിനു ശശികുമാർ (എം. എസ്, ഒഫ്ത്താൽമോളജി)
- ഡോ. കശ്യപ് സി. കെ (എം. ഡി, എമർജൻസി മെഡിസിൻ)
- ഡോ. ദിവ്യ വേണുഗോപാൽ (എം. ഡി ഇമ്മ്യൂണോ ഹെമറ്റോളജി & ട്രാൻസ്ഫ്യൂഷൻ മെഡിസിൻ)

**രണ്ടാം റാങ്ക്**

- ഡോ. ലക്ഷ്മി സുദേവ് (എം. ഡി ഇമ്മ്യൂണോ ഹെമറ്റോളജി & ട്രാൻസ്ഫ്യൂഷൻ മെഡിസിൻ)

- ഡോ. കീർത്തി എസ് (എം. ഡി മൈക്രോബയോളജി)
- ഡോ. മേഘ (എ. പി, എം.ഡി. സൈക്യാട്രി)

**മൂന്നാം റാങ്ക്**

- ഡോ. ദീപ്തി കെ (എം. എസ് ഒബ്സ്ട്രറ്റിക് & ഗൈനക്കോളജി)
- ഡോ. സൻജൻ എ (എം.ഡി എമർജൻസി മെഡിസിൻ)

ജൂബിലിയിൽ മെഡിക്കൽ സൂപ്പർസ്പെഷാലിറ്റി പരീക്ഷയിൽ ഡോ. സംഗീത ജോസഫ് (ഡി.എം, ന്യൂറോളജി) രണ്ടാം റാങ്കും, ഡോ. ദിനേശ് കുമാർ (ഡി.എം, ന്യൂറോളജി) നാലാം റാങ്കും കരസ്ഥമാക്കി.

**മെഡിക്കൽ ക്യാമ്പുകൾ**

- ചേർപ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ ചേർപ്പ് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി & ഒപ്ത്താൽമോളജി ക്യാമ്പ് നടത്തി.
- ജോഗേഴ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിൽ മെഡിക്കൽ & രക്തപരിശോധന ക്യാമ്പ് നടത്തി.
- പ്രൊഫഷണൽ സി.എൽ.സി. യുടെ ആഭിമുഖ്യത്തിൽ പള്ളിക്കുന്ന് അസംപ്ഷൻ പള്ളിയിൽ ആയുർവ്വേദ ക്യാമ്പ് നടത്തി.
- ലയൺസ് ക്ലബ് ഓഫ് തൃശ്ശൂരിന്റെ ആഭിമുഖ്യത്തിൽ പുല്ലഴി സെന്റ് ജോസഫ് ഓർഫനേജിൽ നേത്രരോഗനിർണ്ണയ ക്യാമ്പ് നടത്തി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീ. ജോയ് ഡി. ചാണ്ടി, ചാണ്ടി ഹൗസ്, അഞ്ചേങ്ങാടി, തൃശ്ശൂർ (71 ഡയാലിസിസ്)
- ശ്രീ. പ്രവീൺ, കുറ്റിക്കാട്ട് ഹൗസ്, തൃശ്ശൂർ (85 ഡയാലിസിസ്)
- ശ്രീമതി ജൂലി ജോസ്, ആളൂർ ഹൗസ്, ആർത്താറ്റ്, കുന്നംകുളം, തൃശ്ശൂർ
  (14 ഡയാലിസിസ്)
- സേക്രട്ട് ഹാർട്ട് ലാറ്റിൻ ചർച്ച്, തൃശ്ശൂർ (285 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**

ഡയറക്ടർ




# സെന്റ് തോമസ് കോളേജ്
## (ഓട്ടോണമസ്), തൃശൂർ

ഓഗസ്റ്റ് മദ്ധ്യത്തിലുണ്ടായ പ്രളയക്കെടുതിയിൽ സെന്റ് തോമസ് കോളേജും കോളേജുമായി ബന്ധപ്പെട്ട എൻ.സി.സി., എൻ.എസ്.എസ്., ആർട്സ്, സ്പോർട്സ് വിഭാഗങ്ങളും പങ്കാളികളായി. കോളേജിന്റെ പേരിലുള്ള തോപ്പ് ഗ്രൗണ്ടും ഇന്റോർ സ്റ്റേഡിയവും മെഡ്ലിക്കോട്ട് ഹാളും പരിസരങ്ങളും ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള സംഭരണകേന്ദ്രങ്ങളായിരുന്നു. കോളേജ് കാന്റീനിൽ തയ്യാറാക്കപ്പെട്ട സ്നേഹപ്പൊതികൾ വിവിധ ക്യാമ്പുകൾക്ക് അന്നമേകി. കോളേജിലെ വിവിധ അദ്ധ്യാപകരും വിദ്യാർത്ഥികളും അവരവരുടെ നാടുകളിലെ വിവിധ ക്യാമ്പുകളിലും പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു. വിവിധ സർക്കാർ സംഭരണ കേന്ദ്രങ്ങളിലും സെന്റ് തോമസ് കുടുംബത്തിന്റെ പ്രാതിനിധ്യമുണ്ടായിരുന്നു. 250 വിദ്യാർത്ഥികൾ അടങ്ങിയ സെന്റ തോമസ് കോളേജ് റസ്ക്യൂ ടീമിന്റെ പ്രവർത്തനങ്ങളും എടുത്തു പറയത്തക്കതായിരുന്നു.

### ഗുരുവന്ദനം 2018

ശതാബ്ദിയാഘോഷങ്ങളോടനുബന്ധിച്ച് കോളേജിൽനിന്നും റിട്ടയർ ചെയ്ത അദ്ധ്യാപകരെയും അനദ്ധ്യാപകരെയും ഉൾപ്പെടുത്തിക്കൊണ്ട് അദ്ധ്യാപകദിനമായ സെപ്റ്റംബർ അഞ്ചിന് മോൺ ജോൺ പാലോക്കാരൻ ചത്വരത്തിൽ 'ഗുരുവന്ദനം' സംഘടിപ്പിച്ചു. കോളേജിന്റെ മുൻ മാനേജരും ഇപ്പോഴത്തെ മെൽബൺ രൂപതാദ്ധ്യക്ഷനുമായ മാർ ബോസ്കോ പുത്തൂർ ഗുരുവന്ദനം ഉദ്ഘാടനം ചെയ്തു.

### പി.ടി.എ. ജനറൽ ബോഡിയും മെറിറ്റ് ഡേയും

പി.ടി.എ.യുടെ ജനറൽ ബോഡി യോഗവും മെറിറ്റ് ഡേയും സെപ്റ്റംബർ ആറിന് കോളേജിൽ നടന്നു. കഴിഞ്ഞ അക്കാദമിക് വർഷത്തിൽ NET/ JRF നേടിയ കോളേജിൽ നിന്നുള്ള വിദ്യാർത്ഥിക

ളെയും വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ഇൻസ്പയർ സ്കോളർഷിപ്പിനർഹരായ വിദ്യാർത്ഥികളെയും കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ പി.എച്ച്ഡി, എം.ഫിൽ കരസ്ഥമാക്കിയ അദ്ധ്യാപകരെയും യോഗത്തിൽ സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. മാഗി ജോസ് സി.എം.സി. മെമന്റോകൾ നൽകി ആദരിച്ചു.

**സത്യപ്രയാൺ: ശതാബ്ദി മെഗാ എക്സ്പോ**

പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ മാറ്റിവയ്ക്കപ്പെട്ട ശതാബ്ദി മെഗാ എക്സ്പോ, വിദ്യാർത്ഥികളുടെ പരിശ്രമങ്ങളുടെയും അതിജീവനത്തിന്റെയും വേദി കൂടിയായി. ഓഗസ്റ്റ് 29, 30 തീയതികളിൽ നടന്ന എക്സ്പോയിൽ വിവിധ വകുപ്പുകളുടെ സ്റ്റാളുകളും ക്ലബുകളുടെ പ്രദർശന സ്റ്റാളുകളും ഉണ്ടായിരുന്നു. എൻ.സി.സി., എൻ.എസ്.എസ്. പൂരം സ്റ്റാളുകൾ വിദ്യാർത്ഥികൾക്ക് നവ്യാനുഭവമായി. ഓഗസ്റ്റ് 16ന് കോളേജിന്റെ എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. വർഗ്ഗീസ് കൂത്തൂർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു ലക്ഷം രൂപ നൽകി ഔപചാരിക ഉദ്ഘാടനം ലളിതമായി നിർവഹിച്ചിരുന്നു. കോളേജ് മാനേജർ മാർ ടോണി നീലങ്കാവിൽ എക്സ്പോ സന്ദർശിച്ച് ആശംസകളർപ്പിച്ചു. വിവിധ കോളേജുകളിൽ നിന്നും സ്കൂളുകളിൽ നിന്നുമായി നൂറുകണക്കിന് വിദ്യാർത്ഥികളും നാട്ടുകാരും എക്സ്പോ സന്ദർശിച്ചു. പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണി, വൈസ് പ്രിൻസിപ്പാൾമാരായ ഡോ. തോമസ് പോൾ കാട്ടൂക്കാരൻ, റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, ഡോ. കെ.എൽ. ജോയി, സ്റ്റാഫ് കൗൺസിൽ സെക്രട്ടറി ഡോ. ജോർജ്ജ് അലക്സ്, ജനറൽ കൺവീനർ ഡോ. മിജോയ് ജോസ്, സൂപ്രണ്ട് ഡോ. സി.സി. ജോയ് എന്നിവർ നേതൃത്വം നൽകി.

**സത്യപ്രയാൺ: ശതാബ്ദി പൂർവ്വ വിദ്യാർത്ഥി സംഗമം**

ഈ കലാലയ മുത്തശ്ശിയുടെ ശതാബ്ദി പ്രമാണിച്ച് ഇവിടെ പഠിച്ച എല്ലാ വിദ്യാർത്ഥികളുടെയും ഒരു സവിശേഷ സംഗമം 2018 ഒക്ടോബർ 13-ാം തീയതി രണ്ടാം ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് കോളേജിലെ മോൺ. ജോൺ പാലോക്കാരൻ സ്ക്വയറിൽ വച്ചു ചേരുന്നതാണ്. അന്നുതന്നെ രണ്ടുമണിക്ക് വകുപ്പുതല സംഗമങ്ങൾ നടക്കുന്നതാണ്. രണ്ടു സംഗമങ്ങളിലേക്കും എല്ലാ പൂർവ്വ വിദ്യാർത്ഥികളെയും കോളജുമായി ബന്ധപ്പെട്ട മറ്റുള്ളവരെയും സാദരം ക്ഷണിക്കുന്നു. ജീവിതത്തിന്റെ ബഹുവിധ മണ്ഡലങ്ങളിൽ മികവു തെളിയിച്ച നമ്മുടെ പൂർവ്വ വിദ്യാർത്ഥികളെല്ലാവരും സന്നിഹിതരാകുന്നതാണ്.

**ഡോ. ഡെയ്സൺ പാണേങ്ങാടൻ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ &
എക്സിക്യൂട്ടീവ് മാനേജർ




# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**അനുമോദന യോഗം സംഘടിപ്പിച്ചു**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ കോമൺ വെൽത്ത് ഓഫ് ലേർണിംഗ് കാനഡ നടത്തുന്ന അണ്ടർസ്റ്റാന്റഡിംഗ് ഓപ്പൺ എഡ്യുക്കേഷൻ റിസോഴ്സ് ഓൺലൈൻ കോഴ്സിൽ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ അധ്യാപിക ശ്രീമതി.മഞ്ജു.പി.കെയും, അധ്യാപിക ശ്രീമതി.ദീപ എം.ജെയും യുജിസി നെറ്റ് യോഗ്യത നേടിയ വിദ്യാർത്ഥി ശ്രീമതി.ക്രിസ്റ്റി ജോൺ, കെ-ടെറ്റ് II യോഗ്യത നേടിയ രഞ്ജിനി. ടി എന്നിവരെയും 30-08-2018 വ്യാഴാഴ്ച പ്രിൻസിപ്പൾ ഫാ. ചാക്കോ ചിറമ്മൽ ട്രോഫി നൽകി അനുമോദിച്ചു.

**അധ്യാപകദിനം ആചരിച്ചു**

സെപ്റ്റംബർ 5-ാം തിയ്യതി മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ അധ്യാപകദിനം സമുചിതമായി ആചരിച്ചു. പ്രിൻസിപ്പാൾ ഫാ. ചാക്കോ ചിറമ്മൽ മുഖ്യ പ്രഭാഷണം നടത്തി. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കലാപരിപാടികൾ സംഘടിപ്പിച്ചു.

**ദുരിതാശ്വാസ ഫണ്ട് ശേഖരിച്ചു**

കേരളത്തിലെ പ്രളയബാധിതരെ സഹായിക്കുന്നതിനായി മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ അധ്യാപക - വിദ്യാർത്ഥികളിൽ നിന്ന് ഫണ്ട് ശേഖരിച്ച് പ്രിൻസിപ്പാൾ ഫാ. ചാക്കോ ചിറമ്മൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് കൈമാറി.

**മൂല്യാധിഷ്ഠിത ക്ലാസ്സ് സംഘടിപ്പിച്ചു**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ 04-09-2018 ചൊവ്വാഴ്ച മൂല്യാധിഷ്ഠിത വിദ്യാഭ്യാസം എന്ന വിഷയത്തെ ആസ്പദമാക്കി പത്മനാഭസ്വാമിയുടെ ക്ലാസ്സ് സംഘടിപ്പിച്ചു. ശ്രീമതി.ആൻസി ടീച്ചർ സ്വാഗതം നൽകി സംസാരിച്ചു. ദൈനംദിന ജീവിതത്തിൽ ശീലിക്കേണ്ട മാനുഷിക മൂല്യങ്ങളെ സംബന്ധിച്ചും ആദർശ അധ്യാപനത്തെ സംബന്ധിച്ചും അറിവ് പ്രദാനം ചെയ്യാൻ ക്ലാസ്സിനു സാധിച്ചു. വിദ്യാർത്ഥി പ്രതിനിധി അജിത്ത് നന്ദി അർപ്പിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പാൾ

**ഫാ. ബാബു അപ്പാടൻ**
അസി.മാനേജർ

# കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ ............ (2018 ഒക്ടോബർ)**

| | |
|---|---|
| 1 (തിങ്കൾ) | – വി. കൊച്ചുത്രേസ്യ |
| 2 (ചൊവ്വ) | – ഗാന്ധിജയന്തി |
| 4 (വ്യാഴം) | – വി. ഫ്രാൻസീസ് അസ്സീസ്സി |
| 5 (വെള്ളി) | – ആദ്യവെള്ളി, വി. കുർബാന ലോകഅദ്ധ്യാപകദിനം |
| 9 (ചൊവ്വ) | – തപാൽദിനം |
| 16 (ചൊവ്വ) | – ലോകഭക്ഷ്യദിനം |
| 24 (ബുധൻ) | – യു.എൻ. ദിനം |
| 31 (ബുധൻ) | – ഇന്ദിരാഗാന്ധി ചരമദിനം |

**2. സ്കോളർഷിപ്പ് പരീക്ഷ**

4, 7 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പരീക്ഷകൾ 2018 നവംബർ 3 ല്പം നവംബർ 10 ല്പം (ശനിയാഴ്ചകൾ) നടത്തുന്നതാണ്. എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

**3. ജപമാലമാസം**

ഒക്ടോബർ മാസം ജപമാലമാസമായി നാം ആചരിക്കുകയാണല്ലോ. ജപമാലഭക്തിയിൽ വളരുവാൻ നമ്മുടെ അദ്ധ്യാപക – അനദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എല്ലാ വിധ പ്രോത്സാഹനങ്ങളും നൽകുക. അതിനുതകുന്ന പരിപാടികൾ വിദ്യാലയങ്ങളിൽ ആസൂത്രണം ചെയ്യുമല്ലോ.

**4. പ്രളയ കെടുതികൾ**

ജല പ്രളയവുമായി ബന്ധപ്പെട്ട് നമ്മുടെ വിദ്യാലയങ്ങൾക്ക് കേടുപാടുകൾ വന്നിട്ടുണ്ടെങ്കിൽ ഹെഡ്മാസ്റ്റർമാർ ആ വിവരം അതിരൂപതയുടെ സ്വാന്തനം ഓഫീസിൽ ബഹുമാനപ്പെട്ട തോമസ് പുപ്പാടിയച്ചനെ വിവരം അറിയിക്കുക. ഫോൺ നമ്പർ : 9747430427, 9446872589.

**5. അഭിനന്ദനങ്ങൾ**

മികച്ച ശുചിത്വ വിദ്യാലയത്തിനുള്ള കേന്ദ്രസർക്കാരിന്റെ സ്വച്ഛ് വിദ്യാലയ പുരസ്കാരം നേടിയ മരിയാപുരം മിഷൻ ഹോം എൽ. പി. സ്കൂളിന് അഭിനന്ദനങ്ങൾ!

കേരളത്തിലെ രണ്ട് വിദ്യാലയങ്ങൾക്കാണ് ഈ പുരസ്കാരം ലഭിച്ചത് തൃശൂരും വയനാടും. അതിലൊന്നാണ് മരിയാപുരം മിഷൻ ഹോം എൽ. പി. സ്കൂൾ. 50,000/– രൂപയും പ്രശസ്തിപത്രവും അടങ്ങിയ പുരസ്കാരം കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയമാണ് നൽകുന്നത്. ഹെഡ്മിസ്ട്രസ് കെ. ആർ. ഷീജയും സ്കൂൾ ലീഡർ ആഷിക് ബിജുവും ഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്രമന്ത്രിയിൽനിന്ന് പുരസ്കാരം സ്വീകരിക്കുന്നതാണ്.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപറേറ്റ് മാനേജർ

# സാന്ത്വനം

**വയനാട്ടിലേക്ക് സാന്ത്വനവുമായി.....**

പ്രളയവും ഉരുൾപൊട്ടലുംമൂലം ദുരിതമനുഭവിക്കുന്ന വയനാടിന്റെ മക്കൾക്ക് സാന്ത്വനവുമായി തൃശൂർ അതിരൂപത സോഷ്യൽ അപ്പ സ്തോലേറ്റ് സെന്ററായ സാന്ത്വനത്തിൽ നിന്നുള്ള 40 അംഗ ടീം, വയ നാട് സന്ദർശിക്കുകയും അവശ്യസാധനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. തൃശൂർ അതിരൂപതാ ആസ്ഥാനത്തുനിന്ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലങ്കാവിൽ എന്നിവരുടെ ആശീർവാദത്തോടെ ആരംഭിച്ച യാത്രാസംഘത്തിൽ സാന്ത്വനം ടീമം ഗങ്ങൾ, വിവിധ സന്യാസ ഭവനങ്ങളുടെ പ്രതിനിധികൾ, കുടുംബകൂ ട്ടായ്മ പ്രതിനിധികൾ, സംഘടനാപ്രതിനിധികൾ, വിവിധ ഇടവകക ളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ ഉണ്ടായിരുന്നു. അരി, പല ചരക്ക് സാധനങ്ങൾ, വസ്ത്രങ്ങൾ എന്നിവയടങ്ങിയ 6 ടൺ അവശ്യ സാധനങ്ങൾ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ വിതരണം ചെയ്യാൻ സാധിച്ചു. മാനന്തവാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവും രൂപതാംഗങ്ങളും സാന്ത്വനം ടീമിനെ സ്വീക രിക്കുകയും ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിക്കാനും മനസ്സിലാ ക്കുവാനും അവസരമൊരുക്കുകയും ചെയ്തു. ദുരിതാശ്വാസത്തിനു വേണ്ട സഹായങ്ങൾ നല്കിയ എല്ലാ ഉപകാരികൾക്കും അതിരൂപ

തയുടെ പേരിൽ നന്ദി പറയുന്നു.

**സാന്ത്വനം @ Flood 2018.**

2018 ആഗസ്റ്റിലുണ്ടായ പ്രളയത്തോടനുബന്ധിച്ച് അതിരൂപത നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക്, അതിരൂപത സോഷ്യൽ അപ്പസ്തോലേറ്റ് സെന്ററായ സാന്ത്വനം നേതൃത്വം നല്കി. പ്രളയത്തിൽ അകപ്പെട്ട് ഒറ്റപ്പെട്ടുപോയ വീടുകളിൽ നിന്നും രക്ഷാപ്രവർത്തനം നടത്തുക, ക്യാമ്പുകളിൽ അരി, പലചരക്ക്, വസ്ത്രങ്ങൾ തുടങ്ങിയ അവശ്യസാധനങ്ങൾ എത്തിച്ചു കൊടുക്കുക, അതിരൂപതാ കേന്ദ്രത്തിൽ അവശ്യസാധനങ്ങൾ ശേഖരിക്കുക, വീടുകളിലേക്ക് നല്കുവാനുള്ള കിറ്റുകൾ തയ്യാറാക്കുക, പ്രളയബാധിത പ്രദേശങ്ങളിലെ വിവരശേഖരണം നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സാന്ത്വനത്തോടൊപ്പം സഹകരിച്ച യുവജനങ്ങൾ, വളണ്ടിയേഴ്സ്, സമർപ്പിതർ, വിവിധ ഇടവകകളിൽ നിന്നുള്ള വ്യക്തികൾ, അതിരൂപതാ കേന്ദ്രത്തിലെ വൈദികർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഏകോപനസമിതി കുടുംബ കൂട്ടായ്മ പ്രതിനിധികൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

**'SAVE THRISSUR'.**

അതിരൂപത പ്രളയാനന്തര ദുരിതാശ്വാസ – പുനരധിവാസ പ്രവർത്തനങ്ങൾക്കായി 'SAVE THRISSUR' പദ്ധതി രൂപീകരിച്ചു. സാന്ത്വനം അഡ്മിനിസ്ട്രേറ്റർ നിർദ്ദേശിച്ച 'SAVE THRISSUR' എന്ന പേര് അതിരൂപതാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ കൂടിയ ദുരിതാശ്വാസ സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിച്ചു. ബഹു.ഡൈജോ പൊറത്തൂരച്ചൻ പദ്ധതിയുടെ 'Logo' രൂപകല്പന ചെയ്തു. ഇതിന്റെ ഭാഗമായി ഹ്രസ്വകാലപദ്ധതികളായ മൊബൈൽ മെഡിക്കൽ ക്ലീനിക്ക്, സൈക്കോ സോഷ്യൽ സപ്പോർട്ട് & കൗൺസലിങ്ങ്, ക്വാളിറ്റി ടെസ്റ്റിങ്ങ് ഓഫ് വാട്ടർ, ഹെൽത്ത് കെയർ സർവ്വീസസ് എന്നിവ നടപ്പിലാക്കുവാനും ദീർഘകാലാടിസ്ഥാനത്തിൽ ഭവനനിർമ്മാണം, ഭവനത്തിന്റെ അറ്റകുറ്റപണികൾ നിർവ്വഹിക്കൽ, ടോയ്ലെറ്റ് നിർമ്മാണം എന്നിവ സർക്കാർ സംവിധാനങ്ങളോട് ചേർന്ന് നിർവ്വഹിക്കാനും നിശ്ചയിച്ചു.

**കാരിത്താസ് പ്രോജക്ട്:**

ദുരിതാശ്വാസ പ്രവർത്തനങ്ങളോടനുബന്ധിച്ച് ആഗോള കത്തോലിക്കാ സോഷ്യൽ സർവ്വീസ് കേന്ദ്രമായ കാരിത്താസ് ഇന്ത്യ, പ്രളയബാധിത പ്രദേശത്തെ കുട്ടികൾക്ക് വേണ്ടി കിൻഡർ മിഷൻ പ്രോജക്റ്റ് സാന്ത്വനത്തിന് അനുവദിച്ചു. കുട്ടികളുടെ സമഗ്രവികസനത്തിന് അനുയോജ്യമായ അന്തരീക്ഷം സംജാതമാക്കുവാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന 4 വില്ലേജുകളിലാണ് ഈ പദ്ധതി ആദ്യഘട്ടത്തിൽ നടപ്പിലാക്കുക. ഇതോടനുബ

ന്ധിച്ച് 4 വില്ലേജുകളിൽകൂടി കാരിത്താസ് ഇന്ത്യ ദുരിതാശ്വാസസഹായം നല്കുവാൻ സന്നദ്ധമായിട്ടുണ്ട്.

**പുതിയ സ്വയം സഹായ സംഘം രൂപീകരിച്ചു.**

സാന്ത്വനത്തിന്റെ കീഴിൽ മുളയം കേന്ദ്രീകരിച്ച് 2 സംഘങ്ങൾ കൂടി പ്രവർത്തനമാരംഭിച്ചു. സംഘങ്ങളുടെ ഭാരവാഹികളെ തെരഞ്ഞെടുത്തു.

സ്വയം സഹായ സംഘങ്ങളെക്കുറിച്ചും സാന്ത്വനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായസംഘങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും സംഘത്തിലെ കണക്കുകൾ സൂക്ഷിക്കുന്നതിനെക്കുറിച്ചും സാന്ത്വനം ആനിമേറ്റർ വിശദീകരിച്ചു കൊടുത്തു,

**ബേസിക് ആക്ഷൻ ടീം മീറ്റിങ്ങ്.**

പെരിഞ്ചേരിയിൽ ബേസിക് ആക്ഷൻ ടീം മീറ്റിങ്ങ് സംഘടിപ്പിച്ചു. സ്വയം സഹായ സംഘം ആനിമേറ്റർ, കോ-ഓർഡിനേറ്റർ, എല്ലാ സംഘങ്ങളിലെയും അംഗങ്ങൾ എന്നിവർ മീറ്റിങ്ങിൽ പങ്കെടുത്തു.

**സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ നടന്നു**

ആറ്റത്തറ, ആമ്പക്കാട് എന്നീ യൂണിറ്റുകളിൽ വാർഷിക പൊതുയോഗം നടന്നു. യോഗത്തിൽ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു. യോഗങ്ങളിൽ വികാരിമാർ, സാന്ത്വനം ഡയറക്ടർ, സ്നേഹനിധി കോ-ഓർഡിനേറ്റർ എന്നിവർ സന്നിഹിതരായിരുന്നു. യോഗത്തോടനുബന്ധിച്ച് സാന്ത്വനം ഡയറക്ടർ ബോധവത്ക്കരണക്ലാസ്സ് സംഘടിപ്പിക്കുകയുണ്ടായി.

**കരുതൽ ക്ഷേമ പദ്ധതി.**

സ്നേഹനിധി അംഗങ്ങൾക്കു വേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിൽ നിന്നും 220 അംഗങ്ങൾക്കായി 11,67,980 രൂപ സഹായം നല്കി. 141 പേർക്ക് വിവാഹസഹായവും 63 പേർക്ക് ചികിത്സാസഹായവും 14 പേർക്ക് മരണാനന്തരസഹായവുമാണ് നല്കിയത്.

**ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം.**

**മോണിറ്ററിംഗ് വിസിറ്റ് നടത്തി.**

മുല്ലക്കര, എടക്കളത്തൂർ എന്നിവിടങ്ങളിലെ ഫാമിലികൾ കോ-ഓർഡിനേറ്റർ, ആനിമേറ്റർ എന്നിവർ അടങ്ങിയ ടീം സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. കുടിവെള്ളം, ടോയ്‌ലെറ്റ് സജ്ജീകരണങ്ങൾ എന്നിവക്കു വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

**ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം മുഖേന സഹായം ലഭിച്ച ഇട വകയും സംഖ്യയും താഴെ ചേർക്കുന്നു.**

വില്ലടം–Rs.1,22,000/–, Rs.ചേറൂർ–47,500/–, പാലയൂർ–Rs.18,000/–, നട ത്തറ–Rs.50,000/–, ബസിലിക്ക–Rs.16,000/–, കൂനംമൂച്ചി– Rs.45000/–, മുണ്ടൂർ–Rs.7000/–, മുല്ലശ്ശേരി–Rs.10,000/–, അരിമ്പൂർ–Rs.28,000/–, വൈല ത്തൂർ–Rs.18000/–, നെല്ലിക്കുന്ന്–Rs.58,000/–, മുളയം–Rs.15,000/–, വര ടിയം–Rs.6,500/–, പുറനാട്ടുകര–Rs.17,500/–, ആമ്പക്കാട്–Rs.9,500/–, എരവിമംഗലം–Rs.15,000/–, സരിതപുരം–Rs.15,000/–, ആളൂർ–Rs.5,000/ –, പോന്നോർ–Rs.4,800/–, ചിറ്റിശ്ശേരി–Rs.15,500/–, പുതുശ്ശേരി–Rs.14,000/ –, ഗുരുവായൂർ–Rs.5,000/–.

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ

FAMILY APOSTOLATE CENTRE, THRISSUR



# ഫാമിലി അപ്പോസ്റ്റലേറ്റ്

**ഏകസ്ഥരുടെ കൂട്ടായ്മ – ഒക്ടോബർ 6 ശനി**

തൃശ്ശൂർ അതിരൂപതയിലെ ഏകസ്ഥരായി കഴിയുന്നവർക്കായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഏകദിന കൂട്ടായ്മ ഒക്ടോബർ 6–ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് ഒരു മണിക്ക് വി.കുർബ്ബാനയോടെ സമാപിക്കും. ഏകസ്ഥരായി കഴിയുന്ന വരെ സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കും പരിവർത്തനത്തി നുമായി ഉപയോഗിക്കണമെന്നത് ദൈവീകപദ്ധതിയും സഭയുടെ പഠന വുമാണ്. ഈ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതോടൊപ്പം പര സ്പരം പ്രാർത്ഥിച്ചും പങ്കുവച്ചും വളരുന്നതിനുള്ള അവസരമാണ് ഏക സ്ഥരുടെ കൂട്ടായ്മ. ഈ മഹനീയലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന ഏക ദിന കൂട്ടായ്മയിലേക്ക് ഏകസ്ഥരായി കഴിയുന്ന എല്ലാ സഹോദരങ്ങ ളേയും ക്ഷണിക്കുന്നു.

**വിഭാര്യകൂട്ടായ്മ – ഒക്ടോബർ 20 ശനി**

വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുകയും ഭാര്യയുടെ മരണം മൂലം ഏകാന്തതയും ദുഃഖവും അനുഭവിക്കുകയും ചെയ്യുന്നവരുടെ അർദ്ധ ദിന കൂട്ടായ്മ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഒക്ടോബർ 20–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ കൂടുന്ന താണ്. ഈ വിഭാര്യ കൂട്ടായ്മയിലേക്ക് ഭാര്യ മരിച്ചുപോയ എല്ലാ ഭർത്താക്കന്മാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ബധിരരും മൂകരുമായ വിവാഹിതർക്കുള്ള പോസ്റ്റ് കാന കോഴ്സ് ഒക്ടോബർ 21 ഞായർ**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ബധിരരും മൂകരുമായ വിവാഹിതർക്കുള്ള ഏകദിന പോസ്റ്റ് കാന കോഴ്സ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഒക്ടോബർ 21–ാം തിയ്യതി ഞായറാഴ്ച്ച നടക്കുന്നു. വിവാഹിതരായ എല്ലാ ബധിരരും മൂകരുമായിട്ടുള്ളവരെ ക്ഷണിക്കുന്നു. ബഹു. വികാരിയച്ചന്മാർ ഇടവകയിലെ ബധിരരും മൂകരുമായ വിവാഹിതരായ എല്ലാവരേയും പറഞ്ഞുവിടുമല്ലോ.

**നവദമ്പതിസംഗമം – ഒക്ടോബർ 28 ഞായർ**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ നവദമ്പതികളുടെ ഏട്ടാമത്തെ കൂട്ടായ്മയാണ് ഒക്ടോബർ 28–ാം തിയ്യതി ഞായറാഴ്ച്ച ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നത്. 2018 ഏപ്രിൽ, മെയ്, ജൂൺ, ജൂലായ് മാസങ്ങളിൽ വിവാഹിതരായവരാണ് ഈ കൂട്ടായ്മയിൽ പങ്കെടുക്കേണ്ടത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

**വിവാഹ ഒരുക്ക കോഴ്സ് ബുക്ക് ചെയ്യാനുള്ള പുതിയ സൈറ്റ്**

വിവാഹ കോഴ്സ് ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള പുതിയ സൈറ്റാണ് trichurfamilyapostolate.org എന്നത്. ഈ വെബ്സൈറ്റ് തുറന്ന് മെനുബാറിൽ നിന്നും premarriage course എന്ന tab തുറന്നാൽ കാണുന്ന വിവിധ ആഴ്ചകളിലെ course list ൽ നിന്നും ആവശ്യമുള്ള date നു നേരെ കാണുന്ന booking tab click ചെയ്താൽ ഒരു form തുറന്നു കിട്ടും. എല്ലാ details ഉം പൂരിപ്പിച്ച് കഴിഞ്ഞാൽ course fee അടക്കുന്നതിനുള്ള gateway details വരും, debit card ഉപയോഗിച്ചോ credit card ഉപയോഗിച്ചോ payment നടത്താവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാൻ അറിയാത്തവർക്ക് തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വന്ന് ബുക്ക് ചെയ്യാവുന്നതാണ്. ഇവിടെ വരുമ്പോൾ പാസ്പോർട്ട് സൈസ് ഫോട്ടോ, പേര്, മാമോദീസ പേര്, ജനന തിയതി, മാതാപിതാ

ക്കളുടെ പേര്, അഡ്രസ്സ്, ഇടവക, മൊബൈൽ നമ്പർ എന്നിവ കൊണ്ടു വരേണ്ടതാണ്. വിവാഹ ഒരുക്ക കോഴ്സ് എല്ലാ ആഴ്ചയും ബുധനാഴ്ച്ച രാവിലെ 8.30 ന് ആരംഭിച്ച് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 4.30 ന് സമാപി ക്കുന്നതാണ്. മാതാപിതാക്കൾക്കുള്ള സെമിനാർ വെള്ളിയാഴ്ച 1.15 മുതൽ 4.15 വരെയായിരിക്കും. കോഴ്സിൽ പങ്കെടുക്കുന്നതിന്റെ 90 ദിവസം മുൻപ് മുതൽ ബുക്കിങ്ങ് ചെയ്യാവുന്നതാണ്.

| | |
|---|---|
| **ഫാ. ഡെന്നി താണിക്കൽ** | **ഫാ. ജിയോ തെക്കിനിയത്ത്** |
| ഡയറക്ടർ | അസോ.ഡയറക്ടർ |




### വിഭാര്യകൂട്ടായ്മ – ഒക്ടോബർ 20 ശനി

കുടുംബകൂട്ടായ്മയുടെയും ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെയും നേതൃത്വത്തിൽ വിഭാര്യ കൂട്ടായ്മ സംഘടിപ്പിക്കുന്നു. വിവാഹജീവിത ത്തിലേക്ക് പ്രവേശിക്കുകയും ഭാര്യയുടെ മരണം മൂലം ഏകാന്തതയും ദുഃഖവും അനുഭവിക്കുകയും ചെയ്യുന്നവരുടെ അർദ്ധ ദിന കൂട്ടായ്മ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഒക്ടോബർ 20–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ കൂടുന്നതാണ്. ഈ വിഭാര്യ കൂട്ടായ്മയിലേക്ക് ഭാര്യ മരിച്ചുപോയ എല്ലാ ഭർത്താക്കന്മാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

### ചർച്ചാപഠനപരിശീലന ക്യാമ്പ് – ഒക്ടോബർ 27 ശനി, 2.30 pm

സെപ്റ്റംബർ മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെ ടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. നവംബർ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ഒക്ടോബർ 27–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്ന തായിരിക്കും. ഈ ചർച്ചാപഠന ക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

### കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായുള്ള മത്സരങ്ങൾ

**ഒക്ടോബർ 27 ശനി**

വെള്ളപ്പൊക്ക കെടുതി മൂലം മാറ്റി വച്ച മത്സരങ്ങൾ. (ഇടവക, ഫൊറോന തല മത്സരങ്ങൾക്കുശേഷം) അതിരൂപതാതല മത്സരങ്ങൾ ഒക്ടോബർ 27 ശനിയാഴ്ച ഫാമിലി അപ്പസ്റ്റൊലേറ്റ് ഹാളിൽ വച്ച് നടത്തപ്പെടുന്നു.

ഒക്ടോബർ 27 – 9.30 am to 11.00 am – നിമിഷപ്രസംഗം, പുത്തൻപാന പാരായണം

ഒക്ടോബർ 27 – 11.00 am to 1.30 pm – സംഘഗാനം

ഒക്ടോബർ 27 – 3.00 pm to 4.30 pm – പ്രബന്ധരചന, ചെറുകഥ, കവിതാ രചന

വിശദവിവരങ്ങൾ കഴിഞ്ഞ ലക്കത്തിൽ അറിയിച്ചിരുന്നു. ഒക്ടോബർ 15 നു മുൻപായി അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ പേരുകൾ നൽകേണ്ടതാണ്.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**എ.എ. ആന്റണി**
ജനറൽ കൺവീനർ

**പോൾ പാറക്കൽ**
ജനറൽ സെക്രട്ടറി



# മാതൃവേദി

**പ്രാർത്ഥനാദിനം**

**ഒക്ടോബർ 9 ചൊവ്വ (9.30 am – 1.00 pm)**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപതാതല പ്രാർത്ഥനാദിനമാണ് ഒക്ടോബർ 9–ാം തിയ്യതി ചൊവ്വാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നത്. 9.30 ന് ജപമാലയോടുക്കൂടി പ്രാർത്ഥനാദിനം ആരംഭിക്കും. തുടർന്ന് വി.കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

**ഒക്ടോബർ 9**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഒക്ടോബർ മാസത്തിൽ നടത്തേണ്ടത് എരുമപ്പെട്ടി, പുതുക്കാട് എന്നീ ഫൊറോനകളിലെ ഇടവകകളാണ്. ഈ ഫൊറോനകളിലെ എല്ലാ മാതൃവേദി യൂണിറ്റുകാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു. കൂടാതെ മറ്റ് ഫൊറോനകളിലെ മാതൃവേദി അംഗങ്ങൾക്കും കരകൗശല, ഫുഡ് പ്രദർശനത്തിനും, വിൽപ്പനയ്ക്കും കൊണ്ടുവരാവുന്നതാണ്.

**കുർബാന ഒരു പഠനം**

**ഒക്ടോബർ 9 ചൊവ്വ (9.30 am – 1.00 pm)**

മാതൃവേദി അംഗങ്ങൾക്കായുള്ള കുർബാനയെക്കുറിച്ചുള്ള പഠനശിബിരം ഒക്ടോബർ 9–ാം തിയ്യതി ചൊവ്വാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ബീന ജോഷി**
പ്രസിഡണ്ട്

**ശ്രീമതി ജൂലി ബാബു**
സെക്രട്ടറി




# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**നന്ദിയോടെ**

ഏലിശാ സംഗമം വൻ വിജയമാക്കാൻ സഹായിച്ച എല്ലാവർക്കും ഒരുപാട് നന്ദി. ഗർഭിണികളുടെ സംഗമത്തിലേക്ക് ഗർഭിണികളെ പറഞ്ഞയച്ച വൈദികർക്കും എല്ലാ സുഹൃത്തുകൾക്കും നന്ദി. ഗർഭകാല സംബന്ധമായ ബോധവത്ക്കരണ ക്ലാസ്സ് നടത്തിയ ഡോ. ബൈറ്റ്സിക്കും അഭിഷേക പ്രാർത്ഥനാശുശ്രൂഷ നടത്തിയ ബഹുമാനപ്പെട്ട ബിജു

പാണേങ്ങാടനച്ചനും, മാതൃത്വം ഒരു വരം എന്ന ക്ലാസ്സ് നയിച്ച ജെസ്സി ജെയിംസിനും നയോമി ടീച്ചർക്കും മറ്റ് പ്രോലൈഫ് അംഗങ്ങൾക്കും ഒത്തിരി നന്ദി.

**തിരുമണിക്കൂർ ആരാധന**

**ഒക്ടോബർ 1 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഭ്രൂണഹത്യക്കെതിരെ അഖണ്ഡ ജപമാല യജ്ഞം**

ജപമാല മാസമായ ഒക്ടോബർ മാസം സമാഗതമാകുകയാണല്ലോ. ഈ മാസത്തിൽ നമ്മുടെ അതിരൂപത അർപ്പണമനോഭാവത്തോടെ ജീവന്റെ മേഖലയ്ക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന നല്ല പാരമ്പര്യമുണ്ട്. ഈ വർഷം ഒരു കോടി ജപമാല ചൊല്ലി പ്രാർത്ഥിക്കാനാണ് നാം അഭിലഷിക്കുന്നത്.

ആത്മഹത്യ, കൊലപാതകം, ദയാവധം എന്നിവയും റോഡപകടങ്ങളിലും മറ്റു ദുരന്തങ്ങളിലും പെട്ട് പൊലിയുന്ന മനുഷ്യജീവനുകളും നമ്മെ അക്ഷരാർത്ഥത്തിൽ അമ്പരിപ്പിക്കുന്നു. യുദ്ധമേഖലകളിലും ആഭ്യന്തര കലാപമുള്ള പ്രദേശങ്ങളിലും സമാധാനം സ്ഥാപിക്കപ്പെടാൻ ഈ അവസരത്തിൽ പ്രാർത്ഥിക്കണം.

ഉള്ളുരുകി ജീവന്റെ മേഖലയ്ക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നത് എത്രയോ അഭികാമ്യമാണ്. ഈ ഒക്ടോബർ മാസത്തിൽ ഒരു കോടി ജപമാല ചൊല്ലി പിതാവായ ദൈവത്തിന്റെ സന്നിധിയിൽ സമർപ്പിക്കാൻ നാം അഭിലഷിക്കുന്നു. നമ്മുടെ പള്ളികളിലും സന്യാസഭവനങ്ങളിലും കുടുംബങ്ങളിലും ആതുരാലയങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും മറ്റു സ്ഥാപനങ്ങളിലും ഒക്ടോബർ മാസത്തിൽ സമർപ്പിക്കപ്പെടുന്ന ജപമാലകൾ ഈ നിയോഗത്തിനുവേണ്ടിയായിരിക്കാൻ താൽപര്യപ്പെടുന്നു.

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ** — **ഫാ. ഡെന്നി താണിക്കൽ**

പ്രസിഡന്റ് — ഡയറക്ടർ




## Excel Academy Science Genius & Junior IAS Exams

തൃശൂർ ജില്ലയിലെ State, CBSE സിലബസ്സിൽ ഉൾപ്പെടുന്ന എല്ലാ സ്കൂളുകളിലേയും 6,7, 8, 9, 10, 11, 12 ക്ലാസ്സുകളിലെ പതിനായിരത്തോളം വിദ്യാർത്ഥികൾക്കുവേണ്ടി Excel Academy, Science Genius, Junior IAS എന്നീ രണ്ട് പരീക്ഷകൾ നടത്തുന്നു. ഈ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്നവർക്ക് ക്യാഷ് അവാർഡുകളും സ്കോളർഷിപ്പുകളും നൽകുന്നു. 2018 നവംബർ 8–ാം തിയ്യതി Science Genius പരീക്ഷയും നവംബർ 22–ാം തിയ്യതി Junior IAS Exam ഉം സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്നു. അതിൽ തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ജില്ലാ തലത്തിൽ ഫൈനൽ പരീക്ഷകൾ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് : 9847276657, 9846905210

## Student Emotional & Intellectual Assessment Test (SEAT)

എക്സൽ അക്കാദമിയുടെ എക്സിക്യൂട്ടീവ് കൗൺസിലിന്റെ തീരുമാനമനുസരിച്ച്, ഈ വർഷം അതിരൂപതയിലെ എല്ലാ സ്കൂളുകളിലും 10th, +2 വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് മോട്ടിവേഷൻ ക്ലാസ്സുകൾ ആരംഭിച്ചുകഴിഞ്ഞു. ക്ലാസ്സുകൾ നടത്തുവാനുള്ള തിയ്യതിയും സമയവും എല്ലാ സ്കൂളികളിലേക്കും അറിയിച്ചുകഴിഞ്ഞിട്ടുണ്ട്. അതിൽ എന്തെങ്കിലും മാറ്റങ്ങൾ വേണമെന്നുണ്ടെങ്കിൽ എക്സൽ അക്കാദമി ഓഫീസിൽ അറിയിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് : 9847276657, 9846905210

## PSC സ്കോളർഷിപ്പ് പരീക്ഷ

അതിരൂപതയിലെ എല്ലാ ഇടവകകളിലേയും 18 വയസ്സു മുതൽ 35 വയസ്സുവരെയുള്ള ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി ഒക്ടോബർ 7–ാം തിയ്യതി ഞായറാഴ്ച PSC സ്കോളർഷിപ്പ് പരീക്ഷ DBCLC bnse Excel Academy ഓഡിറ്റോറിയത്തിൽ വെച്ച് 1.30 മുതൽ 3.30 വരെ നടത്തുന്നു. മിനിമം യോഗ്യത 7–ാം ക്ലാസ്സ് വിജയം. എല്ലാ ഇടവകവികാരിമാരും, പ്രതിനിധി അംഗങ്ങൾ, കുടുംബസമ്മേളനഭാരവാഹികൾ എന്നിവരും, ഇക്കാര്യം പ്രതിനിധിയോഗങ്ങളിലും യൂണിറ്റുകളിലും അറിയിച്ച് ഇടവ

കകളിലെ PSC സ്കോളർഷിപ്പ് പരീക്ഷ എഴുതുവാൻ ആഗ്രഹിക്കുന്ന വ്യക്തികളെ കണ്ടെത്തി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.
കൂടുതൽ വിവരങ്ങൾക്ക് : 9495278764, 9744941585

**എക്സൽ അക്കാദമി സ്പോൺസർഷിപ്പ് പ്രോഗ്രാം**

എക്സൽ അക്കാദമിയുടെ ഈ വർഷത്തെ പുതിയ രണ്ടു സ്പോൺസർഷിപ്പ് പ്രോഗ്രാമുകൾ, ഇന്ത്യയിലും വിദേശത്തുമുള്ള സ്പോൺസർമാരുടേയും അഭ്യുദയകാംക്ഷികളുടേയും, അതിരൂപതയിലെ ഇടവക വികാരിമാർ എന്നിവരുടെയും ആത്മാർത്ഥമായ സഹകരണം കൊണ്ട് വിജയപ്രദമായി നടന്നുകൊണ്ടിരിക്കുകയാണ്. ഈ സ്പോൺസർഷിപ്പ് പ്രോഗ്രാമിൽ സഹകരിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഒക്ടോബർ 31–ാം തിയ്യതിക്ക് മുമ്പ് Fund കൾ നൽകി പേരുകൾ രജിസ്റ്റർ ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. കൂടുതൽ വിവരങ്ങൾക്ക് : 9744941585, 9846905210.

**ഫാ. ഡേവീസ് തെക്കേക്കര**
ഡയറക്ടർ




# സി.എൽ.സി.

**മരിയോത്സവം 2018**

പ്രളയത്തോട് അനുബന്ധിച്ചു, കേരള സമൂഹത്തിന്റെ പൊതുവികാരം ഉൾക്കൊണ്ടു കൊണ്ട് ഈ വർഷത്തെ മരിയോത്സവം, കലാമത്സരങ്ങൾ ഒഴിവാക്കി, രൂപത തലത്തിലുള്ള സാഹിത്യ മത്സരം മാത്രമായി നടത്താൻ തീരുമാനിച്ചിരിക്കുന്നു. സാഹിത്യ മത്സരങ്ങൾ ഒക്ടോബർ 13 ശനിയാഴ്ച്ച , തൃശൂർ സെന്റ് തോമസ് കോളേജിൽ വച്ചാണ് നടത്തപ്പെടുന്നത്. രജിസ്ട്രേഷനുള്ള അവസാനതിയ്യതി ഒക്ടോബർ 1. കൂടുതൽ വിവരങ്ങൾക്കായി മരിയോത്സവം കൺവീനർ ശ്രീ. ജെസ്വിൻ സാജുവുമായി ബന്ധപ്പെടുക : 9747729143

**മാർ ജോസഫ് കുണ്ടുകുളം പ്രസംഗ മത്സരം**

ഈ വർഷത്തെ മാർ ജോസഫ് കുണ്ടുകുളം പ്രസംഗ മത്സരം ഒക്ടോബർ 13 ശനിയാഴ്ച്ച ഉച്ചക്ക് തൃശൂർ സെന്റ് തോമസ് കോളേജിൽ വച്ച് നടത്തുന്നു. 15 വയസ്സ് മുതൽ 35 വയസ്സ് വരെ ഉള്ള കത്തോലിക്ക യുവജനങ്ങൾക്ക് മത്സരത്തിൽ പങ്കെടുക്കാം. രജിസ്ട്രേഷനുള്ള അവസാനതിയ്യതി ഒക്ടോബർ 1. കൂടുതൽ വിവരങ്ങൾക്കായി മാർ ജോസഫ് കുണ്ടുകുളം പ്രസംഗ മത്സരം കൺവീനർ ശ്രീ. ഐജോ പൊറുത്തൂരുമായി ബന്ധപ്പെടുക : 9995255281

**മദർ തെരേസ ചിത്ര രചന മത്സരം**

സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ഈ വർഷത്തെ മദർ തെരേസ ചിത്ര രചന മത്സരം ഒക്ടോബർ 31 ബുധനാഴ്ച്ച തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കായി മദർ തെരേസ ചിത്ര രചന മത്സരം കൺവീനർ ശ്രീ. ജെസ്വിൻ സാജുവുമായി ബന്ധപ്പെടുക : 9747729143

**ക്രിസ്തുമസ് കാർണിവൽ**

അതിരൂപത സി.എൽ.സി.യുടെയും, ഇടവക സി.എൽ.സി. യൂണിറ്റുകളുടെയും സഹകരണത്തോടെ ഒരു ഡിസ്കൗണ്ട് കൂപ്പൺ ഇറക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇത് വഴി സമാഹരിക്കുന്ന തുകയുടെ നിശ്ചിത വിഹിതം, യൂണിറ്റ് , ഫൊറോന പ്രവർത്തനങ്ങൾക്ക് നൽകുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾ അതിരൂപത സി.എൽ.സി. സർക്കുലർ വഴി ഇടവകകളെ അറിയിക്കുന്നതായിരിക്കും.

**ഫൊറോന വാർഷിക സമ്മേളനങ്ങൾ**

നവംബർ, ഡിസംബർ മാസങ്ങളിലായി ഫൊറോനകളിൽ, ഫൊറോന വാർഷിക സമ്മേളനങ്ങൾ സംഘടിപ്പിക്കേണ്ടതാണ് . അതാതു ഫൊറോനകളിലെ എല്ലാ യൂണിറ്റ് എക്സിക്യൂട്ടീവുകളും സമ്മേളനത്തിൽ പങ്കെടുക്കേണ്ടതും, യോഗത്തിൽ യൂണിറ്റുകൾ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കേണ്ടതും ആണ്. ഓരോ ഫൊറോന വാർഷിക സമ്മേളനങ്ങളിലും അതിരൂപത ഭരവാഹികൾ പങ്കെടുക്കുന്നതായിരിക്കും. ഫൊറോന വാർഷിക സമ്മേളനങ്ങളുടെ തിയ്യതി, രൂപത സി.എൽ.സി. യുമായി കൂടിയാലോചിച്ചു തീരുമാനിക്കേണ്ടതാണ്.

**ഫാ. ജിയോ തെക്കിനിയത്ത്**

ഡയറക്ടർ

**ജെസ്വിൻ സാജു**

സെക്രട്ടറി

**ജോമി ജോൺസൻ**

പ്രസിഡണ്ട്

# ചിൽഡ്രൻസ് മിനിസ്ട്രി




**ഫൊറോന പ്രൊമോട്ടേഴ്സ് മീറ്റിങ്ങ്**

ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന പ്രൊമോട്ടേഴ്സിന്റെ മീറ്റിങ്ങ് അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വച്ച് സെപ്റ്റംബർ 3 ന് നടത്തുകയുണ്ടായി. ഡയറക്ടറച്ചൻ എല്ലാവരേയും മീറ്റിങ്ങിലേക്ക് സ്വാഗതം ചെയ്തു. അതിരൂപതാ കലാമത്സരങ്ങളായിരുന്നു പ്രധാന ചർച്ചാവിഷയം. കേരളത്തിൽ സംഭവിച്ച പ്രളയ കെടുതിയുടെ പശ്ചാത്തലത്തിൽ അതിരൂപതതല കലോൽസവം റദ്ദാക്കുന്നതിക്കുറിച്ച് സംസാരിച്ചു. കുട്ടികളുടെ കലാവാസനക്കുള്ള പ്രോത്സാഹനം തടസ്സപ്പെടാതിരിക്കുവാൻ മേക്കപ്പും ആർഭാടങ്ങളും ഒഴിവാക്കികൊണ്ട് ഫെറോനതലത്തിൽ കലാമൽസരങ്ങൾ നടത്തുവാൻ അതിരൂപതാ മെത്രാപ്പോലീത്തയുടെ നിർദ്ദേശപ്രകാരം തീരുമാനിച്ചു.

**<u>അതിരൂപതാ കലോത്സവം (തിരുബാല സംഖ്യം, ജൂനിയർ സി എൽ സി, അൾത്താരസംഘം)</u>**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി. എൽ. സി. എന്നീ സംഘടനകൾക്കായി നടത്താനിരുന്ന അതിരൂപത തല കലോൽസവം 2018, ഒക്ടോബർ 13 ന് നടത്താനിരുന്ന സ്ക്കൂൾ തല കലാമൽസരവും പ്രളയ കെടുതിയുടെ പശ്ചാത്തലത്തിൽ റദ്ദാക്കിയിരിക്കുന്നു. ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന അടിസ്ഥാനത്തിൽ മേക്കപ്പും ആർഭാടങ്ങളും ഒഴിവാക്കി കൊണ്ട് ചിലവുചുരുക്കി നടത്താവുന്നതാണ്. ചിൽഡ്രൻസ് മിനിസ്ട്രി പ്രൊമോട്ടർ അച്ചൻമാരും, ആനിമേറ്റേഴ്സും അതിനുവേണ്ട തയ്യാറെടുപ്പുകൾ ചെയ്ത് സഹകരിക്കുമല്ലോ. ഇനിയും രജിസ്റ്റർ ചെയ്യാത്ത യൂണിറ്റുകൾ എത്രയും വേഗം ചെയ്യുവാൻ ശ്രദ്ധിക്കുക. **മത്സരത്തിനുവരുമ്പോൾ അതിരൂപത നിർദ്ദേശിച്ചിട്ടുള്ള യൂണിറ്റ് രജിസ്ട്രേഷൻ ഫോം, ബാഡ്ജ്, അംഗത്വ സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.**

**തിരുബാലസംഖ്യം**

ഒക്ടോബർ 4 ന് പാപ്പാദിനമായി ആചരിക്കേണ്ടതാണ്. അന്ന് പതാകദിനമായി ആചരിക്കാൻ ശ്രദ്ധിക്കുമല്ലോ. ഒക്ടോബർ മാസത്തിൽ ഗ്രൂപ്പുകളായി തിരിഞ്ഞ് കുട്ടികൾ ജപമാല ചൊല്ലാനും വിവിധ നിയോഗങ്ങൾക്കായി പ്രത്യേകിച്ച് പലതരത്തിൽ പീഡിപ്പിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കായി പ്രാർത്ഥിക്കാനും ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം മിഷൻ പ്രവർത്തനത്തെ സഹായിക്കാൻ കുഞ്ഞുങ്ങൾ ചെറിയ ഫണ്ട് രൂപീകരണം യൂണിറ്റ് തലത്തിൽ നടത്തേണ്ടതാണ്. ഏറ്റവും കൂടുതൽ ഫണ്ട് ശേഖരിക്കുന്നവർക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

**ജൂനിയർ സി.എൽ.സി**

ഒകടോബർ മാസം ജൂനിയർ സി.എൽ.സി. അംഗങ്ങൾ കൊന്തമാസം ആചരിക്കേണ്ടതാണ്. വിശ്വാസ ജീവിതത്തിൽ നിന്ന് അകന്ന് ജീവിക്കുന്നവരെ ഓർക്കാം, ജലപ്രളയത്താൽ ദുരിതമനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കായും പ്രത്യേകം പ്രാർത്ഥിക്കാം. ക്രിസ്മസിന് ഒരുക്കമായി കുട്ടികൾ  സംഭാവനകൾ ശേഖരിച്ച് ജലപ്രളയ കെടുതിക്കായി നൽകാവുന്നതാണ്. ഏറ്റവും കൂടുതൽ ശേഖരിക്കുന്ന യൂണിറ്റിന് സമ്മാനമുണ്ടായിരിക്കുന്നതാണ്. ഒക്ടോബർ 1 ന് വി കൊച്ചുത്രേസ്യാ പുണ്യവതിയുടെ തിരുനാളാണ്. അന്ന് ജൂനിയർ സി.എൽ.സി.യുടെ പതാകദിനം കൂടിയാണ്. യൂണിറ്റിൽ പതാകയുയർത്തി പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്.

**അൾത്താരസംഘം**

ഒക്ടോബർ 1 –ാം തിയ്യതി മുതൽ 31 –ാം തിയ്യതി  വരെ കൊന്തമാസം ആചരണമാണല്ലോ.  അൾത്താരബാലന്മാർ 2 പേർ അടങ്ങുന്ന ഗ്രൂപ്പുകളായി തിരിഞ്ഞ് വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കേണ്ടതാണ്. ജലപ്രളയത്താൽ ദുരിതമനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കും,വൃദ്ധരായ രോഗികൾക്കും, അനാഥരായ കുഞ്ഞുങ്ങൾക്കു വേണ്ടിയും പ്രത്യേകം ജപമാലചൊല്ലി പ്രാർത്ഥിക്കേണ്ടതാണ്. കൂടാതെ ചെറിയ ത്യാഗപ്രവർത്തികൾ  വഴി സമാഹരിക്കുന്ന തുകയും (Prayer Friend Collection), ക്രിസ്മസ് കാർഡും ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഡിസംബർ 29 ന് മുമ്പായി എത്തിക്കേണ്ടതാണ്.

**സാഹിത്യ മത്സരങ്ങൾ 2018**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. എന്നീ സംഘടനകളിലെ കുട്ടികൾക്കായി അതിരൂപതാ തലത്തിൽ സാഹിത്യമത്സരങ്ങൾ നവംബർ

10ന് ഡി.ബി.സി.എൽ.സി. യിൽ വച്ച് ഉച്ചക്ക് 1 മണി മുതൽ വൈകിട്ട് 4 മണി വരെ നടത്തുന്നു.

**സെയിന്റ്സ് ക്വിസ് 2018 – 2019**

ഇടവക തലത്തിൽ സെയിന്റ്സ് ക്വിസ്സ് **ഒക്ടോബർ 21 ന്** നടത്തേണ്ടതാണ്. അതിന് വേണ്ട ചോദ്യപേപ്പർ കാറ്റക്കിസം ഹെഡ്മാസ്റ്റർ വശം കൊടുത്തുവിടുന്നതാണ്. സെയിന്റ്സ് ക്വിസ്സ് 2018–2019 പഠന സഹായി **അതിരൂപതാ ബുക്ക് സ്റ്റാളിലും (ഡി. ബി. സി. എൽ. സി.) ചിൽഡ്രസ് മിനിസ്ട്രി ഓഫീസിലും ലഭ്യമാണ്.** ഫൊറോന തലം **നവംബർ 25** ഞായറാഴ്ച ഫൊറോന കേന്ദ്രത്തിലും, അതിരൂപതാ തലം **2019 ജനുവരി 12,** ശനിയാഴ്ച ആയിരിക്കും മത്സരങ്ങൾ നടത്തപ്പെടുന്നത്.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകിപോയിട്ടില്ല. കേൾക്കാനാവാത്തവിധം അവിടുത്തെ കാതുകൾക്കു മാന്ദ്യം സംഭവിച്ചിട്ടില്ല. (ഏശയ്യ 59:1)

സുകൃതജപം: എന്റെ ഈശോയെ എന്നെ രക്ഷിക്കണമേ

**പരിചയപ്പെടുന്ന വിശുദ്ധൻ** : വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ (ഒക്ടോബർ 22 )

**പ്രാർത്ഥനാ നിയോഗം** : പുരോഹിതർക്കും സന്യസ്തർക്കും വേണ്ടി പ്രാർത്ഥിക്കുക.

**പ്രവർത്തനം** : ജലപ്രളയത്തിൽപെട്ട് ദുരിതമനുഭവിക്കുന്നവർക്ക് സഹായം ചെയ്യുക.

**സി. റെജി എസ്. എസ്. പി. സി**
**കോഡിനേറ്റർ**

**ഫാ. റോയ്സൻ കൊള്ളന്നൂർ**
**ഡയറക്ടർ**



“നാം കുടുംബങ്ങളെ സംരക്ഷിക്കേണ്ടതുണ്ട്. കാരണം നാളെയുടെ ഭാവി കുടുംബങ്ങളെയാണ് ആശ്രയിച്ചിരിക്കുന്നത്”.

**പോപ്പ് ഫ്രാൻസീസ്**




## കെ. സി. എസ്. എൽ. തൃശ്ശൂർ അതിരൂപത

**മദർതെരേസദിനം - ശില്പശാല - ചാരിറ്റി**
**വസ്ത്രശേഖരണവിതരണ ഉദ്ഘാടനം**

അതിരൂപതാതല മദർതെരേസദിനം, ചാരിറ്റി വസ്ത്രശേഖരണ വിതരണോദ്ഘാടനം എന്നിവ സെപ്തംബർ 8ന് തൃശൂർ സെന്റ് തോമസ് കോളേജിൽ വച്ച് നടന്നു. ഡയറക്ടർ ഫാ. ആന്റണി ചെമ്പകശ്ശേരി ഉദ്ഘാടനം നിർവഹിച്ചു. ഓർഗ്ഗനൈസർ ജിജു ആന്റണി മാസ്റ്റർ അധ്യക്ഷനായിരുന്നു. കൺവീനർ ജോവൽ മാസ്റ്റർ മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

അതിരൂപതാ സ്റ്റഡി സർക്കിൾ ശില്പശാല അന്നുതന്നെ 10.30ന് ആരംഭിച്ചു. അജിത്ത് പോൾ മാസ്റ്റർ, സോയ് മാസ്റ്റർ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 150ൽ പരം വിദ്യാർത്ഥിപ്രതിനിധികൾ പങ്കെടുത്തു.

**ഒക്ടോബർ 2ന് കലോത്സവം**

സെപ്തംബർ 8ന് ചേർന്ന അതിരൂപതാ അസാധാരണ ജനറൽ ബോഡി പ്രളയദുരിതപശ്ചാത്തലത്തിൽ കലോത്സവം ആഡംബരം കുറച്ച് നടത്താൻ തീരുമാനിച്ചു. അതനുസരിച്ച് കലാമത്സരങ്ങൾ KCSL ഗാനം, സ്റ്റഡി സർക്കിൾ, മലയാള പ്രസംഗം, ഇംഗ്ലീഷ് പ്രസംഗം എന്നിവ മാത്രമായിരിക്കും. (മറ്റ് പരിപാടികൾക്ക് ഒരു മാറ്റവും ഉണ്ടായിരിക്കുന്നതല്ല).

**പ്രളയദുരിതബാധിതർക്ക് സഹായം**

അതിരൂപതാ KCSL ജനറൽ ബോഡി തീരുമാനപ്രകാരം പ്രളയബാധിതരായ KCSL അംഗങ്ങളെ സഹായിക്കാൻ അതിരൂപതാതലത്തിൽ പദ്ധതി തയ്യാറാക്കുന്നു. അതിനായി പ്രളയബാധിതരായ KCSL അംഗങ്ങളുടെ വിശദവിവരങ്ങൾ പ്രസിഡണ്ടിനെ അറിയിക്കുക.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

1. കോട്ടപ്പടി കോൺഫ്രറൻസ് അംഗം ബ്ര.റോബിൻ വർഗ്ഗീസിന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.
2. സംഘടന, മഴക്കെടുതി ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ക്യാമ്പുകളിലേക്ക് മെഴുകുതിരിയും, വീടുകളിലേക്ക് ആവശ്യമായ വസ്ത്രങ്ങൾ എന്നിവയും വിതരണം ചെയ്തു. ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി സഹകരിച്ച എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും സെൻട്രൽ കൗൺസിലിന്റെ നന്ദി.
3. മതബോധനം 10, 11, 12, ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി സംഘടന നടത്തിയ അതിരൂപതതല ക്വിസ് മത്സരത്തിൽ താഴെ പറയുന്നവർ സമ്മാനത്തിന് അർഹരായി.

   ഒന്നാം സമ്മാനം – ഹന്ന ജോജു – മണ്ണംപേട്ട ഇടവക
   രണ്ടാം സമ്മാനം – മേരി റോസ് അഞ്ഞൂർ ഇടവക
   മൂന്നാം സമ്മാനം – നിമ റോസ്, പറപ്പൂർ ഇടവക

വിജയികൾക്ക് അഭിനന്ദനങ്ങൾ

4. 07.10.2010 ലെ സെൻട്രൽ കൗൺസിൽ സപ്തതി ആഘോഷം ഉച്ച കഴിഞ്ഞ് 1.30 മുതൽ കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ H.S.S- ൽ നടത്തുന്നതാണ്. അതിരൂപത സഹായ മെത്രാൻ മാർ. ടോണി നീലങ്കാവിൽ സപ്തതി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുന്നതാണ്. സംഘടനയുടെ നാഷണൽ കൗൺസിൽ പ്രസിഡണ്ട് – ബ്ര. ജോൺസൺ വർഗ്ഗീസ് യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതാണ്. കോൺഫ്രൻസ്, ഏരിയ കൗൺസിൽ വാർഷിക ആഘോഷങ്ങൾ ചിലവ് ചുരുക്കി മേഖലയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പണം ചെലവഴി ക്കണമെന്ന് സെൻട്രൽ കൗൺസിൽ നിർദ്ദേശിക്കുന്നു.
5. അതിരൂപതാ തലത്തിൽ പരേതർക്കായി നടത്തി വരുന്ന ദിവ്യബലി, ഒപ്പീസ് എന്നിവ നവംബർ 4–ാം തീയ്യതി ഞായറാഴ്ച്ച

ഉച്ചകഴിഞ്ഞ് 2 മണിക്ക് തൃശ്ശൂർ ലൂർദ്ദ് മെട്രോപോലിറ്റൻ ദൈവാലയത്തിൽ വെച്ച് നടത്തുന്നതാണ്. തിരുകർമ്മങ്ങളിൽ എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

| | |
|---|---|
| **ഫാ. റോയ് മൂക്കൻ** | **കെ. എ. ഷിബു** |
| ആദ്ധ്യാത്മികോപദേഷ്ടാവ് | പ്രസിഡണ്ട് |




**ജെറീക്കോ പ്രാർത്ഥനയും വി.കുരിശിന്റെ പ്രയാണവും**

തൃശ്ശൂർ അതിരൂപത സർവീസ് ടീമിന്റെ നേതൃത്വത്തിൽ അഖിലേന്ത്യാ തലത്തിൽ നടക്കുന്ന ജെറീക്കോ പ്രാർത്ഥനയുടെയും വി. കുരിശിന്റെ പ്രയാണത്തിന്റെയും ഭാഗമായി സെപ്റ്റംബർ 24ന് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ നടന്ന ശുശ്രൂഷകളുടെ തുടർച്ചയായി അതിരൂപതയിലെ എല്ലാ ഫൊറോനകളിലൂടെയും കുരിശിന്റെ പ്രയാണം നടത്തുന്നു. ഒരു ദിവസം 2 ഫൊറോനകൾ എന്ന രീതിയിലാണ് ക്രമീകരണം. "സ്ലീവാവന്ദനം" എന്ന പേരിലാണ് ശുശ്രൂഷകൾ ക്രമീകരിച്ചിരിക്കുന്നത്. രാവിലെ 9 മണിക്ക് ജപമാലയോടെ ആരംഭിക്കുന്നു. 9.30 ന് കുരിശ് എത്തിച്ചേരുന്നു. കുരിശിന് സ്വീകരണം ലളിതമായിരിക്കും. തുടർന്ന് ധൂപാർച്ചന, വി.കുരിശിന്റെ സന്ദേശം, കുരിശിന്റെ വഴി, കരുണയുടെ ജപമാല എന്നിവയ്ക്കുശേഷം ജെറീക്കോ പ്രാർത്ഥന നടത്തുന്നത് അഭികാമ്യമാണ്. 12:30-യോടെ സമാപിക്കും. ഉച്ചയ്ക്ക് ശേഷമുള്ള ശുശ്രൂഷകൾ 1.30 ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 4.30ന് സമാപിക്കുന്നതാണ്.

**സമയക്രമം താഴെ ചേർക്കുന്നു.**

| | **രാവിലെ** | **ഉച്ചയ്ക്ക്** |
|---|---|---|
| | 9.30 - 12.30 വരെ | 1.30 - 5.00 വരെ |
| സെപ്റ്റംബർ 29 ശനി | പുതുക്കാട് | ഒല്ലൂർ |
| ഒക്ടോബർ 5 വെള്ളി | പഴുവിൽ | കണ്ടശ്ശാംകടവ് |
| ഒക്ടോബർ 6 ശനി | പാലയൂർ | മറ്റം |

| | | |
|---|---|---|
| ഒക്ടോബർ 12 വെള്ളി | പട്ടിക്കാട് | പുത്തൂർ |
| ഒക്ടോബർ 13 ശനി | ബസിലിക്ക | ലൂർദ്ദ് കത്തീഡ്രൽ |
| ഒക്ടോബർ 19 വെള്ളി | വടക്കാഞ്ചേരി | ചേലക്കര |
| ഒക്ടോബർ 26 വെള്ളി | പറപ്പൂർ | കൊട്ടേക്കാട് |
| ഒക്ടോബർ 27 ശനി | വേലൂർ | എരുമപ്പെട്ടി |

**കുരിശിന്റെ പ്രയാണത്തിനുവേണ്ടിയുള്ള മധ്യസ്ഥപ്രാർത്ഥന**

കുരിശിന്റെ പ്രയാണത്തിനുവേണ്ടിയുള്ള മധ്യസ്ഥ പ്രാർത്ഥന കുരിശിന്റെ തിരുനാളായ സെപ്റ്റംബർ 14 വ്യാഴാഴ്ച മുതൽ സെപ്റ്റംബർ 23 തിങ്കളാഴ്ച വരെ ആബാ റിന്യൂവൽ സെന്ററിൽ നടത്തി രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ നടന്ന മധ്യസ്ഥപ്രാർത്ഥന ശുശ്രൂഷകളിൽ ദിവ്യബലി, സമ്പൂർണ്ണ ജപമാല, ദിവ്യകാരുണ്യ ആരാധന എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു.

**ഫയർ ഫെലോഷിപ്പ്**

പ്രാർത്ഥനാഗ്രൂപ്പ് ലീഡർ, സെക്രട്ടറി, ട്രഷറർ, സബ് സോൺ, മിനിസ്ട്രി സെൻട്രൽ സർവീസ് ടീമുകൾ എന്നിവർക്കുവേണ്ടിയുള്ള ട്രെയിനിംഗ് പ്രോഗ്രാം ആയ ഫയർ ഫെലോഷിപ്പിന്റെ മൂന്നാം ഏകദിന ശുശ്രൂഷകൾ ഒക്ടോബർ 20 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകീട്ട് 4 വരെ ആബാ റിന്യൂവൽ സെന്ററിൽ നടത്തുന്നു. വചനപ്രഘോഷണം, വി. കുർബാന, ദിവ്യകാരുണ്യാരാധന അഭിഷേക പ്രാർത്ഥന എന്നിവ ഉണ്ടായിരിക്കുന്നതാണ്.

**ഫാ. സജീവ് ഇമ്മട്ടി**
ഡയറക്ടർ

**സാബു എം.വർഗ്ഗീസ്**
കോർഡിനേറ്റർ



# Kerala Labour Movement

കേരള ലേബർ മൂവ്മെന്റിന്റെ തൃശ്ശൂർ അതിരൂപത ഓഫീസിൽ നിന്നും ആശംസകൾ...

കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങളെല്ലാം നല്ല രീതിയിൽ സംഘടിപ്പിക്കപ്പെടുന്നു എന്നതിലുള്ള സന്തോഷവും സഹകരണത്തിനു നന്ദിയും അർപ്പിക്കുന്നു. അടുത്ത മാസങ്ങളിൽ പൂർത്തീകരിക്കേണ്ടതായ ഏതാനും പ്രവർത്തന ളെ സംബന്ധിച്ച് അറിയിക്കുന്നു.

**1. യൂണിറ്റ്, മേഖല (ഫൊറോന), അതിരൂപത തല തിരഞ്ഞെടുപ്പുകൾ**

കെ.എൽ.എം. യൂണിറ്റ്, മേഖല, അതിരൂപത നിർവാഹകസമിതി സമിതികളുടെ രണ്ടു വർഷത്തെ കാലാവധി 2018 ഡിസംബറിൽ പൂർത്തിയാകുകയാണ്. ആയതിനാൽ സെപ്തംബർ, ഒക്ടോബർ മാസങ്ങളിലായി യൂണിറ്റുകളിലും, നവംബറിൽ മേഖലകളിലും ഡിസംബറിൽ അതിരൂപതതലത്തിലും നിയമാവലി പ്രകാരം തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. യൂണിറ്റുകളിൽ സൗകര്യപ്പെടുന്ന ഒരു ദിവസം അതിരൂപത സമിതിയിൽ നിന്നുള്ള പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ യൂണിറ്റു ഭാരവാഹികൾ, അതിരൂപത കൗൺസിലർമാർ, മേഖല കൗൺസിലർമാർ എന്നിവരെ തിരഞ്ഞെടുക്കേണ്ടതാണ്. ഇതോടൊപ്പം വിവിധ ഫോറങ്ങളുടെ (ചുരുങ്ങിയത് മൂന്ന് ഫോറങ്ങൾ) കൺവീനർമാരെയും തിരഞ്ഞെടുക്കണം. യൂണിറ്റു ഭാരവാഹികളാകുവാൻ യൂണിറ്റിൽ അംഗത്വമെടുത്ത് ഒരു വർഷമെങ്കിലും പൂർത്തിയാകണം, കൂടാതെ മേഖല ഭാരവാഹികളാകുവാൻ രണ്ടും, അതിരൂപത ഭാരവാഹികളാകുവാൻ മൂന്നും വർഷങ്ങൾ പൂർത്തിയാകേണ്ടതാണ്. പ്രസിഡന്റ്, ജന. സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങളിലേക്ക് തുടർച്ചയായി രണ്ടു തവണയിൽ കൂടുതൽ തിരഞ്ഞെടുക്കപ്പെടുവാൻ പാടില്ല. ക്രൈസ്തവ വിശ്വാസവും സഭാത്മകജീവിതവും നയിക്കുന്നവരെ വേണം ഭാരവാഹികളായി തിരഞ്ഞെടുക്കുവാൻ എന്നുകൂടി അഭ്യർത്ഥിക്കുന്നു. തിരഞ്ഞെടുക്ക പ്പെടുന്നവരുടെ പേരും മറ്റു വിവരങ്ങളും അതിരൂപത ഓഫീസിൽ നിന്നും ലഭിക്കുന്ന പ്രത്യേക ഫോമിൽ എഴുതി ഡയറക്ടറുടെ ഒപ്പ്, സീൽ എന്നിവ വച്ച് ഓഫീസിൽ ഏല്പിക്കണം.

**2 കെ.എൽ.എം. മികച്ച പ്രവർത്തന നോമിനേഷനുകൾ...**

അതിരൂപത തലത്തിൽ കെ.എൽ.എം. ന്റെ മികച്ച പ്രവർത്തകനായും, പ്രവർത്തകയായും യൂണിറ്റുകൾ നിർദ്ദേശിക്കുന്ന വ്യക്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ ഓഫീസിൽ നിന്നും ലഭിക്കുന്ന പ്രത്യേക ഫോമിൽ എഴുതി സെക്രട്ടറി, ഡയറക്ടർ എന്നിവരുടെ ഒപ്പ്, സീൽ എന്നിവ വച്ച് അതിരൂപത ഓഫീസിൽ ഏല്പിക്കണം. അതുപോലെതന്നെ മികച്ച യൂണിറ്റായും, മേഖലയായും തിരഞ്ഞെടുക്കപ്പെടുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ അതാതു സമിതികളുടെ ഭാരവാഹികൾ നിർദിഷ്ഠ ഫോമിൽ ഡയറക്ടറുടെ ഒപ്പ്, സീൽ എന്നിവ വച്ച് ഓഫീസിൽ ഏല്പിക്കണം. എല്ലാ നിർദേശങ്ങളും അതാതു ഫോമുകളിൽ 2018 നവംബർ 30 നു മുമ്പായി സമർപ്പിക്കണം. 2018 ഡിസംബർ വരെ 25/50 വർഷങ്ങൾ തുടർച്ചയായി അംഗത്വം പുതുക്കിവരുന്നവരുടെ പേരുകളും 2018 നവംബർ 30 നു മുമ്പായി അതിരൂപത കെ.എൽ.എം. ഓഫീസിൽ സമർപ്പിക്കണം.

3. **കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ജില്ല സമ്മേളനം**

അസംഘടിതരായ തൊഴിലാളികൾ ഇന്നത്തെ കാലഘട്ടത്തിൽ സംഘടിച്ചു ശക്തരാകേണ്ടതിന്റെ ആവശ്യകതയേയും പ്രാധാന്യത്തേയും സംബന്ധിച്ചും സർക്കാരിന്റെ സത്വരശ്രദ്ധ പതിയേണ്ടി വരുന്ന വിഷയങ്ങളെകുറിച്ചും ചർച്ച ചെയ്യുന്നതിനു വേണ്ടി സംഘടന പ്രതിനിധികളേയും സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയന്റെ യൂണിറ്റുഭാരവാഹികളേയും തൊഴിലാളികളേയും ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു. കേരള ലേബർ മൂവ്മെന്റ് - അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് ട്രെയ്ഡ് യൂണിയൻസ് അലയൻസിന്റെയും, സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയന്റെയും നേതൃത്വത്തിൽ 2018 സെപ്തംബർ 16–ാം തിയ്യതി ഞായറാഴ്ച്ച ഉച്ചയ്ക്ക് ശേഷം 2.30ന് തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ വെച്ച് കെട്ടിട നിർമ്മാണ മേഖലയിലെ തൊഴിലാളികളുടെ ജില്ല സമ്മേളനം നടത്തപ്പെടുന്നു. എസ്.എൻ.ടി.യു. ജില്ല പ്രസിഡന്റ് ശ്രീ. സി.സി. ജോസിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്ന സമ്മേളനം ആദരണീയനായ ബഹു. എം.എൽ.എ ശ്രീ. അനിൽ അക്കര ഉദ്ഘാടനം ചെയ്യുന്നു. മുൻ എം.പി. ശ്രീ. തമ്പാൻ തോമസ് മുഖ്യ പ്രഭാഷണം നടത്തുകയും കെ.എൽ.എം, യു.ടി.എ, എസ്.എൻ.ടി.യു എന്നിവയുടെ സംസ്ഥാന, ജില്ല നേതാക്കൾ പങ്കെടുത്ത് സംസാരിക്കുകയും ചെയ്യുന്നു. എല്ലാ നിർമ്മാണ തൊഴിലാളികളും സമ്മേളനത്തിന് എത്തിച്ചേരണമെന്നും വമ്പിച്ച വിജയമാക്കി തീർക്കണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

4. **തൊഴിൽ ശില്പശാല - സെപ്തംബർ 30, ഞായർ**

കെ.എൽ.എം. അതിരൂപതതലത്തിൽ വടക്കാഞ്ചേരി മേഖലയിൽ കുണ്ടന്നൂർ ഇടവക യൂണിറ്റൽ സംഘടിപ്പിക്കുന്ന തൊഴിൽ ശില്പശാല കാർഷിക ചിന്തകളും കർഷകതൊഴിലാളികളും അവരുടെ സംഘാടനവും എന്ന വിഷയം ചർച്ച ചെയ്യുന്നു. രാവിലെ 10.30 ന് വി. കുർബാനയോടുകൂടി ശില്പശാലയുടെ പരിപാടികൾ ആരംഭിക്കുന്നു. പങ്കെടുക്കുവാൻ സാധിക്കുന്ന കർഷക തൊഴിലാളികൾ എല്ലാവരും സംബന്ധിക്കുവാൻ പരിശ്രമിക്കണം.

5. **ഭാരവാഹികൾക്ക് പരിശീലനം, 2018 ഡിസംബർ 16 ഞായർ, കാൽവരി**

കേരള ലേബർ മൂവ്മെന്റിന്റെ യൂണിറ്റുകളിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭാരവാഹികൾക്ക് സംഘടനയെ സംബന്ധിച്ചും, സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങൾ വിലയിരുത്തി അസംഘടിത തൊഴിലാളികൾക്കായി ഇടവകകളിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വാർഷിക കർമപരിപാടികൾ തയ്യാറാക്കുന്നതിനും ആവശ്യമായ പരിശീലനം 2018 ഡിസംബർ 9 ഞായറാഴ്ച രാവിലെ 10 തുടങ്ങി വൈകുന്നേരം 4 വരെ അരണാട്ടുകര കാൽവരി

ആശ്രമത്തിൽ സംഘടിപ്പിച്ചിരിക്കുന്നു. പുതിയതായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭാരവാഹികൾ എല്ലാവരും ഈ പരിശീലന പരിപാടിയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**6. കെ.എൽ.എം. അതിരൂപത വാർഷിക ജനറൽ ബോഡി**

കെ.എൽ.എം. അതിരൂപത വാർഷിക ജനറൽ ബോഡി യോഗം 2018 ഡിസംബർ 16 ഞായറാഴ്ച രാവിലെ 11 മണിക്ക് പേരാമംഗലം പള്ളിഹാളിൽ സംഘടിപ്പിക്കുന്നു. 2017-2018 കാലഘട്ടത്തിലെ അതിരൂപത ജനറൽ ബോഡി അംഗങ്ങൾ ഈ യോഗത്തിൽ സംബന്ധിക്കേണ്ടതാണ്. ഈ യോഗത്തിൽവച്ച് വാർഷിക റിപ്പോർട്ടും, കണക്കും വായിക്കുന്നതും, കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയരുത്തുന്നതുമാണ്. തുടർന്ന് ഉച്ചക്ക് 12.00ന് പുതിയതായി തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകളുടെ പ്രസിഡന്റുമാർ, മേഖലകളുടെ പ്രസിഡന്റുമാർ, അതിരൂപത കൗൺസിലർമാർ എന്നിവരുടെ യോഗവും 2019-2020 വർഷങ്ങളിലേക്കുള്ള അതിരൂപത നിർവാഹകസമിതിയുടെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടക്കുന്നു. ഉച്ചക്കുശേഷം 02.00 മണിക്ക് അഭിവന്ദ്യ പിതാക്കൻമാരും, കെ. എൽ. എം. സംസ്ഥാന, ജില്ല നേതാക്കളും പങ്കെടുക്കുന്ന തൊഴിലാളി പ്രവർത്തകരുടെ പൊതുസമ്മേളനവും നടക്കുന്നതാണ്.

**ഫാ. ജോർജ് നിരപ്പുകാലായിൽ**
ഡയറക്ടർ

**ജോസ് മാടാനി**
പ്രസിഡന്റ്

**മോളി ജോബി**
ജന. സെക്രട്ടറി

## മദ്യ വിരുദ്ധ സമിതി




**1. മദ്യവിരുദ്ധ മേഖലാ സമ്മേളനങ്ങൾ**

കേരളത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ സകലതിന്മകളുടെയും മുഖ്യകാരണം മദ്യവും മയക്കുമരുന്നുമാണെന്ന് നമുക്കറിയാമല്ലോ. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യപാനാസക്തിയും സർക്കാരിന്റെ ലഹരിപ്രചാരക നിയമഭേദഗതികളും ചേർന്ന് നമ്മുടെ സംസ്ക്കാരത്തെ നശിപ്പിക്കുന്നു, വ്യക്തികളെ രോഗികളും ദ്രോഹികളുമാക്കുന്നു, കുടുംബ

ങ്ങളെ തകർക്കുന്നു. ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കേണ്ട ഭരണ കൂടം ഏറ്റവും വലിയ മദ്യവ്യാപാരിയായി അധഃപതിച്ചിരിക്കുകയാണ്. മദ്യാധിപത്യത്തിനെതിരെ പടപൊരുതി, മദ്യവിമുക്ത സഭയും സമൂഹവും കെട്ടിപ്പടുക്കുന്നതിനു രണ്ടു പതിറ്റാണ്ടിലേറെയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ഒക്ടോബർ രണ്ടിലെ വാർഷിക ചടങ്ങുകൾക്ക് അണികളെ ഉണർത്തുന്നതിന്റെ ഭാഗമായി നാല് മേഖലാസമ്മേളനങ്ങൾ സംഘടിപ്പിച്ചു.

1. **തെക്കൻ മേഖല സമ്മേളനം**

09.09.2018 ഞായർ 10.30 AM – ഒല്ലൂർ പള്ളിഹാളിൽ

**ഉദ്ഘാടനം : ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
**അദ്ധ്യക്ഷൻ : സി. ഡി. ജോസ്**
**പ്രഭാഷണം : റപ്പായി മേച്ചേരി**

2. **മദ്ധ്യ മേഖല സമ്മേളനം**

09.09.2018 ഞായർ 2 PM – പുത്തൻപ്പള്ളി മാതാ നികേതൻ ഹാളിൽ

**ഉദ്ഘാടനം : വെരി റവ. ഫാ. ജോർജ്ജ് എടക്കളത്തൂർ**
**അദ്ധ്യക്ഷൻ : ഫാ. ഇഗ്നേഷ്യസ് നന്തിക്കര**
**പ്രഭാഷണം : എം. കെ. ബാബു**

3. **വടക്കൻ മേഖല സമ്മേളനം**

16.9.2018 ഞായർ 10.30 AM - വടക്കാഞ്ചേരി സെന്റ് പയസ് സ്കൂളിൽ

**ഉദ്ഘാടനം : റവ. ഫാ. ജോജു പനക്കൽ**
**അദ്ധ്യക്ഷൻ : ഫ്രാൻസീസ് തേർമഠം**
**പ്രഭാഷണം : ജോസ് ചെമ്പിശ്ശേരി**

4. **പടിഞ്ഞാറൻ മേഖല സമ്മേളനം**

16.9.2018 ഞായർ 2 PM - അഞ്ഞൂർ സെ.ഫ്രാൻസീസ് സേവ്യർ പള്ളി ഹാളിൽ

**ഉദ്ഘാടനം : വെരി റവ. ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**
**അദ്ധ്യക്ഷൻ : റവ. ഫാ. ഡേവീസ് ചക്കാലക്കൽ**
**പ്രഭാഷണം : റവ. സി. റോസ്‌ലിൻ എഫ്.സി.സി.**

**2. ഡയറക്ടേഴ്സ് മീറ്റ്**

മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങളിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നവരാണ് ഇടവകയിലെ വികാരിമാർ അഥവാ യൂണിറ്റ് ഡയറക്ടർമാർ. അവരുടെ മാർഗ നിർദ്ദേശങ്ങളും സഹായസഹകരണങ്ങളും കൂടാതെ സംഘടനയ്ക്ക് നിലനില്ക്കാനോ പുരോഗമിക്കാനോ കഴിയു

കയില്ല. മദ്യവിരുദ്ധ പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി ബഹു. അച്ചന്മാരുടെ അഭിപ്രായങ്ങൾ ആരായുന്നതിനും പങ്കുവയ്ക്കുന്നതിനും വേണ്ടി തൃശ്ശൂർ പാസ്റ്ററൽ സെന്ററിൽ ഒരു സ്നേഹസദസ് സംഘടിപ്പിക്കുകയുണ്ടായി. 2018 സെപ്തംബർ 12 ബുധനാഴ്ച കാലത്ത് 10.30ന് സംഘടനയുടെ അതിരൂപതാ ഓഫീസിൽ വികാരി ജനറാൾ മോൺ. ജോർജ് കോമ്പാറ ഈ ഒത്തുചേരൽ ഉദ്ഘാടനം ചെയ്തു. മുൻ അതിരൂപതാ ഡയറക്ടർ റവ. ഫാ. ഡേവീസ് ചക്കാലക്കൽ ചർച്ചകൾക്ക് നേതൃത്വം നൽകി. മുൻ ഡയറക്ടർമാരായ ഫാ. ജോജു പനക്കൽ, NEST ഡയറക്ടർ ഫാ. ജോർജ്ജ് നിരപ്പുകാലയിൽ തുടങ്ങി 12 വൈദികർ പങ്കെടുത്തു.

**3. 21–ാം വാർഷിക ആഘോഷം**

മദ്യവിരുദ്ധ സമിതിയുടെ 21–ാം വാർഷിക ആഘോഷം 2018 ഒക്ടോബർ 2 ന് തൃശ്ശൂർ പുത്തൻപള്ളിയിൽ കാലത്ത് 10 മണിക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്യുന്നതാണ്. Human Rights Orgainization State President ശ്രീ. സേയ്ദ് മുഹമ്മദ് മുഖ്യ പ്രഭാഷണം നിർവഹിക്കും

ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, പ്രോഗ്രാം കൺവീനർ ജോസ് ചെമ്പിശ്ശേരി, പ്രസിഡണ്ട് എം.കെ ബാബു, സെക്രട്ടറി റപ്പായി മേച്ചേരി, ട്രഷറർ ജോസ് വേലൂക്കാരൻ, പി.ആർ.ഒ ഹിറ്റ്ലസ് ചാക്കുണ്ണി തുടങ്ങിയവർ നേതൃത്വം നൽകുന്നു.

**ശ്രീ. ഹിറ്റ്ലസ് ചാക്കുണ്ണി**
പി. ആർ. ഒ.

**ഫാ. ദേവസി പന്തലൂക്കാരൻ**
ഡയറക്ടർ



"എല്ലാ കുടുംബങ്ങളിലും ദൈവാനുഗ്രഹം വർഷിക്കപ്പെടട്ടെ! അങ്ങനെ അവ സ്നേഹത്തിന്റെയും ക്ഷമയുടെയും ഉറവിടങ്ങളാകട്ടെ."

**പോപ്പ് ഫ്രാൻസീസ്**

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)



**സമാധാനവും സൗഭാഗ്യവും**

തൃശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ എക്സിക്യൂട്ടീവ് യോഗം 2.9.2018 ഞായറാഴ്ച വടക്കാഞ്ചേരി ARC യിൽ വെച്ച് ഉച്ച കഴിഞ്ഞ് 3 മണിക്ക് കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. ഡയറക്ടർ ഫാ. ഷിന്റോ ഞർളേലി മുഖ്യ പ്രഭാഷണം നടത്തി. ഒക്ടോബർ 4 ന് വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ എല്ലാ യൂണിറ്റുകളിലും ഭക്തിപൂർവ്വം ആഘോഷിക്കുവാൻ തീരുമാനിച്ചു. റീജിയൺ തലത്തിലുള്ള തിരുനാൾ നവംബർ മാസത്തിൽ നടത്തുവാൻ തീരുമാനിച്ചു. പ്രളയ കെടുതി അനുഭവിച്ച മേഖലകളിൽ സാമ്പത്തികമായും വീടുകൾ വൃത്തിയാക്കുവാനും സഹകരിച്ച എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തി. തുടർന്നും അതിരൂപതയുടെ നേതൃത്വത്തിലുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളോട് സഹകരിച്ചു പോകുവാനും തീരുമാനിച്ചു. ഒക്ടോബർ അവസാനം കറുകുറ്റിയിൽ വെച്ച് നടക്കുന്ന നാഷണൽ ഇലക്ഷൻ ചാപ്റ്ററിൽ 5 റീജിയൺ പ്രസിഡണ്ടുമാരും പങ്കെടുക്കുവാൻ തീരുമാനിച്ചു.

| റവ. ഫാ. ഷിന്റോ ഞർളേലി OFM. Cap. | സണ്ണി വടക്കൻ | പി.ഐ. സൈമൺ |
|---|---|---|
| ഡയറക്ടർ | പ്രസിഡന്റ് | സെക്രട്ടറി |

# ആർച്ച്ബിഷപ്സ് ഹൗസും ദുരിതാശ്വാസ കേന്ദ്രമായി















Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.09.2018
**October-2018**

# SAVE THRISSUR



അതിരൂപത നടപ്പാക്കുന്ന "സേവ് തൃശൂർ" പദ്ധതിയിലെ
മൊബൈൽ സൗജന്യ ചികിൽസാ ക്ലിനിക്കുകളുടെ ഉദ്ഘാടനം

Edited, Printed & Published by Dr. Francis Aloor, Catholic Archbishop's House, Thrissur, Kerala, India- 680 005
*Printed at* : St. Mary's Orphanage Press, Madona Nagar, Kachery -680 005